**സബ്മിഷൻസ്**

**അനധികൃത കരിമണൽ ഖനനവും കള്ളക്കടത്തും**

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ കടൽത്തീരങ്ങളിൽ വ്യാപകമായി കരിമണൽ കള്ളക്കടത്ത് നടക്കുകയാണ്. പാവപ്പെട്ട തൊഴിലാളികളെ ഉപയോഗിച്ച് ലോറിയിലും വള്ളത്തിലും മണൽ കൊണ്ടുവന്ന് തമിഴ്നാട്ടിലേയ്ക്ക് കടത്തുന്ന ഒരു വൻ ലോബിയാണ് ഇതിനുപിന്നിൽ. കേരള തീരത്തുള്ള ഏറ്റവും മികച്ച ക്യൂ-ഗ്രേഡ് കരിമണലാണ് കടത്തിക്കൊണ്ടു പോകുന്നത്. കരിമണലിൽ അടങ്ങിയിട്ടുള്ള ആണവ മൂലകങ്ങളായ മോണോസൈറ്റ്, തോറിയം, സിർക്കോണിയം തുടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുത്ത് അന്യരാജ്യങ്ങളിലേയ്ക്ക് കടത്തുന്ന തമിഴ്നാട്ടിലെ വി.വി. മിനറൽസാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. കരിമണൽ കള്ളക്കടത്തിലൂടെ 50,000 കോടി രൂപയുടെ നഷ്ടം കേരളത്തിനുണ്ടായിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് പ്രതിപക്ഷം ഇക്കാര്യം നിയമസഭയിൽ ഉന്നയിച്ചതിനെത്തുടർന്ന് എ.ഡി.ജി.പി. വിൻസൺ എം. പോളിന്റെ നേതൃത്വത്തിൽ പ്രത്യേക ക്രൈംബ്രാഞ്ച് സംഘത്തെകൊണ്ട് അന്വേഷണം നടത്താൻ തീരുമാനിച്ചു. തമിഴ്നാടുമായി ബന്ധപ്പെട്ട അന്വേഷണമായതിനാൽ ഫലപ്രദമായി അന്വേഷണം നടത്തുന്നതിന് കഴിഞ്ഞിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. തമിഴ്നാട്ടിലെ പോലീസ് ഉദ്യോഗസ്ഥന്മാരുടെ നിസ്സഹകരണവും ഇതിനൊരു കാരണമാണ്. പോലീസിന് തമിഴ്നാട്ടിലെ വി.വി. മിനറൽസിന്റെ ഉടമയെക്കണ്ട് ചോദ്യം ചെയ്യാൻപോലും കഴിഞ്ഞിട്ടില്ല. രണ്ട് സംസ്ഥാനങ്ങളിൽപ്പെട്ട കുറ്റവാളികൾ ഉൾപ്പെട്ട കേസ്സായതിനാൽ കേരളത്തിന് വൻ നഷ്ടം വരുത്തിയ കരിമണൽ കള്ളക്കടത്ത്

സംബന്ധിച്ച് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കരിമണൽ കള്ളക്കടത്ത് തടയാൻ വേണ്ടി ഒട്ടേറെ ഫലപ്രദമായ നടപടികൾ ഈ അടുത്ത കാലത്ത് ഗവൺമെന്റ് എടുക്കുകയുണ്ടായി. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത്. ആഭ്യന്തര വകുപ്പിന്റെ 28-10-2013 ലെ ഉത്തരവ് അനുസരിച്ച് കൊല്ലം, ആലപ്പുഴ ജില്ലകളിലെ അനധികൃത കരിമണൽ കടത്തിനെ ക്രൈംബ്രാഞ്ച് വിഭാഗത്തിലുള്ള ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘം, കരിമണൽ കടത്ത് തടയാൻ വേണ്ടിയുള്ള നടപടികൾ എടുത്തു. ആ സംഘം വളരെ ഫലപ്രദമായി പ്രവർത്തിച്ച് എല്ലായിടത്തും പോലീസ് പിക്കറ്റെടുത്ത് വളരെ സ്ട്രോംങായതുകൊണ്ട് ഇപ്പോൾ കരിമണൽ കള്ളക്കടത്ത് അവിടെയിപ്പോ നടക്കുന്നില്ലായെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് ഒട്ടേറെ കേസുകൾ ഉണ്ട്. മാത്രമല്ല, ഈ പറഞ്ഞ തമിഴ്നാട്ടിലുള്ള കള്ളക്കടത്ത് കമ്പനി അധികൃതർക്കെതിരായി അവിടുത്തെ ഗവൺമെന്റും വളരെ ശക്തമായ നടപടിയെടുക്കുകയും ഉടമ ജയിലിൽ ആകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യങ്ങൾ വളരെ കർശനമായ നിലയിൽ ഗവൺമെന്റ് നോക്കുന്നുണ്ട്. കള്ളക്കടത്തിനെതിരായുള്ള വളരെ ഫലപ്രദമായ നടപടികൾ എടുക്കും. കേസുകൾ സി.ബി.ഐ. അന്വേഷിക്കണമെന്നുള്ളത് ആലോചിക്കേണ്ട വിഷയമാണ്. ആഭ്യന്തര വകുപ്പുമായി ചർച്ച ചെയ്ത് അതിന്റെ കാര്യങ്ങളെന്താണെന്നുള്ളത് നോക്കാം.

**<u>ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സർക്കുലർ റദ്ദാക്കൽ</u>**

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, വളരെ അടിയന്തര സ്വഭാവമുള്ള ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. തീരദേശപരിപാലന നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഹൈക്കോടതിയും ശാസ്ത്രസാങ്കേതിക വകുപ്പിനോട് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി അടിയന്തരമായി ഒഴിപ്പിക്കാനും തീരദേശങ്ങളിൽ ഡിമാർക്കേഷൻ വേണമെന്നൊക്കെ പറഞ്ഞ് നിർദ്ദേശം കൊടുക്കുകയുമുണ്ടായി. അതിന്റെ വെളിച്ചത്തിൽ ശാസ്ത്രസാങ്കേതിക വകുപ്പ് 14-11-2013-ൽ 1773/എ2/2013-ാം നമ്പർ പ്രകാരം നിർദ്ദേശം കൊടുക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 26/11/2013-ൽ കേരളത്തിലെ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും അടിയന്തരമായി ചില നടപടികളെടുക്കണമെന്ന് സർക്കുലർ അയച്ചിരിക്കുകയാണ്. വളരെയധികം അപകടത്തിലേയ്ക്കാണ് ഈ കാര്യങ്ങൾ പോകുന്നത്. അതിൽ ഒന്നാമത്തെ കാര്യം പറഞ്ഞിരിക്കുന്നത്, സി.ആർ.ഇസഡ് ലംഘിച്ച് 1991-നുശേഷം നിർമ്മാണം നടത്തിയ എല്ലാ അനധികൃത നിർമ്മാണത്തിനെതിരായും നടപടി സ്വീകരിക്കണമെന്നാണ്. 1991-നുശേഷം തീരദേശത്തുള്ള തദ്ദേശവാസികളിൽ മത്സ്യബന്ധനത്തൊഴിലാളികളും അല്ലാത്തവരുമായ ധാരാളം ആളുകൾ വീടുകൾ വച്ചിട്ടുണ്ട്. അതൊക്കെ പൊളിക്കുക എന്നത് സാധ്യമായ കാര്യമല്ല. ഇതിലുള്ള മറ്റൊരു പ്രശ്നം, ഇതുസംബന്ധിച്ച് ഒരു മേപ്പ് ഉണ്ടാക്കാൻ പറഞ്ഞിരിക്കുന്നു. ആ മേപ്പിന്റെ അടിസ്ഥാനത്തിൽ 200 മീറ്റർ ലൈനും 500 മീറ്റർ ലൈനും കാണിക്കത്തക്കരീതിയിൽ 2 വ്യത്യസ്ത തലങ്ങളോടുകൂടിയ ബൗണ്ടറി സ്റ്റോൺ കുഴിച്ചിടാൻ പറയുന്നതും നട

ക്കുന്ന കാര്യമല്ല. അതുകൊണ്ട് അടിയന്തിരമായി ഈ രണ്ട് സർക്കുലറും പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ തീരദേശ നിയമത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാക്കാൻ ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (<u>ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ പ്രശ്നം വളരെ ഗൗരവമായിട്ടുള്ളതാണ്. ഈ വിഷയം മിനിഞ്ഞാന്ന് സബ്മിഷനായും ഇന്നലെ അടിയന്തര പ്രമേയമായും ഇന്ന് വീണ്ടും സബ്മിഷനായും അവതരിപ്പിച്ചിരിക്കുകയാണ്. ഇന്നലത്തെ അടിയന്തരപ്രമേയത്തിൽ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും വന്ന അഭിപ്രായങ്ങൾ, അതിനെത്തുടർന്നുള്ള ചർച്ചകളൊക്കെ മനസ്സിലാക്കാൻ സാധിച്ചു. ഇക്കാര്യം ഇന്നലെ മന്ത്രിസഭയിലെ സഹപ്രവർത്തകരുമായി ചർച്ച ചെയ്തതിനുശേഷം ഇതുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരെയും വിളിച്ചുകൂട്ടി. ഇത് ഉണ്ടാക്കിയിട്ടുള്ള ആശങ്ക പൂർണ്ണമായും ഒഴിവാക്കേണ്ടതാണ് എന്ന് ഗവൺമെന്റ് കരുതുന്നു. കസ്തൂരിരംഗൻ റിപ്പോർട്ട് വന്ന സമയത്ത് മലയോരപ്രദേശത്ത് ഉണ്ടായതുപോലെ തന്നെയാണ് ഈ കടലോര-കായലോര പ്രദേശങ്ങളിലും വലിയ വികാരമുണ്ടായത്. അതിൽ കുറെ പ്രായോഗിക ബുദ്ധിമുട്ടുകളുമുണ്ടായിട്ടുണ്ട്. ഇന്നലെ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ബന്ധപ്പെട്ട ഏജൻസികളായ കേന്ദ്ര ഗവൺമെന്റിനോടും അംഗീകാരം നൽകേണ്ട സമിതികളോടും ശുപാർശ ചെയ്ത് മാറ്റങ്ങൾ വരുത്താനുള്ള ഒൻപതിന തീരുമാനമെടുത്തു. ആ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

<u>ശ്രീ. പി.കെ. ഗുരുദാസൻ</u>: സർ, വെറ്റ്ലാന്റിന്റെ കാര്യം കൂടി പരിഗണിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: വെറ്റ്ലാന്റിന്റെ കാര്യം പരിഗണിക്കാം. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഒന്നുരണ്ട് ഉത്തരവുകളുടെ കാര്യം ഇവിടെ പറഞ്ഞു. 3 ഉത്തരവുകളാണ് ഇപ്പോൾ വിവാദമായി വന്നത്. അവർ എന്തെങ്കിലും തെറ്റ് ചെയ്തുവെന്ന് ഞാൻ പറയുന്നില്ല. കാരണം, കേന്ദ്ര ഗവൺമെന്റിന്റെയും കോടതികളുടെയും വ്യക്തമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഡിപ്പാർട്ടുമെന്റുകൾ നടപടിയെടുത്തത്. പക്ഷേ അത് ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ശാസ്ത്രസാങ്കേതിക വകുപ്പിന്റെ 26–01–2013–ലെയും 16–11–13–ലെയും ഉത്തരവുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26–11–13–ലെ ഉത്തരവ് – എന്നിവ നടപ്പിലാക്കേണ്ടതില്ല എന്നുള്ള ഡയറക്ഷൻ കൊടുക്കുകയാണ്. രണ്ടാമതായി കടലോര – കായലോര – പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി വസിക്കുന്നവർക്ക് വീട്, ടോയ്ലറ്റ്, മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ എന്നിവ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കും. മൂന്നാമതായി, പരമ്പരാഗത തീരദേശവാസികളുടെ വാസകേന്ദ്രങ്ങൾ നവീകരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും നിലവിൽ അനുവാദമുണ്ട്. തീരപ്രദേശത്ത് വസിക്കുന്ന തദ്ദേശവാസികൾക്ക് കുടുംബസ്വത്ത് ഭാഗിച്ച് കിട്ടുന്ന ഭൂമിയിൽ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അതിനുവേണ്ടി അനുമതി നൽകുന്നതാണ്. എന്നാൽ വാണിജ്യ–വ്യവസായ –ടൂറിസം പ്രവർത്തനങ്ങൾക്ക് ഈ മേഖലയിൽ അനുമതി നൽകാൻ പാടുള്ളതല്ല എന്ന നിലപാട് സംസ്ഥാന ഗവൺമെന്റ് വീണ്ടും ആവർത്തിക്കുന്നു. തീരദേശ തദ്ദേ

ശവാസികൾ സ്വന്തം വാസഗൃഹം നിർമ്മിക്കാൻ മാത്രമായി വാങ്ങുന്ന സ്ഥലങ്ങളിൽ 100 ചതുരശ്ര മീറ്റർ കൂടാതെ നിബന്ധനകൾക്ക് വിധേയമായി വീട് വയ്ക്കാൻ അനുവദിക്കുന്നതാണ്. നാലാമതായി, പൊക്കാളി പാടശേഖരങ്ങളുടെ കരഭാഗം തദ്ദേശവാസികളുടെ വാസഗൃഹ നിർമ്മാണത്തിനായി തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 10 മീറ്റർ വീതിക്ക് താഴെയുള്ള തോടുകളുടെ കരയിലേയ്ക്കുള്ള പ്രദേശവും തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ആറാമതായി, കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളുടെ തീരത്തെ തീരദേശനിയന്ത്രണ മേഖല നിലവിലുള്ള 100 മീറ്ററിൽ നിന്ന് 50 മീറ്ററായി ചുരുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടും. ഇത് ലക്ഷദ്വീപിലൊക്കെ അനുവദിച്ചിട്ടുള്ള ഒരു ആനുകൂല്യമാണ്. ഏഴാമതായി, തദ്ദേശവാസികളുടെ ഭവനം പുനർനിർമ്മിക്കുമ്പോൾ നിലവിലുള്ള തറ വിസ്തീർണ്ണത്തിന് അനുപാതമായി മാത്രം പുനർനിർമ്മിക്കാമെന്നുള്ളത് 100 ചതുരശ്ര അടി തറ വിസ്തീർണ്ണം വരെ എന്നാക്കാൻ ശുപാർശ ചെയ്യാൻ തീരുമാനിച്ചു. ഇന്നുള്ള അതേ വിസ്തീർണ്ണത്തിൽ മാത്രമേ ചെയ്യാവൂ എന്ന് വ്യവസ്ഥയുണ്ട്. അത് മാറ്റി 100 ചതുരശ്ര അടി എന്നാക്കിയിട്ടുണ്ട്. കായൽ ദ്വീപുകൾ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്ത് തദ്ദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവാദം നൽകേണ്ടതാണ്. ഒൻപതാമതായി, മേൽപ്പറഞ്ഞ ഇളവുകൾ തദ്ദേശവാസികൾക്ക് മാത്രമായി നിജപ്പെടുത്തുകയും യാതൊരു കാരണവശാലും വാണിജ്യ-വ്യവസായ-ടൂറിസം മേഖലയ്ക്ക് അനുവദനീയമല്ലാത്തതുമാകു

ന്നു. വാണിജ്യ-വ്യവസായ-ടൂറിസം മേഖലയ്ക്ക് നമ്മൾ എതിരല്ല. അതൊക്കെ വേണമെന്നുള്ളതാണ് അഭിപ്രായം. പക്ഷേ, അതിന് നിയമപ്രകാരമുള്ള വ്യവസ്ഥകളൊക്കെ പാലിച്ചായിരിക്കണം ഈ നിബന്ധനകളിൽ കുറവ് വരുത്തുന്നത്. തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗതമായി തീരപ്രദേശത്ത് താമസിക്കുന്നവർക്കും മാത്രമായി ചുരുക്കുമ്പോൾ ഇന്ന് ആ പ്രദേശത്തുണ്ടാക്കിയിട്ടുള്ള ആശങ്കകളും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ ഇടയാക്കുമെന്നാണ് വിശ്വസിക്കുന്നത്. ഞാൻ ഈ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇത് വിതരണം ചെയ്യുന്നത് കുറെ പ്രയോജനം ചെയ്യുമെന്ന് കരുതുന്നു.

മി. ചെയർമാൻ: ശ്രീ. പി.കെ ഗുരുദാസൻ സൂചിപ്പിച്ച വെറ്റ്ലാന്റ് ഒഴിവാക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, സി.ആർ.ഇസഡ്, സെൻട്രൽ ആക്ട് ഇപ്പോൾ നിലവിലുണ്ടല്ലോ; ആ ആക്ട് ഭേദഗതി ചെയ്യാതെ സ്റ്റേറ്റിൽ ഇത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കും?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സംസ്ഥാന ഗവൺമെന്റ് ഈ ആവശ്യങ്ങൾ 100 ശതമാനം ന്യായമാണെന്ന് കരുതുന്നു. നമ്മൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇത് അംഗീകരിക്കുന്നു. അങ്ങനെ വരുന്ന സാഹചര്യത്തിൽ അത് നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിക്കും. അത് ചെയ്തിരിക്കും. പക്ഷേ പ്രതിപക്ഷാംഗങ്ങൾ കൂടി ഇക്കൂട്ടത്തിലുണ്ടാകണം. ഭേദഗതി വേണമെങ്കിൽ വരുത്തണം. ശ്രീ. പി.കെ. ഗുരുദാസൻ വെറ്റ്ലാന്റിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. അതിനും ചില കാര്യങ്ങൾ ഇതുപോലെ വേണ്ടി വരും. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞല്ലോ, മലയോരപ്രദേശങ്ങളിൽ

കസ്തൂരി രംഗൻ, കായലോര-കടലോര പ്രദേശത്ത് സി.ആർ.ഇസഡ്., ഇടയ്ക്കുള്ള സ്ഥലത്ത് വെറ്റ്ലാന്റ് - ഇത് മൂന്നും കൂടെ വന്നുകഴിയുമ്പോഴേയ്ക്ക് പിന്നെ ഒന്നും നടക്കില്ല. അതുകൊണ്ട് പ്രായോഗികമായ ഒരു സമീപനം, പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് ഈ 3 കാര്യങ്ങളിലും മാറ്റം വേണമെന്നുള്ളതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ സ്വീകരിച്ച നിലപാടുകൾ എല്ലാവർക്കുമറിയാം. ഇപ്പോൾ സി.ആർ.ഇസഡ്-ന്റെ കാര്യത്തിൽ സ്വീകരിച്ച നടപടികളാണ് ഇത്. ശ്രീ. പി.കെ. ഗുരുദാസൻ ഇവിടെ പറഞ്ഞ വെറ്റ്ലാന്റിന്റെ കാര്യത്തിലും ഇതുപോലെയുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കും.

**ശാസ്താംകോട്ട ശുദ്ധജലതടാക സംരക്ഷണം**

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കഴിഞ്ഞ 12 വർഷമായി ഇതേ സീറ്റിലിരുന്നാണ് ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തെക്കുറിച്ച് ഞാൻ സംസാരിക്കുന്നത്. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും ഇതേ സീറ്റ് തന്നെയാണ് എനിക്ക് കിട്ടാറുള്ളത്. ശാസ്താംകോട്ട തടാകത്തിന്റെ വിഷയം കഴിഞ്ഞ 12 വർഷമായി ഞാൻ ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഇവിടെ കരഞ്ഞുപറയുന്നതല്ലാതെ ഒരു ഫലവും കിട്ടുന്നില്ല. 2013 ജൂൺ മാസം 14-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശാസ്താംകോട്ട തടാകം കാണാൻ വരികയും അതിനുശേഷം ഞാനടക്കമുള്ള ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരുമായി അങ്ങ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുമെന്ന് പറഞ്ഞു. എന്റെ അറിവിൽ അത് സമർപ്പിച്ചിട്ടുണ്ട്. പക്ഷേ നാളിതുവരെയായി ഒരു നടപടിയും സ്വീകരിച്ചി

ട്ടില്ല. **കടപുഴ**യിൽ നിന്നും തടയണ കെട്ടി കൊല്ലത്തേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു പ്രോജക്ടും ചാമ്പക്കടവിൽ തടയണ കെട്ടി ചവറ-പന്മന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയും മണ്ണൊലിപ്പ് തടയുന്നതിന് സമഗ്രമായ പദ്ധതിയുമെല്ലാം ജലരേഖകളായി മാറുകയാണ്. 15 കോടി രൂപയുടെ മേജർ ഇറിഗേഷൻ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. അന്ന് മുഖ്യമന്ത്രി, ഒരു മാസം കഴിഞ്ഞ് റിവ്യൂ മീറ്റിംഗ് വിളിക്കണമെന്ന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. 8 മാസമായി, ഇതുവരെ ജില്ലാകളക്ടർ ഞങ്ങളെ വിളിച്ച് മീറ്റിംഗ് നടത്തിയിട്ടില്ല. ഈ വർഷമാണെങ്കിൽ കഠിനമായ ചൂടാണ്. ഇപ്പോൾ തടാകം ഏതാണ്ട് വറ്റി വരണ്ടുകൊണ്ടിരിക്കുകയാണ്. അടുത്ത ജൂണിനുമുമ്പ് എന്തെങ്കിലും ചെയ്തില്ലെങ്കിൽ ഈ തടാകം അന്യം നിന്നുപോകും. അതുപോലെ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കണം. ഫോറസ്റ്റുകാർ കുറച്ച് മരം വച്ചുപിടിപ്പിക്കാമെന്ന് പറഞ്ഞു. ഈ ചൂട് സമയത്ത് മരം വച്ചുപിടിപ്പിച്ചാൽ അത് കിളിർത്തുവരില്ല. അതുകൊണ്ട് ജൂൺമാസത്തിനുമുമ്പ്, അടുത്ത കാലവർഷത്തിനുമുമ്പ് സമഗ്രമായ ഈ മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുക്കണം. അങ്ങ് മിനിഞ്ഞാന്ന് (4.2.2014-ന്) ഈ നിയമസഭയിൽ ഒരു മീറ്റിംഗ് വിളിച്ചിരുന്നു. പക്ഷേ ഞാനിവിടെയുണ്ടായിരുന്നിട്ടും എന്നെ ആരും വിളിച്ചില്ല. എന്നെ ആരെങ്കിലും ഫോൺ ചെയ്ത് അറിയിച്ചിരുന്നുവെങ്കിൽ ഞാൻ വരുമായിരുന്നു. സ്ഥലത്തെ എം.എൽ.എ ഇല്ലാതെ അങ്ങ് മീറ്റിംഗ് വിളിച്ചു ചേർത്തത് തെറ്റായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. എന്നെ ആരെയെങ്കിലും വിട്ടുവിളിപ്പിച്ചിരുന്നുവെങ്കിൽ ഞാൻ ഉറപ്പായും പങ്കെടുക്കുമായിരുന്നു. ഇവിടെ ഇരിക്കുന്ന ഭരണകക്ഷി എം.എൽ.എ.-മാരായ ശ്രീ. ഹൈബി

ഈഡൻ, ശ്രീ. റ്റി. എൻ പ്രതാപൻ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ ഉൾപ്പെടെയുള്ളവർ ശാസ്താംകോട്ട തടാകം കാണാൻ വന്നു. നമ്മുടെ ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി അവിടെ വന്നപ്പോൾ എന്നെവിളിച്ചു, ഞാനും അദ്ദേഹത്തിനൊപ്പം അവിടെ പോയി. ഞാൻ ഈ പറ ഞ്ഞത് അദ്ദേഹത്തിന്റെകൂടി താൽപ്പര്യമാണ്. ഇക്കാര്യത്തിൽ കെ.പി.സി.സി. പ്രസിഡന്റ് വളരെ താൽപര്യമെടുത്തതുകൊണ്ടാണ് ഇപ്പോൾ ബഡ്ജറ്റിൽ 2 കോടി രൂപ വച്ചത്. അത് വളരെ സ്വാഗതാർഹമാണ്. ഞാൻ 12 വർഷമായി ഈ നിയമസഭയിൽ നിന്നു പറയുകയാണ്. ഇനി എങ്ങനെയാണ് ഞാൻ പറ യേണ്ടത്; ഇതിന്റെ പുറത്തുകയറിനിന്ന് പറയണമോ? അതുംവേണമെങ്കിൽ ചെയ്യാം. ശാസ്താംകോട്ട തടാകം സംരക്ഷിക്കാത്തതുകൊണ്ട് എന്റെ പല പരിപാടികളും മുടങ്ങിക്കിടക്കുകയാണ്. എന്റെ കല്യാണം പോലും മാറ്റി വച്ചി രിക്കുന്നത് അതുകൊണ്ടാണ്. ഞാൻ ഉള്ളത് തുറന്ന് പറയുകയാണ്. ഈ തടാകം സംരക്ഷിക്കേണ്ടത് എന്റെ മാത്രം ആവശ്യമല്ല, കേരളത്തിന്റെ പൊതു വായ ആവശ്യമാണ്. ഈ തടാകം സംരക്ഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോവൂർ കുഞ്ഞുമോന്റെ കല്യാണം നടക്കാതിരിക്കുന്നത് ശാസ്താംകോട്ട കായൽ സംരക്ഷിക്കാതിരി ക്കുന്നതിന്റെ പേരിലാണെങ്കിൽ 5 കൊല്ലം കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സാധിക്കാത്തത് ഈ പ്രാവശ്യം യു.ഡി.എഫ് സാധിച്ചുതരുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ആ കാര്യം ഞാൻ ഏറ്റു. ഞാൻ അവിടെ പോയി, എം.എൽ.എ-യും എം.പി.-യും ജനപ്രതിനിധികളുമെല്ലാവരും ചേർന്ന് വിശദമായ ചർച്ച നടത്തി. എന്തൊക്കെയാണ് അതിനുവേണ്ടി ചെയ്യേ

ണ്ടതെന്ന്, ജനങ്ങളുടെ അഭിപ്രായങ്ങളറിഞ്ഞ്, പരിപാടിക്ക് രൂപംകൊടുത്തു. ആ പരിപാടികളോരോന്നും അന്ന് ഉത്തരവാദിത്വം ഏൽപ്പിച്ചവർതന്നെ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടത്തി. ഇക്കാര്യത്തിൽ എന്തൊക്കെ നടന്നു എന്നറിയാൻവേണ്ടി കഴിഞ്ഞദിവസം ഞാൻ നേരിട്ട് ഒരു ചർച്ച നടത്തി. ആ സമയത്ത് ശ്രീ. കോവൂർ കുഞ്ഞുമോൻ അസംബ്ലിയിൽ ഉണ്ടെങ്കിൽ വിളിക്കാൻ പറഞ്ഞു. അപ്പോൾ അന്വേഷിച്ചുവന്ന ആൾ, താങ്കൾ ഇവിടെ ഇല്ല, എവിടെയാണെന്ന് അറിയില്ലെന്നും ഞങ്ങളോട് വന്ന് പറഞ്ഞു. പക്ഷേ ഞാൻ പറഞ്ഞാണ് ഇങ്ങനെ ഒരു മീറ്റിംഗ് ഇവിടെ കൂടിയ വിവരം അങ്ങ് അറിഞ്ഞത്. എന്തായാലും അതുസംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ എം.എൽ.എ. –യുടേയും എം.പി.–യുടേയുമൊക്കെ അഭിപ്രായത്തോടുകൂടിത്തന്നെ ഗവൺമെന്റ് നടപ്പിലാക്കും. ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് വളരെ താഴ്ന്നുവരികയാണ്. അതിന്റെ പ്രധാന കാരണം നമ്മൾ തടാകത്തിൽ നിന്നും എടുക്കുന്ന വെള്ളത്തിന്റെ അളവ് ആ തടാകത്തിന് താങ്ങാൻ പറ്റാതെ വന്നിരിക്കുന്നു. കൊല്ലം നഗരത്തിലേയ്ക്കുള്ള ശുദ്ധജലം ഈ തടാകത്തിൽ നിന്നാണ് എടുക്കുന്നത്. അതിനുപുറമേ അടുത്ത പഞ്ചായത്തുകളിലേയ്ക്കുള്ള വെള്ളംകൂടി ഇവിടെനിന്നും എടുക്കാൻ തുടങ്ങി. ഇത് രണ്ടും കൂടിയായപ്പോൾ ശാസ്താംകോട്ട തടാകത്തിന് താങ്ങാൻ പറ്റാത്ത സ്ഥിതി വന്നു. അതുകൊണ്ട് കൊല്ലം നഗരത്തിൽ വെള്ളമെത്തിക്കുന്നതിന് അഡീഷണൽ സോഴ്സുകളുണ്ടാക്കുക, കടപുഴയിൽ നിന്നും അതിനുള്ള സംവിധാനങ്ങളുണ്ടാക്കുക എന്നതാണ് ആദ്യമെടുത്ത തീരുമാനം കൂടുതൽ വെള്ളം തടാകത്തിലെത്തിക്കുക, പഞ്ചായത്തുകളിലേയ്ക്കും മറ്റും ശുദ്ധജലമെടുക്കുന്നതിന് മറ്റ് സോഴ്സുകൾ കണ്ടെത്തുക. അതിന് വാട്ടർ അതോറിറ്റിയെയാണ് ചുമതല

പ്പെടുത്തിയിട്ടുള്ളത്. അവർ അതിന്റെ സ്കീമുകൾ തയ്യാറാക്കിയിട്ടുണ്ട്. കടപുഴയിലും കോട്ടുകായലിലും തടയണകൾ നിർമ്മിക്കാൻ 56.5 കോടി രൂപയുടെ ഭരണാനുമതിക്കായി വാട്ടർ അതോറിറ്റി സർക്കാരിലേയ്ക്ക് ഫയൽ അയച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം കൂടിയ യോഗത്തിൽ എത്രയും പെട്ടെന്ന് അതിന് എ.എസ്. കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. രണ്ടാമത് അവിടുത്തെ മലിനീകരണം തടയുന്നതിന് പല വിധത്തിലുള്ള സ്കീമുകൾ, ശുചിത്വമിഷൻ അടക്കമുള്ളവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ഞങ്ങൾ റിവ്യൂ ചെയ്തു. ആ കാര്യങ്ങളും നടക്കുന്നുണ്ട്. അതുപോലെ വനവൽക്കരണം ഉൾപ്പെടെയുള്ള മറ്റുകാര്യങ്ങൾ അവിടെ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളുടെ സഹകരണം പൂർണ്ണമായി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഏതായാലും ഈ തടാകം സംരക്ഷിക്കുന്നതിന് ഗവൺമെന്റ് മുൻഗണന കൊടുക്കും.

പാനൽ ഓഫ് ചെയർമാൻ (ശ്രീ. പി. സി. വിഷ്ണുനാഥ്): ഈ തടാകം എന്റേയും തടാകമാണ്. ഞാൻ ആ തടാകത്തിന്റെ സമീപത്താണ് ജനിച്ചു വളർന്നത്. എന്റെ കല്യാണം നേരത്തേ നടന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: ചെങ്ങന്നൂരിൽ നിന്നും മാറിയതുകൊണ്ടാണ് അദ്ദേഹത്തിന്റെ കല്യാണം നേരത്തേ നടന്നതെന്നാണ് പറയുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻഗണന കൊടുത്ത് ഈ പരിപാടി നടപ്പിലാക്കും. ശ്രീ. കോവൂർ കുഞ്ഞുമോന്റെ മനസ്സിലെ താൽപ്പര്യം ഈ ഗവൺമെന്റ് സംരക്ഷിക്കും.

**ആദിവാസിയായ കരിന്തണ്ടന് സ്മാരകം**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, തിരുവമ്പാടി എം.എൽ.എ. ശ്രീ. സി. മോയിൻകുട്ടിയും ഞാനുംകൂടി ആലോചിച്ചതിനുശേഷമാണ് ഈ സബ്മിഷൻ സഭയിൽ ഉന്നയിക്കുന്നത്. കേരളത്തിലെ ചുരങ്ങളിൽ വച്ച് ഏറ്റവും മനോഹരവും അത്ഭുതം തോന്നുന്നതുമായ വയനാടൻചുരം വിനോദസഞ്ചാരികൾക്ക് ഏറെ ഇഷ്ടപ്പെടുന്നതുമാണ്. ഈ ചുരത്തിനെ താമരശ്ശേരി ചുരമെന്നും വയനാട് ചുരമെന്നും വിളിക്കാറുണ്ട്. ഈ ചുരം ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ചതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഈ ചുരം കണ്ടുപിടിച്ചത് ആദിവാസി വിഭാഗത്തിൽപ്പെട്ട പണിയസമുദായ ത്തിൽ ജനിച്ച കരിന്തണ്ടൻ എന്ന ആദിവാസിമൂപ്പനാണ്. ഇദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് വയനാടൻ ചുരത്തിന്റെ മുകൾഭാഗത്തെ ലക്കിടി എന്ന സ്ഥലത്ത് ചങ്ങലകൾ ബന്ധിപ്പിക്കപ്പെട്ട ഒരു കൊടിമരവും തറയുമാണ് കാണാൻ കഴി യുന്നത്. ഇടുക്കി ഡാം കണ്ടെത്തിയ എൻജിനീയർ എന്നറിയപ്പെടുന്ന കൊലു മ്പൻമൂപ്പന് സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി സർക്കാർ അനുമതി കൊടു ത്തിട്ടുണ്ട്. വയനാടൻ ചുരത്തിന് കരിന്തണ്ടൻ ചുരമെന്ന് നാമകരണം ചെയ്യു കയും ചുരം കണ്ടെത്തിയ കരിന്തണ്ടൻ എന്ന ആദിവാസിമൂപ്പന് ലക്കിടിയിൽ ഒരു സ്മാരകം നിർമ്മിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ സഭയിൽ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വയനാടൻ ചുരം പ്രകൃതിരമണീ യമായ ഒന്നാണ്. ഇതിന്റെ നിർമ്മിതിക്കുപിന്നിൽ പ്രവർത്തിച്ചത് ആദിവാസി യായ കരിന്തണ്ടനാണെന്നാണ് എല്ലാവരും വിശ്വസിക്കുന്നത്. അതുസംബ ന്ധിച്ച വളരെയേറെ കാര്യങ്ങൾ ഇന്ന് ആ പ്രദേശത്തെ ജനങ്ങളുടെയിടയിലും

സംസാരമുണ്ട്. ഈ റോഡിന്റെ സ്കെച്ചുണ്ടാക്കാൻ സാധിക്കാതെ ബ്രിട്ടീഷ് എഞ്ചിനീയർമാർ പകച്ചുനിന്ന സമയത്ത് അന്ന് അവർക്ക് മാർഗ്ഗദർശിയായി ഇത് കാണിച്ചുകൊടുത്തത് കരിന്തണ്ടനായിരുന്നു. അദ്ദേഹത്തെ അതു കഴിഞ്ഞതിനുശേഷം കൊലപ്പെടുത്തിയെന്നാണ് അവിടെയുള്ള ജനങ്ങൾ വിശ്വസിക്കുന്നത്. അദ്ദേഹത്തിന് ഒരു സ്മാരകം വേണമെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത് വളരെ നല്ല നിർദ്ദേശമായിത്തന്നെ കാണുന്നു. അത് ആ പ്രദേശത്തെ ജനങ്ങളുടെ വികാരമാണ്. ആ കാര്യത്തിൽ എന്തുചെയ്യാൻ പറ്റുമെന്നുള്ളത് ഗവൺമെന്റ് നോക്കും. ഗവൺമെന്റ് അതിനു വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്യുന്നതിന് അനുകൂലമാണ്. ഈ ചുരത്തിന് അദ്ദേഹത്തിന്റെ പേരിടണമെന്ന കാര്യം അവിടത്തെ ജനപ്രതിനിധികളുമായി ആലോചിച്ച് ചർച്ച ചെയ്തതിനുശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ ഒരു സ്മാരകമെന്നുള്ളത് തത്വത്തിൽ അംഗീകരിക്കുന്നു. അതിന് ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

**<u>ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധി</u>**

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എന്റെ മണ്ഡലമായ കാസർഗോഡ് മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ ബദിയഡുക്കയിൽ പ്രവർത്തിക്കുന്ന സെൻട്രൽ പബ്ലിക് സെക്ടർ എന്റർപ്രൈസസായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയെന്നതാണ് ഈ സബ്മിഷൻകൊണ്ട് ഉദ്ദേശിക്കുന്നത്. ഇരുവരും ഈ പ്രശ്നം നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ട്. മുമ്പ് ഈ പ്രതിസന്ധി പരിഹരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും വളരെ

സജീവമായി ഇടപെട്ടിരുന്നു. സ്റ്റേറ്റ് പബ്ലിക് സെക്ടർ യൂണിറ്റായ കെൽ–ന്റെ 51 ശതമാനം ഓഹരി ഭെൽ ഏറ്റെടുത്തത് 2011–ലായിരുന്നു. അതോടെ ആ സ്ഥാപനത്തിന്റെ ശനിദശയും ആരംഭിച്ചു. കെൽ–നേക്കാൾ മെച്ചപ്പെട്ട പ്രവർത്തനവും കൂടുതൽ നിക്ഷേപങ്ങളും പുതിയ സാങ്കേതികവിദ്യകളും ജീവനക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങളും മെച്ചപ്പെട്ട വേതനവും പ്രതീക്ഷി ച്ചവർ ഇപ്പോൾ നിരാശയിലാണ്. 2003–ൽ കെൽ നിശ്ചയിച്ച ശമ്പളംതന്നെ യാണ് ഇപ്പോഴും അവിടത്തെ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. കെൽ–ലെ മറ്റ് യൂണിറ്റുകളിലെ ജീവനക്കാർ കൂടുതൽ ശമ്പളം വാങ്ങുമ്പോൾ പണ്ട് കിട്ടിയ അതേ ശമ്പളംതന്നെയാണ്  കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഭെൽ–ൽ, പഴയ കെൽ–ലെ ജീവനക്കാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ത്. നമ്മുടെ രാജ്യത്ത് 1964–ൽ സ്ഥാപിച്ച ഭെൽ 1971 മുതൽ നിരന്തരം ലാഭം കൊയ്യുന്ന പൊതുമേഖലാ സ്ഥാപനമാണ്. 1976 മുതൽ ഡിവിഡന്റും ഈ സ്ഥാപനം നൽകുന്നു. പക്ഷേ കാസർഗോഡ് യൂണിറ്റിലെ ജീവനക്കാർക്കു മാത്രം അതുകൊണ്ട് ഒരു ഫലവുമില്ല. കമ്പനി വികസിപ്പിച്ച് ലാഭകരമാക്കണ മെന്നും ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പളം അനുവദിക്കണമെന്നും ആവശ്യ പ്പെട്ട് ജീവനക്കാർ ഇപ്പോൾ പ്രക്ഷോഭത്തിന്റെ പാതയിലാണ്. 25 ശതമാനം ഉൽപ്പാദന വർദ്ധനവ് നൽകാമെന്ന് ജീവനക്കാർ അറിയിച്ചിട്ടുണ്ട്. 2013–14 വർഷത്തേയ്ക്കുള്ള ഉൽപ്പാദനലക്ഷ്യം കൈവരിക്കാമെന്നും അവർ ഉറപ്പ് നൽകിയിട്ടുണ്ട്. പക്ഷേ മാനേജുമെന്റിന്റെ ഭാഗത്തുനിന്ന് നിസ്സംഗതയും നിഷേധാത്മകവുമായ ഒരു സമീപനവുമാണുള്ളത്. ഫെബ്രുവരി നാലാം തീയതി മുതൽ ട്രേഡ് യൂണിയൻ നേതാക്കൾ കമ്പനിക്ക് മുന്നിൽ അനിശ്ചിത കാല നിരാഹാര സമരത്തിലാണ്. മറ്റ് ജീവനക്കാർ ഭക്ഷണമുപേക്ഷിച്ചുകൊ

ണ്ടാണ് ജോലി ചെയ്യുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഈ കാര്യത്തിൽ ഇടപെടണമെന്നും കാസർഗോഡ് ഭെൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കണമെന്നുമാണ് എനിക്ക് അപേക്ഷിക്കാനുളളത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ താൽപ്പര്യമെടുത്ത് മാസങ്ങൾക്കുമുമ്പ് ഭെൽ-ന്റെ ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം മുഖ്യമന്ത്രിയുടെ ചേമ്പറിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയിരുന്നു. പക്ഷേ ഒരു ഫലവും ആ യോഗംകൊണ്ട് ഉണ്ടായില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒരിക്കൽക്കൂടി താൽപ്പര്യമെടുത്ത് ഭെൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാനും അതുപോലെതന്നെ ജീവനക്കാർ നടത്തിവരുന്ന നിരാഹാരസമരം അവസാനിപ്പിക്കുവാനും മുൻകൈയെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്താൽ അതോടുകൂടി എല്ലാ പ്രശ്നവും തീർന്നു, വലിയ ഗുണമാണെന്നാണ് നമ്മൾ ധരിച്ചിരുന്നത്. പക്ഷേ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും ഭെൽ-ഉം സെയിൽ-ഉം ഒന്നും വേണ്ടരീതിയിൽ പണമിറക്കുന്നില്ല. ഭെൽ ഏറ്റെടുത്ത യൂണിറ്റാണ് കാസർഗോഡുളളത്. അവിടെ ഉദ്ദേശിച്ചതുപോലെ ഭെൽ പണമിറക്കാത്തതുകൊണ്ടുളള പ്രശ്നങ്ങളാണുളളത്. എന്തായാലും അവിടെ നടക്കുന്ന സമരത്തിൽ ഗവൺമെന്റ് ഇടപെടുകയും വേണ്ട നടപടികളെടുക്കുകയും ചെയ്യുമെന്ന് പറയുകയാണ്. സ്റ്റീൽ കോംപ്ലക്സിന്റെ കാര്യവും ഇങ്ങനെയൊക്കെയാണ്. ഈ കാര്യത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപ

നങ്ങളും ഇൻവെസ്റ്റുമെന്റ് കൂട്ടണമെന്നുള്ള നിലയിലാണ് ഗവൺമെന്റ് മൂവ് ചെയ്യുന്നത്.

**കുണ്ടറ അലിൻഡ് തുറന്ന് പ്രവർത്തിപ്പിക്കൽ**

ശ്രീ. എം. എ. ബേബി: സർ, കുണ്ടറ അലിൻഡ് കൊല്ലത്ത് മാത്രമല്ല കേരളത്തിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഇതിനെ പുനരുജ്ജീവിപ്പിക്കാൻ പല ശ്രമങ്ങളും നടന്നു. അന്ന് മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുമൊക്കെ ചേർന്ന് പല യോഗങ്ങൾ നടത്തി. ഒടുവിൽ മറ്റ് മാർഗ്ഗങ്ങളില്ലാതെ വന്നപ്പോഴാണ് അത് കെ.എസ്.ഐ.ഡി.സി. വഴി ഏറ്റെടുത്തുകൊണ്ട് പുനരുജ്ജീവിപ്പിക്കാനുള്ള ഒരു ബൃഹത്പദ്ധതി അന്നത്തെ ഗവൺമെന്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് അയച്ചത്. കാരണം അലിൻഡിന്റെ ആസ്തി ആന്ധ്രാപ്രദേശും ഒറീസയുമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുകയാണ്. അന്നത്തെ കേന്ദ്ര ഗവൺമെന്റ് അതിന് അനുമതി നൽകിയില്ല. പുതിയ ഗവൺമെന്റ് വന്നപ്പോൾ ഞങ്ങൾ സമീപിച്ചു. മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുമെല്ലാം പങ്കെടുത്തുകൊണ്ട് യോഗം ചേർന്നു. സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തതിനെ പുനരുജ്ജീവിപ്പിക്കുകയെന്നുള്ള എൽ.ഡി.എഫ്.-ന്റെ സമീപനം ഇന്നത്തെ ഗവൺമെന്റിന് എന്തെങ്കിലും കാരണവശാൽ പിൻതുടരാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഇത് പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ തൊഴിലാളി സംഘടനകൾക്കും പൊതുസമൂഹത്തിനും സ്വീകാര്യമായ മറ്റെന്ത് നീക്കത്തിനും ഞങ്ങളെല്ലാം സഹകരിക്കാൻ തയ്യാറാണെന്ന് പറഞ്ഞു. മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് 6–11–2012-ൽ ഒരു യോഗം

ചേർന്നു. ഇതിൽ ഇപ്പോഴും അവ്യക്തത നിലനിൽക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വ്യവസായ വകുപ്പുമന്ത്രിയോടും തൊഴിൽ വകുപ്പുമന്ത്രിയോടും പറയാനുള്ളത് അനിശ്ചിതമായി ഇത്രയും പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനം ഈ സ്തംഭനത്തിൽ തുടരുന്നത് ന്യായീകരിക്കാവുന്നതല്ല. ഇതിന്റെ അനുബന്ധ യൂണിറ്റുകൾ അങ്ങേയ്ക്ക് തൊട്ടുമുമ്പ് അദ്ധ്യക്ഷത വഹിച്ച ബഹുമാനപ്പെട്ട അംഗം പി.സി. വിഷ്ണുനാഥിന്റെ മണ്ഡലത്തിലുണ്ട്. മാന്നാറിൽ ഒരു യൂണിറ്റുണ്ട്. വളരെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമാണിത്. ഗവൺമെന്റ് ഇതിന്റെ പുനരുജ്ജീവനത്തിനുവേണ്ടി പ്രായോഗികമായ പദ്ധതിയുമായി മുന്നോട്ടുവരണം. തൊഴിലാളി സംഘടനകൾക്ക് സ്വീകാര്യമായ എന്ത് പുനരുജ്ജീവന പദ്ധതിയും ഗൗരവമായി ചർച്ച ചെയ്ത് അതുമായി സഹകരിക്കാൻ തയ്യാറാകണമെന്നാണ് ഗവൺമെന്റിനോട് പറയുവാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ പുനരുദ്ധാരണ പദ്ധതി ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിലല്ല, ബി.ഐ.എഫ്.ആർ-ലാണ്. വളരെ കാലമായിട്ടുള്ള ഇഷ്യൂവാണ്. ബി.ഐ.എഫ്.ആർ-ലുള്ള കേസ് ബി.ഐ.എഫ്.ആർ-തന്നെ അവതരിപ്പിച്ച് തീരുമാനമുണ്ടാക്കണം. ഓപ്പറേറ്റിംഗ് ഏജൻസി പുതിയ പ്രൊപ്പോസലൊന്നും വച്ചിട്ടില്ല. വയബിളായിട്ടുള്ള പ്രൊപ്പോസലുണ്ടെങ്കിൽ തൊഴിലാളി യൂണിയനുമായി ചർച്ച ചെയ്ത്, നടക്കുന്ന കാര്യമാണെങ്കിൽ ഗവൺമെന്റ് അതിനെ സപ്പോർട്ട് ചെയ്യാൻ തയ്യാറാണ്. അങ്ങനെയൊരു പ്രൊപ്പോസൽ ഇതുവരെ ആരും വച്ചിട്ടില്ല. നിലവിലുള്ള പ്രൊപ്പോസൽ തന്നെയാണ് വച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിൽനിന്നും കുറേ ആനുകൂല്യങ്ങൾ ചോദിക്കുന്ന

തല്ലാതെ ഇൻവെസ്റ്റുമെന്റൊന്നും കാര്യമായി പറയില്ല. അതുകൊണ്ട് എന്തെങ്കിലുമൊരു ഉറച്ച തീരുമാനമെടുക്കണമെന്നുള്ള അഭിപ്രായം ഗവൺമെന്റിനുമുണ്ട്. അത് നമുക്ക് ചർച്ച ചെയ്ത് ആലോചിക്കാം.

**പുതിയ തൊഴിൽ സംരംഭം ആരംഭിക്കൽ**

ശ്രീ. കെ. രാജു: സർ, എന്റെ മണ്ഡലത്തിൽ ഇടമുളയ്ക്കൽ പഞ്ചായത്തിൽ ഇടയം ടി. വി. തോമസ് മെമ്മോറിയൽ കൈത്തറി നെയ്ത്ത് സഹകരണസംഘമെന്ന പേരിൽ ഒരു സംഘം കഴിഞ്ഞ 25 വർഷങ്ങൾക്കു മുമ്പ് രജിസ്റ്റർ ചെയ്തു. പ്രസ്തുത സംഘത്തിന്റെ പേരിൽ ഒരേക്കർ സ്ഥലം ഖാദി ബോർഡിന്റെയും സംഘം മെമ്പർമാരുടെയും ഷെയർ തുകയുടെയും സംയുക്തമായി ഇടയമെന്ന സ്ഥലത്ത് അറയ്ക്കൽ വില്ലേജിൽ വാങ്ങുക യുണ്ടായി. നെയ്ത്തുതൊഴിലാളികളായിരുന്നു സംഘത്തിലെ അംഗങ്ങൾ. എന്നാൽ പിൽക്കാലത്ത് ഇതിന് നേതൃത്വം നൽകിയിരുന്ന പ്രമുഖർ മരണ പ്പെട്ടുപോയതിനെത്തുടർന്ന് തൊഴിലാളികൾക്ക് താൽപ്പര്യം കുറഞ്ഞുവന്നതി നാലും നെയ്ത്തുശാല രൂപം കൊടുക്കാനോ പ്രവർത്തിപ്പിക്കാനോ കഴിഞ്ഞി ട്ടില്ല. പ്രസ്തുത സ്ഥലം ഇപ്പോൾ ഖാദിബോർഡിന്റെ കൈവശമുണ്ട്. ഈ സ്ഥലത്ത് അനുയോജ്യമായ മറ്റേതെങ്കിലും സംരംഭം ആരംഭിക്കാൻ ആവശ്യ മായ നിർദ്ദേശം നൽകാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തയ്യാറാകണം. ഈ സ്ഥലം ഇപ്പോൾ കോമ്പൗണ്ട്വാൾകെട്ടി സംരക്ഷിക്കാത്തതുകൊണ്ട് സമീപ വാസികൾ കയ്യേറുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് സ്ഥലം കോമ്പൗണ്ട് വാൾകെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണം. വ്യവസായ

വകുപ്പിനുകീഴിൽ ഈ സംഘത്തിന്റെ ഷെയർ എടുത്തിട്ടുള്ളവർക്ക് തൊഴിലിൽ ഒരു മുൻഗണന നൽകിക്കൊണ്ട് ഏതെങ്കിലും സംരംഭം ആരംഭിക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. റോഡ്, വെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങൾ ഈ ഒരേക്കർ സ്ഥലത്തുണ്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് നേരത്തെയും ഉന്നയിച്ചിരുന്നു. അതിനുശേഷം കുറച്ച് കാര്യങ്ങൾ മുന്നോട്ടുപോയി. സ്മാൾ ഇൻഡസ്ട്രീസ് പാർക്കിനുവേണ്ടി സ്റ്റാന്റൈഡെസേഷൻ ഫാക്ടറി ഓർ മൾട്ടിസ്റ്റോർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്ന കാര്യമാണ് ഇപ്പോൾ ആലോചിക്കുന്നത്. നമുക്ക് അത് ആലോചിക്കാവുന്നതാണ്.

**തിരുവല്ല, മല്ലപ്പള്ളി പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കൽ**

ശ്രീ. മാത്യു. ടി. തോമസ്: സർ, ജനമൈത്രി പോലീസിംഗ് നടപ്പാക്കിയ ഒരു പോലീസ് സ്റ്റേഷനാണ് തിരുവല്ല പോലീസ് സ്റ്റേഷൻ. അവിടെ വേണ്ടത്ര ബീറ്റ് ഓഫീസർമാർ ഇല്ലാത്തതുകൊണ്ട് ഓരോ ബീറ്റ് ഓഫീസറുടെ കീഴിലും 1500 ഭവനങ്ങൾ വരെ എത്തുകയാണ്. അതുകൊണ്ട് ഫലപ്രദമായി പ്രവർത്തിക്കാൻ ബീറ്റ് ഓഫീസർമാർക്ക് കഴിയുന്നില്ല. അതുപോലെ തന്നെ മണ്ഡലത്തിലുള്ള മല്ലപ്പള്ളി പോലീസ് സ്റ്റേഷനിലും പോലീസുകാരുടെ എണ്ണക്കുറവായതുകൊണ്ട് ട്രാഫിക് അടക്കമുള്ള കാര്യങ്ങളിൽ പോലീസിനെ നിയോഗിക്കാൻ കഴിയുന്നില്ല. എന്റെ മണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷനിലെയും സ്ഥിതി ഇതുതന്നെയാണ്. അതുകൊണ്ട് ജനമൈത്രി പോലീ

സിംഗ് ഫലപ്രദമാക്കാൻ വേണ്ടി തിരുവല്ല പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് ബീറ്റ് ഓഫീസർമാരെയും മല്ലപ്പള്ളിയിലെ ഗതാഗതക്കുരുക്ക് അടക്കമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷനിൽ ആവശ്യമായ പോലീസുകാരെയും അതുപോലെതന്നെ പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ മതിയായ പോലീസുകാരെ നിയോഗിക്കാനും സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തിരുവല്ല പോലീസ് സ്റ്റേഷൻ 2009-ൽ ജനമൈത്രി പോലീസ് സ്റ്റേഷനായി പ്രഖ്യാപിച്ചു. അതിന്റെയടിസ്ഥാനത്തിൽ തിരുവല്ല നഗരപ്രദേശം 10 ബീറ്റുകളായി തിരിച്ച് 10 പോലീസ് ഓഫീസർമാരെ ബീറ്റ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബീറ്റ് ഓഫീസർമാർക്ക് പുറമെ ഒരു എ.എസ്.ഐ.-യെ കമ്മ്യൂണിറ്റി റിലേഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരുമാസം ശരാശരി 50 ബീറ്റുകൾവരെ ബീറ്റ് ഓഫീസർമാർ ഡ്യൂട്ടി ചെയ്യാറുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതുമൂലം പോലീസും പൊതുജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കാനും പൊതുജനങ്ങൾക്കിടയിൽ പോലീസിന് സൽപ്പേരുണ്ടാകുവാനും പോലീസ് സ്റ്റേഷനിൽ ആർക്കും ഏതു സമയത്തും ആശ്രയിക്കാവുന്ന സുരക്ഷിത സ്ഥലം എന്നുള്ള വിശ്വാസം നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. തിരുവല്ല പോലീസ്സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ 3 എസ്.ഐ.മാർ ഉൾപ്പെടെ 62 പേരാണ്. തിരുവല്ലയിൽ ഗതാഗത കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി ഒരു സബ് ഇൻസ്പെക്ടറുടെ ചുമതലയിൽ പ്രത്യേകം

ട്രാഫിക് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. മൊത്തം 19 പേർ ട്രാഫിക് യൂണിറ്റിൽ പ്രവർത്തിക്കുന്നുണ്ട്. രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെയുള്ള സമയം രണ്ടായി വിഭജിച്ച് തിരുവല്ല പട്ടണം കേന്ദ്രീകരിച്ച് 8 പോയിന്റുകളിൽ ഡ്യൂട്ടി ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. കൂടുതൽ അംഗസംഖ്യ വേണ്ടിവരുന്ന സാഹചര്യങ്ങളിൽ പത്തനംതിട്ട സായുധ ക്യാമ്പിൽ നിന്നും സേനാംഗങ്ങളെ നിയോഗിച്ചുവരികയാണ്. എം.സി. റോഡിന്റെ വീതിയേക്കാളും വീതികുറഞ്ഞ പന്നിക്കുഴിപ്പാലത്തിൽ ഉണ്ടാകുന്ന ഗതാഗത തടസ്സം മറ്റുസ്ഥലങ്ങളിലേക്കും വ്യാപിക്കുന്നതായാണ് കാണുന്നത്. നിലവിലെ പോലീസ് സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് കാര്യക്ഷമമായി ഗതാഗത തടസ്സങ്ങൾ നീക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. മല്ലപ്പള്ളി ടൗൺ ഉൾപ്പെടെയുള്ള പ്രദേശം കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പോലീസ് സ്റ്റേഷൻ ടൗണിൽ നിന്ന് 3 കിലോമീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നത്. എന്നാൽ മല്ലപ്പള്ളി സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം മല്ലപ്പള്ളി ടൗണിനോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. മല്ലപ്പള്ളി ടൗണിൽ ഗതാഗത തടസ്സമോ ലാ ആന്റ് ഓർഡർ സാഹചര്യമോ ഉണ്ടാകുമ്പോഴും അല്ലാത്തപ്പോഴും ടൗണിൽ എപ്പോഴും പോലീസിന്റെ സാന്നിദ്ധ്യമുണ്ടാകാറുണ്ട്. മല്ലപ്പള്ളി പൊതുവെ തിരക്ക് കുറഞ്ഞ പട്ടണമാണ്. ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഇവിടെ പ്രശസ്തമായ ചന്ത പ്രവർത്തിച്ചുവരുന്നു. ഈ സമയങ്ങളിൽ റോഡിൽ സാമാന്യം നല്ല തിരക്കുണ്ടാകാറുണ്ട്. അങ്ങനെയുള്ള സമയങ്ങളിൽ താലൂക്ക് വികസന സമിതിയുടെ നിർദ്ദേശപ്രകാരം പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ബഹുമാന്യനായ മാത്യു.

ടി. തോമസ് പറഞ്ഞതുപോലെ പോലീസ് കൂടുതൽ ആവശ്യമുണ്ട്. ഇനിയും ആവശ്യമുണ്ടെങ്കിൽ തീർച്ചയായും ഈ ആവശ്യം പരിഗണിക്കുന്നതാണ്.

**ലോട്ടറി ടിക്കറ്റ് വില വർദ്ധന**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരളത്തിലെ ലോട്ടറി തൊഴിലാളികൾ നാളെ ഒരു പണിമുടക്കിലേക്ക് പോകുകയാണ്. ഒരു രൂപ ടിക്കറ്റ് നിരക്കിലാണ് 1967-ൽ ലോട്ടറി ടിക്കറ്റ് ആരംഭിച്ചത്. ലോട്ടറി ആരംഭിക്കുന്ന സമയത്ത് അതിന്റെ പ്രഖ്യാപനം നടത്തിയ അന്നത്തെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞ് പറയുകയുണ്ടായി, ഭാഗ്യക്കുറിയുടെ വരുമാനമുപയോഗിച്ച് ആതുര ശുശ്രൂഷാരംഗത്ത് പരമാവധി സഹായം ചെയ്യാൻ സാധിക്കണം, ആയിരക്കണക്കിനാളുകൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കണം. ഇതിന്റെ ഭാഗമായി ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധിപ്പിക്കുന്നതിൽ വളരെ സാവകാശം മാത്രമേ നമ്മൾ ആലോചിക്കാറുണ്ടായിരുന്നുള്ളു. 20 വർഷം കഴിഞ്ഞാണ് 2 രൂപയാക്കിയത്. 1999-ൽ 10 രൂപയാക്കി. പത്ത് വർഷത്തിനുശേഷം 2009-ൽ 20 രൂപയാക്കി. എന്നാൽ ഇപ്പോൾ 700 കോടിരൂപയുടെ അധികവരുമാനം പ്രതീക്ഷിച്ച് 30 രൂപയാക്കി മാറ്റിയിരിക്കുകയാണ്. ഇത് പാവപ്പെട്ട ലോട്ടറി തൊഴിലാളികളുടെ അന്നം മുട്ടിക്കുന്ന പ്രവൃത്തിയാണെന്നും ഇത്രയും വില വർദ്ധനവ് വരുന്നതോടുകൂടി വിൽപ്പന കുറയുമെന്നുള്ള ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ട് ചൂതാട്ട ലോട്ടറി വർദ്ധിക്കുമെന്ന് അവർ ആശങ്കപ്പെടുന്നുണ്ട്. നിയമസഭയിൽ 2014 ജനുവരി 7-ന് 45-ാം നമ്പർ നക്ഷത്രചിഹ്നമിട്ടചോദ്യത്തിന് നൽകിയ ഉത്തര

ത്തിൽ 20 രൂപയുടെ ലോട്ടറി അച്ചടി അഞ്ചുലക്ഷമായി കൂട്ടുമെന്ന് ധനകാര്യ മന്ത്രി ഉറപ്പുപറഞ്ഞിരുന്നു. ആ ഉറപ്പ് ലംഘിച്ചുകൊണ്ടാണ് ബഡ്ജറ്റിൽ വില വർദ്ധനവ് വന്നിട്ടുള്ളത്. ഈ വിലവർദ്ധനവ് കേരളത്തിലെ ലോട്ടറി തൊഴിലാളികളുടെ തൊഴിൽ പ്രശ്നത്തെ വിപരീതമായി ബാധിക്കുമെന്നുള്ളതുകൊണ്ട് വിലവർദ്ധനവ് പിൻവലിക്കണമെന്നും നാളെ നടക്കാനിരിക്കുന്ന പണിമുടക്കിനോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ധനകാര്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-2015 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 322, 323 പാരഗ്രാഫുകളിൽ ലോട്ടറിയുടെ വിലവർദ്ധിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഒന്നാമതായി അടുത്തവർഷത്തെ ലോട്ടറി വരുമാനം 5500 കോടിരൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും രണ്ടാമതായി ഭാഗ്യക്കുറിയുടെ വരുമാനം കൂടുതൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനുവേണ്ടിയുമാണ് ടിക്കറ്റ് വില 30 രൂപയാക്കി വർദ്ധിപ്പിച്ചത്. കാരുണ്യചികിൽസാ ധനസഹായത്തിനായി മാറ്റിവയ്ക്കാനും നിലവിലുള്ള ഒരു പ്രതിവാര ലോട്ടറിയുടെ പേര് മംഗല്യ എന്നാക്കി അതിൽ നിന്നും കിട്ടുന്ന തുക മംഗല്യനിധിയിലേക്ക് മാറ്റിവയ്ക്കാനുമാണ്. ഇന്ന് അപ്രോപ്രിയേഷൻ ദിവസമാണ്. ഡിമാന്റ് പാസാക്കിത്തന്ന തുകയ്ക്കാണ് അപ്രോപ്രിയേഷൻ ചോദിച്ചിട്ടുള്ളത്. ഈ വേളയിൽ കൊണ്ടുവന്ന് ഇത് കുറവുചെയ്യണം എന്നുപറഞ്ഞാൽ നല്ല ടൈം അല്ല. രണ്ടാമതായി മൂന്നുദിവസം ചർച്ച ചെയ്തു അന്നൊന്നും ഇത് ആവശ്യപ്പെട്ടില്ല. വോട്ട് ഓൺ അക്കൗ

ണ്ടിന്റെ ചർച്ചയും നടന്നു. അന്നും ആവശ്യപ്പെട്ടില്ല. എപ്പോൾ വേണമെങ്കിലും ആവശ്യപ്പെടാം. പക്ഷെ ഇപ്പോൾ വളരെ ലേറ്റായി. അല്ലെങ്കിൽപ്പോലും 30 രൂപ വർദ്ധിപ്പിച്ചതുകൊണ്ട് ബുദ്ധിമുട്ടൊന്നുമില്ല. 20 രൂപ എന്നു പറഞ്ഞാൽ എന്താണ്? ഇനിയിപ്പോൾ 20 രൂപ എന്നുപറഞ്ഞുകൊണ്ടിരുന്നത് 30 രൂപ 30 രൂപ എന്ന് വിളിക്കും. രണ്ടുദിവസം കൊണ്ട് നല്ല കറൻസിയായി മാറും. അതിലെന്താണ് ബുദ്ധിമുട്ടുള്ളത്. അങ്ങനെ വരുമ്പോൾ ഏജന്റുമാർക്ക് ലാഭമാണ്. 20 രൂപയുടെ ടിക്കറ്റ് വിറ്റാൽ ഏജൻസി കമ്മീഷൻ 5.60 പൈസയാണ്. എന്നാൽ 30 രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ 8.40 പൈസ ഏജന്റിന് കമ്മീഷൻ ലഭിക്കും. എന്നുപറഞ്ഞാൽ 2.80 പൈസ ഏജന്റിന് വർദ്ധന കിട്ടും. ഇപ്പോൾ കിട്ടുന്നതിനെക്കാൾ 50 ശതമാനം കൂടി ഏജന്റുമാർക്ക് ഏജൻസി കമ്മീഷൻ കിട്ടും. ആയിരക്കണക്കിന് വരുന്ന ഏജന്റുമാർക്ക് സൗഭാഗ്യം, കേരളാഗവൺമെന്റിന് കൂടുതൽ വരുമാനം കിട്ടും. എല്ലാവർക്കും ഗുണകരം. നല്ലകാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാം. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് പണം കിട്ടും. അതുകൊണ്ട് 30 രൂപ എന്നുള്ള സ്വാഗതാർഹമായ കാര്യമാണ്. ഗവൺമെന്റ് പുന:പരിശോധിക്കേണ്ട കാര്യമില്ല.

## ഉഴവത്തുംകടവിലെ ഫയർ സ്റ്റേഷൻ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ പൂർത്തിയാക്കിയിട്ട് രണ്ടുവർഷമായി. പണി കഴിഞ്ഞു, പെയിന്റിംഗും കഴിഞ്ഞു അവിടെ അടച്ചുപൂട്ടി കിടക്കുകയാണ്. ഇതിനുമുമ്പ് ഈ വിഷയത്തെക്കുറിച്ച് നിയമസഭയിൽ ഞാൻ സബ്മിഷൻ

കൊണ്ടുവന്നതാണ്. അവിടെ ജീവനക്കാരെ അനുവദിക്കാമെന്നാണ് അന്നു പറഞ്ഞത്. ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെ ജോലി എന്താണ്? ഒരു സ്ഥാപനം ഗവൺമെന്റ് പണം മുടക്കി പണി കഴിഞ്ഞാൽ ജീവനക്കാരില്ലാത്തതുകൊണ്ട് അടച്ചിടുക എന്നുപറഞ്ഞാൽ എന്ത് ഭാവനകൊണ്ടും എന്ത് പ്ലാനിംഗിലുമാണ് ഇത് പണിയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി അങ്ങ് ഇതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിനെ നല്ല പ്ലാൻ ഉണ്ടാക്കാൻവേണ്ടി ശ്രമിക്കണം. കെട്ടിടനിർമ്മാണം കഴിഞ്ഞിട്ട് അത് ഉദ്ഘാടനം ചെയ്തില്ല എന്നുപറഞ്ഞാൽ കൊടുങ്ങല്ലൂർ പോലുള്ള ഒരു പിൽഗ്രിം സിറ്റിയിൽ, മുസിരിസ് പൈതൃക പദ്ധതി നടപ്പിലാക്കുന്ന മുസിരിസ്സിന്റെ തലസ്ഥാനകേന്ദ്രത്തിൽ ഈ ഫയർ സ്റ്റേഷൻ നിർമ്മാണം കഴിഞ്ഞിട്ട് വെറുതെ കിടക്കുകയാണ്. കൊടുങ്ങല്ലൂർ മാത്രമല്ല കയ്പമംഗലം ഉൾപ്പെടെയുള്ള തീരപ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും വേണ്ടിയുള്ള ഒരു സ്ഥാപനമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഒരു പ്രത്യേക താൽപ്പര്യം എടുത്തുകൊണ്ട് രണ്ടുകൊല്ലമായി പണികഴിഞ്ഞ ഈ സ്ഥാപനം തുറക്കാനുള്ള നടപടി സ്വീകരിക്കണം. ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ജീവനക്കാരുടെ പോസ്റ്റ് ക്രിയേറ്റ് ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ടെങ്കിൽ ഏതെങ്കിലുമൊരു രീതിയിൽ വർക്കിംഗ് അറേഞ്ച്മെന്റിലെങ്കിലും ആളെ കൊടുത്ത് അത് തുറക്കണം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രീ, ഫയർ സ്റ്റേഷൻ പണി കഴിഞ്ഞിട്ട് രണ്ടുവർഷമായി, ജീവനക്കാരില്ലാതെ പൂട്ടിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മാണി സാറിന്റെ മനസ്സ് ഒന്നു തുറക്കട്ടെ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി.എൻ.പ്രതാപൻ ഉന്നയിച്ച കാര്യം ശരിയാണ്. കൊടുങ്ങല്ലൂർ നഗരസഭയിൽ പുല്ലൂറ്റ് വില്ലേജിൽ 235/12, 225/38 സർവ്വേ നമ്പരുകളിൽ 50 സെന്റ് സ്ഥലം കൊടുങ്ങല്ലൂർ ഉഴവത്തുംകടവിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വകുപ്പിന് കൈമാറിയതിനെത്തുടർന്ന് 06-06-09-ലെ 1516/2009/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം കൊടുങ്ങല്ലൂർ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകുകയും കെട്ടിടം പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിലേക്കും വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിലേക്കുമായി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറൽ നൽകിയ ശുപാർശ ധനകാര്യവകുപ്പുമായി ആലോചിച്ചു പരിശോധിക്കുകയുണ്ടായി. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ശുപാർശ തൽക്കാലം മാറ്റിവയ്ക്കാനും സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കാനും ധനകാര്യവകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. ഇവ രണ്ടുമാണ് പ്രശ്നം. കെട്ടിടം മാത്രം പോരാ തസ്തികയുമുണ്ടാവണം എക്യുപ്മെന്റ്സും വേണം. എക്യുപ്മെന്റ്സ് പ്രൊക്യുവർ ചെയ്യാനുള്ള സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ഇത്തവണ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിലുള്ള 20 കോടിരൂപയേക്കാൾ 15 കോടി രൂപ കൂടുതലായി അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ആവശ്യമായ തസ്തികകൾ അനുവദിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**സ്ഥലംമാറ്റ നടപടികൾ ത്വരിതപ്പെടുത്തൽ**

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കൊല്ലം ജില്ലയ്ക്കുവെളിയിൽ ജോലി ചെയ്യുന്ന പോലീസുകാർ 20 വർഷമായി കൊല്ലത്തേക്ക് സ്ഥലം മാറ്റം കാത്തിരിക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ നടത്തിയ സ്ഥലം മാറ്റത്തിൽത്തന്നെ പരാതികളും പോരായ്മകളും അവർ ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ 16-ാം തീയതി ഈ പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഒരു സംഘം കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്ക് നിവേദനവും സമർപ്പിച്ചിട്ടുണ്ട്. പ്രോപ്പർ ചാനലിൽ തന്നെ അപേക്ഷകൾ നൽകിയെങ്കിലും ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. അതുകൊണ്ട് എ.ആർ. ക്യാമ്പിൽ നിന്ന് മാറ്റപ്പെട്ടവർക്ക് 9:1 എന്നുള്ള അനുപാതത്തിൽ മറ്റ് ജില്ലകളിൽ നിന്ന് കൊല്ലത്തേക്ക് സ്ഥലംമാറ്റം കൊടുക്കേണ്ടതാണ്. ഈ പോരായ്മകൾ പരിഹരിച്ച് 20 വർഷത്തിലധികമായി മറ്റു ജില്ലകളിൽ പലതരത്തിൽ സേവനമനുഷ്ഠിക്കുന്ന, കൊല്ലത്ത് തിരിച്ചുവരാൻ അവകാശപ്പെട്ട, അർഹതയുള്ള സ്ഥലംമാറ്റം നൽകി അവർക്ക് അർഹതപ്പെട്ടത് നേടിയെടുക്കുന്നതിനുവേണ്ടിയുള്ള നിയമപരമായ നടപടികളും സ്ഥലംമാറ്റ നടപടികളും സ്വീകരിക്കണമെന്നാണ് ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, കൊല്ലം ജില്ലയിലെ ലോക്കൽ പോലീസ് വിഭാഗത്തിലുണ്ടാകുന്ന ഒഴിവുകളുടെ 10% അന്തർജില്ലാ സ്ഥലംമാറ്റം വഴിയാണ് നികത്തുന്നത്. നിലവിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ സീനിയോറിറ്റിയിൽ ഒന്നാമതായിട്ടുള്ള

ആൾ 27–10–1992–ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത വയനാട് ജില്ലക്കാരനാണ്. എന്നാൽ ടിയാൻ 2011–ൽ മാത്രമാണ് അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചത്. ഈ ലിസ്റ്റിൽ രണ്ടാമതായിട്ടുള്ള ആൾക്ക് 01–03–1993–ലാണ് പി.എസ്.സി. അഡ്വൈസ് ലഭിച്ചത്. ടിയാൻ 2012–ലാണ് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ടി ലിസ്റ്റിലുള്ള ഒരാൾപോലും 20 വർഷമായി അന്തർജില്ലാ സ്ഥലംമാറ്റത്തിന് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കാത്തിരിക്കേണ്ടിവന്നിട്ടില്ല. കാരണം 1–3–1993–ൽ സർവ്വീസിൽ കയറുന്ന ആൾക്ക് 5 വർഷം കഴിഞ്ഞുമാത്രമാണ്, അതായത് 1–3–1998–ന് ശേഷം മാത്രമാണ് അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ ചട്ടപ്രകാരം യോഗ്യതയുണ്ടാകുന്നത്. ഇതിൽനിന്നും 15 വർഷംമുമ്പ് അപേക്ഷിച്ചവരല്ല ഒന്നുംരണ്ടും സ്ഥാനത്തുള്ളവരെന്ന് മേൽ സൂചിപ്പിച്ച അപേക്ഷാതീയതിയിൽനിന്നും മനസ്സിലാക്കാവുന്നതാണ്. കൊല്ലം ജില്ലയ്ക്കുവേണ്ടി റിക്രൂട്ട് ചെയ്ത കെ.എ.പി. 3 ബെറ്റാലിയൻ വഴി കൊല്ലം ജില്ലാ ലോക്കൽ പോലീസിൽ എത്തുന്നതിന് 2010 വരെ 15 വർഷം കാത്തിരിക്കേണ്ടിവരുമായിരുന്നു. 10 വർഷംവരെ ബറ്റാലിയനിൽത്തന്നെ നിൽക്കേണ്ടിവന്നവർ പോലുമുണ്ട്. 2011–2013 കാലയളവിലാണ് ഇതിനൊരു മാറ്റം വന്നത്. ബറ്റാലിയനിൽ നിന്നും കൂടുതൽപേരെ ജില്ലയിലേക്ക് നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് ആനുപാതികമായി ടി കാലയളവിൽ 37 പേരെ കൊല്ലം ജില്ലാ ലോക്കൽ പോലീസിലേക്ക് നിയമിച്ചിട്ടുണ്ട്. അന്തർജില്ലാ സ്ഥലംമാറ്റത്തിന് കൊല്ലം ജില്ലയിലേക്ക് ഓരോവർഷവും നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. നിലവിൽ 172 അപേക്ഷകരുണ്ട്. ഓരോ വർഷവും സീനിയോരിറ്റി ലിസ്റ്റ്

റിവൈസ് ചെയ്യുമ്പോൾ സീനിയറായ അപേക്ഷകരുണ്ടെങ്കിൽ അവർ മുന്നിൽ വരികയും ഉടൻ സ്ഥലംമാറ്റം ലഭിക്കുകയും ചെയ്യുന്നു. അതിന് ഉദാഹരണ മാണ് 2011–ൽ അപേക്ഷ കൊടുത്തയാൾ 2014 ജനുവരിയിൽ ട്രാൻസ്ഫർ ആയിട്ടുള്ളത്. അപേക്ഷാ തീയതിയല്ല, അപേക്ഷകന്റെ പി.എസ്.സി. അഡ്വൈസ് തീയതിയാണ് സീനിയോറിറ്റിക്ക് മാനദണ്ഡമായി പരിഗണി ക്കുന്നത്. ആയതിനാൽ ഈ കാര്യത്തിൽ ആക്ഷേപങ്ങൾക്ക് ഇടയില്ലാത്തതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഏതെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ**

ശ്രീ. ടി. വി. രാജേഷ് : സർ, കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി യിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വളരെ നേരത്തെതന്നെ ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് നിവേദനം നൽകുകയും മറ്റും ചെയ്തിട്ടുണ്ട്. അവിടെ ജൈവവൈവിദ്ധ്യ കലവറയായ മാടായിപ്പാറ പത്തഞ്ഞൂറ് ഏക്കറിൽ വ്യാപിച്ചുകിടക്കുന്നതാണ്. അവിടെ വേനൽക്കാലത്ത് തുടർച്ചയായുണ്ടാകുന്ന തീപിടിത്തം ആ ജൈവവൈവിദ്ധ്യമേഖലയ്ക്ക് വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. മാത്രമല്ല കടൽത്തീരവും പുഴയും ജലാശയങ്ങളുമൊക്കെ നിറഞ്ഞ മണ്ഡലം കൂടിയാണത്. ഇവിടെ പലപ്പോഴും ദുരന്തങ്ങളുണ്ടാകുമ്പോൾ കണ്ണൂരിൽനിന്നും പയ്യന്നൂരിൽനിന്നു മാണ് ഫയർ എഞ്ചിനുകൾ വരേണ്ടിവരുന്നത്. ഇത് പലപ്പോഴും രക്ഷാപ്ര വർത്തനം വൈകുന്നതിന് കാരണമാകുകയാണ്. ഈ ഒരു സാഹചര്യത്തിൽ

അവിടെ മാടായിപ്പാറയുടെ ഉടമകളായ ചിറയ്ക്കൽ കോവിലകം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അമ്പത് സെന്റ് സ്ഥലം നൽകുന്നതിന് തയ്യാറാണെന്നുള്ള സമ്മതപത്രം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തര സ്വഭാവത്തോടുകൂടി ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട മെമ്പർ ടി. വി. രാജേഷ് ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. കഴിഞ്ഞ ദിവസമാണ് കല്ല്യാശ്ശേരിയിൽ ഒരു ടാങ്കർ ലോറി അപകടമുണ്ടായത്. ഫയർ ഫോഴ്സ് വളരെ സ്തുത്യർഹമായ പ്രവർത്തനം അവിടെ കാഴ്ച്ചവയ്ക്കുകയുണ്ടായി. പക്ഷേ അതിന് കണ്ണൂരിൽ നിന്നും ഫയർ എഞ്ചിനുകളും മറ്റ് ഉദ്യോഗസ്ഥരും വരേണ്ട സാഹചര്യമുണ്ടായി. പഴയങ്ങാടിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രധാനതടസ്സം അനുയോജ്യമായ സ്ഥലം ലഭിക്കാത്തതാണ്. പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് ചിറയ്ക്കൽ കോവിലകം ദേവസ്വം അധികൃതർ ബഹുമനപ്പെട്ട എം.എൽ.എ. ടി. വി. രാജേഷ് വഴി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പഴയങ്ങാടിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

## പി. കൃഷ്ണപിള്ള സ്മാരകവും പ്രതിമയും നശിപ്പിച്ചവർക്കെതിരെ നടപടി

ശ്രീ. പി. തിലോത്തമൻ : സർ, സാംസ്കാരിക കേരളത്തെ ഞെട്ടിക്കുകയും സമൂഹമനസാക്ഷിയെ കളങ്കപ്പെടുത്തുകയും ചെയ്ത ഒരു സംഭവമാണ് കഴിഞ്ഞ ഒക്ടോബർ 31-ന് അർദ്ധരാത്രിയിൽ ചേർത്തലയിലെ കഞ്ഞിക്കുഴിയിലുണ്ടായത്. സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കുകയും കേരളത്തിൽ അതിന് ചുക്കാൻ പിടിക്കുകയും ചെയ്ത ജനനായകൻ, പാവങ്ങളുടെ പടത്തലവനെന്ന് വിശേഷിപ്പിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല സെക്രട്ടറിയായിരുന്ന സഖാവ് പി. കൃഷ്ണപിള്ളയുടെ അവസാനനാൾ ചെലവഴിച്ച ചെല്ലിക്കണ്ടത്ത് പടുത്തുയർത്തിയ സ്മാരകം തീയിട്ട് നശിപ്പിക്കുകയും തല്ലിത്തകർക്കുകയും ചെയ്തത് അന്നാണ്. ആ സംഭവം ഉണ്ടായതിനുശേഷം ആ ഹീനകൃത്യം നടത്തിയ പ്രതികളെ കണ്ടെത്താൻ വേണ്ടി കോട്ടയം ജില്ലാ പോലീസിന്റെ ചുമതലയിലാണ് ആദ്യം അന്വേഷണം നടത്തിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആഴ്ച്ചകൾക്കുശേഷം ആ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടതായിട്ടാണ് പത്രമാധ്യമങ്ങളിൽനിന്നും അറിയാൻ കഴിഞ്ഞത്. മാസം മൂന്ന് പിന്നിട്ടിട്ടും ഈ നാടുമുഴുവൻ പ്രതിഷേധിച്ച ഈ കുറ്റകൃത്യം ചെയ്തവരെ കണ്ടെത്താൻ പോലീസിന് ആയിട്ടില്ല. അതുമായി ബന്ധപ്പെട്ട് നടത്തിയ എല്ലാ അന്വേഷണങ്ങളിലും തികഞ്ഞ അലംഭാവമാണെന്നാണ് മനസ്സിലാക്കുന്നത്. വ്യാപകമായ പ്രതിഷേധമാണ് ഇതുസംബന്ധിച്ച് നാടെമ്പാടും ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് സത്വരമായ നടപടി സ്വീകരിപ്പിച്ച് ഈ ഹീനകൃത്യം നടത്തിയ ആളുകളെ നിയമത്തിനുമുമ്പിൽ

കൊണ്ടുവരാനും മാതൃകാപരമായ ശിക്ഷ നൽകാനും കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട അംഗം പി. തിലോത്തമൻ ഇവിടെ ഉന്നയിച്ച കാര്യം അടിയന്തര പ്രാധാന്യം അർഹിക്കുന്നതാണ്. സ്വാതന്ത്ര്യസമര സേനാനിയും എല്ലാവരും ആദരിക്കുകയും ചെയ്യുന്ന സഖാവ് പി. കൃഷ്ണപിള്ളയുടെ സ്മാരകം 31–10–2013–ന് പുലർച്ചേ 1.30–ന് കണ്ണർക്കാട് എന്ന സ്ഥലത്ത് ആരോ തീവച്ചുനശിപ്പിച്ച സംഭവത്തിൽ മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ Crime 720/13 under section 153, 447, 427, 436 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ലോക്കൽ പോലീസ് അന്വേഷണം നടത്തിവരുന്നു. ഇതുസംബന്ധിച്ച് 130–ഓളം സാക്ഷികളിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ട്. 27–12–2013 –ലെ 1187/13/എം.3/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ഈ കേസ് ക്രൈംബ്രാഞ്ചിന് കൈമാറുവാൻ സർക്കാർ നിർദ്ദേശിക്കുകയും സി.ബി.സി. ഐ.ഡി. ടെമ്പിൾ ആന്റ് തെഫ്റ്റ് സ്ക്വാഡ് പോലീസ് സൂപ്രണ്ട് ശ്രീ. ഉണ്ണിരാജൻ ഐ.പി.എസ്.–ന്റെ നേതൃത്വത്തിൽ പ്രത്യേക ഇൻവസ്റ്റിഗേഷൻ ടീം രൂപീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 22–10–2013 മുതൽ ഈ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് സംഭവസ്ഥലം സന്ദർശിക്കുകയും 30 പേരെ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. 30–10–2013 തീയതി രാത്രി 12.30–ന് കായിപ്പുറം ജംഗ്ഷനിൽ ഇന്ദിരാഗാന്ധിയുടെ സ്തൂപവും കൊടിയും അടിച്ചുതകർത്തതിനുശേഷമാണ് അന്നേ ദിവസം പുലർച്ചേ 1.30

–ന് പി. കൃഷ്ണപിള്ള സ്മാരകത്തിന് തീ കൊളുത്തുകയും ഈ സ്തൂപത്തിന് കേടുപാടുകൾ വരുത്തുകയും ചെയ്തത്. ഈ കാര്യത്തിൽ അനൂർ സോമൻ, ലതീഷ് ചന്ദ്രൻ എന്നിവരെ നുണപരിശോധനയ്ക്ക് വിധേയരാക്കാൻ ശ്രമിച്ചെങ്കിലും ഇവർ വിസമ്മതം പ്രകടിപ്പിച്ചതിനാൽ നടന്നില്ല. 2013 ആഗസ്റ്റ് മാസം ഓണാഘോഷ പരിപാടിയോടനുബന്ധിച്ചുനടന്ന അടിപിടിയിൽ പരിക്കുപറ്റിയവർ ഈ കൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നുണ്ട്. സമീപത്ത് താമസിക്കുന്ന കുറ്റവാസനയുള്ളവർ ഈ കേസിൽ ഉൾപ്പെടുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. കേസിൽ ഉൾപ്പെടുന്നതിന് സാധ്യതയുള്ളവരുടെ വിരലടയാളമെടുത്ത് താരതമ്യം ചെയ്യുന്നുണ്ട്. സ്ഥലത്ത് ക്യാമ്പ് ചെയ്ത് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനുള്ള ശ്രമം പോലീസ് തുടർന്നുകൊണ്ടിരിക്കുന്നു. അന്വേഷണം ഊർജിതമായി നടത്തി കുറ്റവാളികളെ എത്രയും പെട്ടെന്ന് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കാര്യം വളരെ ഗൗരവമായിട്ടാണ് സർക്കാർ എടുക്കുന്നത്. തീർച്ചയായിട്ടും കുറ്റവാളികളെ കണ്ടെത്താനുള്ള സർവ്വശ്രമവും പോലീസിന്റെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മെമ്പർ പി. തിലോത്തമനെ ഞാൻ അറിയിക്കുന്നു.

## ജാതിപ്പേര് വിളിച്ച് കയ്യേറ്റം ചെയ്ത സംഭവം

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ നിയോജകമണ്ഡലമായ അങ്കമാലിയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരിയായ വനിതാ

മെമ്പറെ ജാതിപ്പേര് വിളിച്ച് കയ്യേറ്റം ചെയ്ത ഒരു സംഭവമുണ്ടായി. അവർ സി.പി.ഐ.(എം)-ന്റെ മെമ്പറാണ്. നാലഞ്ച് ദിവസമായിട്ടും പോലീസ് അതു സംബന്ധിച്ച് കൃത്യമായ ഒരന്വേഷണം നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ആൾ അവിടത്തെ ഒരു മെമ്പർ കൂടിയാണ്. അയാളെ അറസ്റ്റ് ചെയ്യുന്നില്ലെന്ന് മാത്രമല്ല ഇപ്പോൾ പോലീസ് വനിതാ മെമ്പർക്കെതിരെകൂടി കേസ്സെടുക്കാനുള്ള ശ്രമത്തിലാണ്. ഇക്കാര്യത്തിൽ അങ്ങ് അടിയന്തരമായി ഇടപെട്ട് യുക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ സി.പി.ഐ.(എം) മെമ്പറും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയംഗവുമായ ശാലിനി ബിജു(32)വിനെ അതേ പഞ്ചായത്തിലെ ഒമ്പതാം വാർഡ് മെമ്പറായ രവികുമാർ(50) 1/2/2014 തീയതി പകൽ 12.15-ന് പാറക്കടവ് ഗ്രാമപഞ്ചായത്ത് ഓഫീസിൽവച്ച് ഷോൾഡറിൽ പിടിച്ചുവലിച്ചത് ചുരിദാർ കീറുന്നതിനിടയാക്കിയെന്നും അതിൽനിന്ന് രക്ഷപ്പെടുന്നതിന് പുറത്തേയ്ക്കിറങ്ങിയ സമയം മറഞ്ഞുവീണെന്നും ശാലിനി ബിജു അങ്കമാലി ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ തേടിയതിനുശേഷം നൽകിയ മൊഴി പ്രകാരം രവികുമാറിനെ പ്രതിയാക്കി ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 341, 354, എസ്.സി./എസ്.ടി. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് 3(1), 10 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 113/2014 ആയി കേസ് രജിസ്റ്റർ ചെയ്തു. പഞ്ചായത്ത് ഓഫീസിന്റെ കെട്ടിടത്തിനു മുകളിലത്തെ നിലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മുറി

യിൽ ഇരുന്ന രവികുമാർ ഒരു കടലാസ് ഏൽപ്പിക്കാൻ വിളിച്ചതനുസരിച്ച് മുറിയിലേക്ക് ചെന്നപ്പോഴാണ് മേൽപ്പറഞ്ഞവിധം പ്രവർത്തിച്ചതെന്നും പട്ടിക ജാതിക്കാരിയായ തന്നെ ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചുവെന്നും പരാതി യിൽ പറഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ ശാലിനി ബിജു 1/2/2014 തീയതി പകൽ 12.15 മണിയോടെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മുറിയിലിരുന്ന തന്നെ അവർ കരുതിയിരുന്ന കർച്ചീഫിൽ പൊതിഞ്ഞുസൂക്ഷിച്ച എന്തോ വസ്തു കൊണ്ട് മൂക്കിലും മുഖത്തും ഇടിച്ച് പരിക്കേൽപ്പിച്ചുവെന്നും അതിൽ എൽ.ഡി.എഫ്. പതിനൊന്നാം വാർഡ് മെമ്പർ റീനാ രാജനും എൽ.ഡി.എഫ്. എട്ടാം വാർഡ് മെമ്പർ ജിഷാ ശ്രീധരനും സഹായികളായി വർത്തിച്ചുവെന്നും പറഞ്ഞ് രവികുമാർ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ചികിത്സ തേടി. ആശുപത്രിയിൽവച്ചുള്ള രവികുമാറിന്റെ മൊഴിപ്രകാരം ശാലിനി ബിജു, റീനാ രാജൻ, ജിഷാ ശ്രീധരൻ എന്നിവരെ പ്രതികളാക്കി ഐ.പി.സി. 341, 324, 34 എന്നീ വകുപ്പുകൾ പ്രകാരം ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ ക്രൈം 112/2014 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. ശാലിനി ബിജു വാദിയായ കേസ് ആലുവ ഡിവൈ.എസ്.പി.യും രവികുമാർ വാദിയായ കേസ് ചെങ്ങമനാട് സബ് ഇൻസ്പെക്ടറും അന്വേഷിച്ചുവരുന്നു. രണ്ടു കേസ്സിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതാണ്. ആരോപണങ്ങളുടെ നിജസ്ഥിതി കണ്ടെത്തുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തിവരിക യാണ്.

**മേമുണ്ടയിലെ സി.പി.എം.-ബി.ജെ.പി. സംഘട്ടനം**

ശ്രീ. കെ. എം. ഷാജി: സർ, കഴിഞ്ഞ തിങ്കളാഴ്ച രാത്രി വടകര, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വില്യാപ്പള്ളി പഞ്ചായത്തിലെ മേമുണ്ട യിൽ നടന്ന അതിനീചമായ ഒരു പ്രവർത്തി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അവിടത്തെ ബി.ജെ.പി.യുടെ പ്രചാരണ ബോർഡുകളും നരേന്ദ്രമോഡിയുടെ ഫോട്ടോ യുള്ള വലിയ ബോർഡുകളും അപ്പടി കീറിയെടുത്ത് അവിടത്തെ ഒരു മദ്രസ്സ യിൽ കൊണ്ടുപോയി കുറേയാളുകൾ നിക്ഷേപിക്കുന്നത് രാത്രിയിൽ അവിടെ യുണ്ടായിരുന്ന ചിലർ കണ്ടുപിടിക്കുകയും അവരെ വളഞ്ഞിട്ട് പിടിക്കുകയും ചെയ്തപ്പോൾ ആർ.കെ. ബാബു എന്നു പറയുന്ന ആർ.കെ. ചന്ദ്രൻ എന്ന സി. പി.ഐ.(എം) പഞ്ചായത്ത് മെമ്പറുടെ ജ്യേഷ്ഠൻ അടക്കമുള്ള കുറച്ചാളുകളെ നാട്ടുകാർചേർന്ന് പിടികൂടുകയുണ്ടായി. പക്ഷേ, പെട്ടെന്ന് അവിടേക്ക് ബോംബും ആയുധങ്ങളുമായി വന്ന സി.പി.ഐ.(എം).കാർ ഇവരെ മോചിപ്പി ച്ചുകൊണ്ടുപോയി. യഥാർത്ഥത്തിൽ ഫസലിന്റെ ചോരപുരണ്ട തൂവാല ഒരു ക്ഷേത്രത്തിനടുത്ത് ഇടാൻ ശ്രമിച്ചതുപോലെ ടി.പി. ചന്ദ്രശേഖരന്റെ കൊലപാ തകത്തോടനുബന്ധമായി മാഷാ അള്ളാ എന്ന ബോർഡെഴുതി കലാപം ഉണ്ടാക്കാൻ ശ്രമിച്ചതുപോലെ ഒരു വർഗ്ഗീയ കലാപത്തിന് പ്രത്യേകിച്ച് വളരെ സെൻസിറ്റീവായ വടകര താലൂക്കിൽ ഒരു ശ്രമം നടത്തുകയുണ്ടായത്. വളരെ അടിയന്തരമായി ഈ കേസ് അന്വേഷിച്ച് യഥാർത്ഥ പ്രതികളെ കണ്ടുപിടിക്കു കയും അതിശക്തമായ വകുപ്പുകൾ ചേർത്ത് ആ കുറ്റവാളികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. ഒരു കാര്യംകൂടി സൂചി പ്പിക്കാനുള്ളത്, ഇവിടെ തെരഞ്ഞെടുപ്പ് വരാനിരിക്കുകയാണ്, രാഷ്ട്രീയമായ

പകപോക്കലുകൾക്കുപകരം വർഗ്ഗീയ കലാപങ്ങൾ നടത്താനുള്ള ഇത്തരം പരിശ്രമങ്ങളിൽ പോലീസിന്റെ അതീവഗൗരവത്തോടെയുള്ള ജാഗ്രത ഉണ്ടായിരിക്കണമെന്നുള്ള അപേക്ഷകൂടി ഈ സബ്മിഷനിലൂടെ ഞാൻ അറിയിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 3/2/2014-ന് പുലർച്ചേ 3.30 മണിയോടുകൂടി രായിനക്കുനി ബാബു, ബിനീഷ് എന്നീ രണ്ട് സി.പി.ഐ.(എം) പ്രവർത്തകർ ചേർന്ന് മേമുണ്ട ടൗണിലുണ്ടായിരുന്ന നരേന്ദ്ര മോഡിയുടെയും ബി.ജെ.പി.യുടെയും ഫ്ളക്സ് ബോർഡുകൾ പറിച്ചെടുത്ത് അവിടെയുണ്ടായിരുന്ന ബാഫക്കി തങ്ങൾ മദ്രസ്സയുടെ വളപ്പിലെറിഞ്ഞു. സമീപത്തുണ്ടായിരുന്ന ഏതാനും മുസ്ലീം കുട്ടികൾ ഇതുകണ്ട് രണ്ടുപേരെയും പിടികൂടി. അതേ സമയം വിവരമറിഞ്ഞ് ബി.ജെ.പി.ക്കാർ സ്ഥലത്തെത്തിയപ്പോൾ ബിനീഷ് കുതറിയോടി രക്ഷപ്പെട്ടു. ബിനീഷ് ഫോൺ ചെയ്തനുസരിച്ച് ജിതിൻ, സുരേന്ദ്രൻ തുടങ്ങിയ 32-ഓളം സി.പി.ഐ.(എം) പ്രവർത്തകർ സ്ഥലത്തെത്തി മുസ്ലീം കുട്ടികളും ബി.ജെ.പി. പ്രവർത്തകരും നിന്ന സ്ഥലത്തേക്ക് ബോംബെറിഞ്ഞ് ഭീതി പരത്തുകയും കൊടുവാൾ കാണിച്ച് ഭീഷണിപ്പെടുത്തിയും രായിനക്കുനി ബാബുവിനെ രക്ഷപ്പെടുത്തി. ഇതിലേക്ക് ബി.ജെ.പി. പ്രവർത്തകനായ ബാബുവിന്റെ പരാതി പ്രകാരം ഐ.പി.സി. 143, 147, 148, 149, 506(2), 153, 308, 427, ഇ.എസ്. ആക്ട് 4 എന്നീ വകുപ്പുകൾ പ്രകാരം വടകര സ്റ്റേഷനിൽ ക്രൈം 191/14 ആയി കേസ് രജിസ്റ്റർ ചെയ്തു. കേസ്സിലെ പ്രതികൾ മേൽപ്പറഞ്ഞ നാലു സി.പി.ഐ.(എം) പ്രവർത്തകരും മറ്റു കണ്ടാലറിയാവുന്ന മുപ്പത് പേരുമാണ്.

ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. വടകര എസ്.ഐ. ഈ കേസ് അന്വേഷിച്ചു വരുന്നു. ഇതിലെ പ്രതികൾ എന്നുസംശയിക്കുന്നവർ മറ്റുചില ക്രൈം കേസ്സുകളിലും പ്രതികളാണ്. ഇവരെ നിരീക്ഷിക്കുകയും അവരുടെ ഫോൺ ഡീറ്റെയിൽസ് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. സബ്മിഷനിൽ പറയുന്നതുപോലെ പോലീസ് സ്റ്റേഷനിൽനിന്നോ പോലീസ് കസ്റ്റഡിയിൽനിന്നോ ആരേയും മോചിപ്പിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വളരെ ജാഗ്രതയോടെയാണ് വടകര പോലീസ് ഈ കേസ്സിൽ മുന്നോട്ടുപോകുന്നത്.

## റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം

ശ്രീ. പി. സി. ജോർജ്: സർ, റേഷൻകടക്കാർ ഇന്ന് സൂചനാ പണിമുടക്ക് നടത്തുകയാണ്. സഖാവ് വി.എസ്. അച്ചുതാനന്ദൻ സഭയിൽ പറഞ്ഞ കാര്യം തന്നെയാണ്. കളക്ടറേറ്റിന് മുമ്പിൽ അവർ പ്രതിഷേധ സമരം നടത്തുകയാണ്. ഈ മാസം 15 മുതൽ അനിശ്ചിതകാല സമരമാണ്. റേഷൻകടക്കാരെല്ലാം കള്ളൻമാരാണ് എന്ന അഭിപ്രായമൊന്നും എനിക്കില്ല. കാരണം, അവരെ മോഷ്ടിക്കാൻ ഗവൺമെന്റ് പ്രേരിപ്പിക്കുകയാണ്. കമ്മീഷനും കൊടുക്കില്ല, ഒന്നും കൊടുക്കില്ല. അവർക്ക് ജീവിക്കണമെങ്കിൽ മോഷ്ടിക്കണമെന്ന സ്ഥിതിയാണ്. ആ സാഹചര്യമുണ്ടാക്കി വച്ചത് നമ്മുടെ സർക്കാരാണ്, വഴക്കുണ്ടാക്കിയിട്ട് കാര്യമില്ല. 1981-ലാണ് അവർക്ക് ആദ്യമായി അല്പം കമ്മീഷൻ കൊടുത്തത്. പിന്നീട് കുറച്ച് കൊടുത്തു. ഇപ്പോഴത്തെ നിലയെന്താണ്; കമ്മീഷൻ കൊടുക്കാതെ അവരെങ്ങനെയാണ് കട നടത്തുന്നത്? റേഷനരി വിറ്റാൽ കമ്മീഷനെന്നു പറയുന്നത് ചാക്കാണ്. ചാക്ക് കമ്മീ

ഷനായി കച്ചവടം നടത്തിയാൽ കുടുംബം കഴിയാൻ സാധിക്കുമോ; 14000–ത്തോളം വരുന്ന റേഷൻകടക്കാർ ഇന്ന് സമരവുമായി രംഗത്തിറങ്ങുകയാണ്. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. എല്ലാവരും വലിയ വിപ്ലവം പറയും. അരി വിറ്റ ചാക്കാണ് കൊടുക്കുന്നത്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം തകരാൻ പോകുകയാണെന്നാണ് എന്റെ അഭിപ്രായം. 14000 റേഷൻകടകൾ അടച്ചിടുന്ന സാഹചര്യമുണ്ടായാൽ പൊതുവിതരണ ശൃംഖല തകരും. ഒരു തർക്കവും വേണ്ട. ബി.പി.എൽ.കാർക്ക് 35 കിലോ അരി കൊടുത്തിരുന്നു. ഇപ്പോൾ അത് 25 കിലോ ആയി. ഇതനുസരിച്ച് റേഷൻ വിതരണക്കാരുടെ കമ്മീഷൻ അവിടെയും കുറഞ്ഞു. എ.പി.എൽ.കാർക്ക് ഇപ്പോൾ ഗോതമ്പ് കൊടുക്കുന്നില്ല. അതും പോയി. ഇതെല്ലാം കൊടുത്തിരുന്നതാണ്. സ്വഭാവികമായി അപ്പോൾ കമ്മീഷൻ ഇല്ല. അവരോട് നീതി ചെയ്യേണ്ടതല്ലേ. 14000–ത്തോളം കുടുംബങ്ങൾക്ക് ഈ രാജ്യത്ത് കഴിയണ്ടേ; വർഷങ്ങളായി പൊതുവിതരണ ശൃംഖലയിൽ ശക്തമായ നിലപാട് സ്വീകരിച്ചിരുന്ന വർഗ്ഗമാണവർ. റേഷൻകടക്കാരെല്ലാം കള്ളൻമാരാണെന്നുപറഞ്ഞ് അവരെ മോശമാക്കിയിട്ട് കാര്യമില്ല. പ്രത്യേകിച്ച്, ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന മുന്നണിയിലുള്ള ശ്രീ. ജോണി നെല്ലൂരാണ് അവരുടെ സംഘടനയുടെ പ്രസിഡന്റ്. വേറൊരു തമാശകൂടി പറയാനുണ്ട്. ഈ സംഘടനയുടെ ആദ്യത്തെ പ്രസിഡന്റ് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. കെ. വി. തോമസാണ്. അദ്ദേഹം ഇപ്പോൾ ഇവരെ അറിയുകയേയില്ല. ഇതെല്ലാംകൂടി വന്ന് റേഷൻകടക്കാർ വലിയ മന:പ്രയാസത്തിലും ദു:ഖത്തിലുമാണ്. അവരെ ഒന്ന് സഹായിക്കണം. അവർക്ക് കമ്മീഷൻ കൂട്ടികൊടുക്കണം. ഏതായാലും അവരെ സമരം ചെയ്യിക്കാൻ പാടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇട

പെട്ട് ഭക്ഷ്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പു മന്ത്രിയുടെ കണ്ണുകൂടി ഒന്ന് തുറക്കണം. റേഷൻകടക്കാരെ ഒരു കാരണവ ശാലും സമരത്തിലേക്ക് പറഞ്ഞുവിടാൻ പാടില്ല എന്നു തന്നെയാണ് എന്റെ അഭിപ്രായം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ബഹുമാനപ്പെട്ട പ്രതി പക്ഷനേതാവ് കഴിഞ്ഞ ദിവസം ഇതേ വിഷയം ഉന്നയിച്ചിരുന്നു. അന്ന് ഇതിന് മറുപടിയും നൽകിയതാണ്. ബഹുമാനപ്പെട്ട ചീഫ് വിപ് ഉന്നയിച്ച റേഷൻ വ്യാപാരികൾ സമരത്തിലേക്ക് പോകുന്നു എന്നുള്ള വിഷയത്തെക്കു റിച്ചായിരുന്നു അദ്ദേഹവും പറഞ്ഞത്. ഒരു സമരത്തിന് പോകേണ്ട സാഹച ര്യമൊന്നും ഇപ്പോഴില്ല. ഡിസംബർ മാസം 17–ാം തീയതി ഗവൺമെന്റ് അവരെ ചർച്ചയ്ക്ക് വിളിക്കുകയും ഇവർ പറയുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും ഒന്നര മണിക്കൂർ ചർച്ച ചെയ്തതുമാണ്. സോൾവൻസിയുടെ ഇഷ്യൂസ്, കമ്മീഷൻ വർദ്ധിപ്പിക്കാമെന്നുള്ള സ്ഥിരമായി ട്ടുള്ള ആവശ്യങ്ങൾ, ധനസഹായ വർദ്ധനവ്, പെൻഷൻ വർദ്ധനവ്, ചികിത്സാ സഹായ വർദ്ധനവ്, സോൾവൻസി രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകൽ തുടങ്ങിയ വിവിധ വിഷയങ്ങളായിരുന്നു അവർ ഉന്നയിച്ചിരുന്നത്. ഇതെല്ലാം ഗവൺമെന്റ് പരിശോധിക്കുകയും അതി നനുസൃതമായ നടപടികൾ എടുക്കാമെന്ന് പറയുകയും സോൾവൻസിക്ക് അതിന്റെ തുക കുറച്ചുകൊടുക്കുവാൻ തീരുമാനിക്കുകയും സോൾവൻസി രജിസ്റ്റർ ചെയ്യാനുള്ള സമയ പരിധി മാർച്ച് 31–വരെ നീട്ടി കൊടുക്കുകയും

ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇവരുടെ കമ്മീഷനും വർദ്ധിപ്പിച്ചിട്ടുണ്ട്. 1-10-2012-ൽ ഇവർക്ക് ക്വിന്റലിന് നേരത്തെ ഉണ്ടായിരുന്ന 35 രൂപയിൽനിന്ന് പരമാവധി 60 രൂപയായി വർദ്ധിപ്പിച്ചു കൊടുത്തു. പരമാവധി അവരുടെ പ്രശ്നങ്ങൾക്ക് മാന്യമായ നിലയിൽ തൊഴിലെടുത്ത് കൊടുക്കുന്നതിനുള്ള സാഹചര്യങ്ങൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. കമ്മീഷൻ 2012-ൽ വർദ്ധിപ്പിച്ചതാണ്. കഴിഞ്ഞ ഡിസംബർ മാസത്തിൽ നടത്തിയ ചർച്ചയിൽ ഉന്നയിച്ച വിവിധ വിഷയങ്ങളിൽ സോൾവൻസിയുടെ കാര്യത്തിൽ വ്യക്തമായ തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. റേഷൻ വ്യാപാരികൾക്കുള്ള മണ്ണെണ്ണയുടെ കമ്മീഷൻ ഇപ്പോൾ ഒരു കിലോ ലിറ്ററിന് 198 രൂപയായി കൊടുക്കുന്നത് 291 രൂപയായി വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. അതും ഉടനെ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. ഇത്തരത്തിലുള്ള വിഷയങ്ങളുണ്ടെങ്കിലും അവരോട് വളരെ അനുഭാവപൂർവ്വമായ ഒരു സമീപനമാണ് ഗവൺമെന്റ് എടുക്കുന്ന്. പക്ഷേ, തുടരെത്തുടരെയുള്ള ഒരു സമരത്തിലേക്ക് പോകേണ്ട സാഹചര്യം ഗവൺമെന്റ് കാണുന്നില്ല. എന്തായാലും സമരത്തിന് നോട്ടീസ് നൽകിയ സ്ഥിതിക്ക് അവരെ ചർച്ചയ്ക്ക് വീണ്ടും വിളിക്കുന്നതാണ്. ഇവരുടെ വിഷയങ്ങൾ കുറെ പരിഹരിക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മണ്ണെണ്ണയുടെ കമ്മീഷൻ വർദ്ധിപ്പിക്കാനുള്ള തീരുമാനം എടുക്കുകയും റേഷൻ അരിയുടെ കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുക്കുകയും സോൾവൻസിയുടെ ഇഷ്യൂസും പരിഹരിച്ചിട്ടുണ്ട്. വേതന വ്യവസ്ഥയിലേക്ക് വരണമെന്നു പറയുന്നത് ഗവൺമെന്റിന് പരിഹരിക്കാൻ കഴിയുന്ന ഒരു വിഷയമല്ല. ഗോതമ്പ് കുറഞ്ഞു എന്നുപറയുന്നതിനെക്കുറിച്ച് ഈ സഭയിൽ പല തവണ

മറുപടി നൽകിയതാണ്. കേന്ദ്രത്തിൽനിന്നുള്ള ഗോതമ്പിന്റെ വിഹിതത്തിന് കുറവ് വന്നതുകൊണ്ടാണ് എ.പി.എൽ. വിഭാഗത്തിനുള്ള ഗോതമ്പ് കുറയ്ക്കേണ്ട ഒരു സാഹചര്യം വന്നത്. വീണ്ടും ഗോതമ്പ് എ.പി.എൽ. വിഭാഗത്തിനു കൊടുക്കാനുള്ള നടപടി പുന:സ്ഥാപിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്. റേഷൻകടക്കാരെ കള്ളന്മാരായിട്ടൊന്നും ഗവൺമെന്റ് കണക്കാക്കിയിട്ടില്ല. അവർ നല്ലതായി സേവനം നടത്തുന്നു എന്നാണ് മനസ്സിലാക്കുന്നത്. കൂടാതെ ഈ മേഖലയിലുള്ള വിഷയങ്ങളിൽ ക്രമക്കേടുകൾ ഉണ്ടെങ്കിൽ കർശനമായി പരിശോധിക്കേണ്ടതായി വരും. ഇപ്പോൾ റേഷൻ കാർഡുകൾ പരിശോധിക്കാനുള്ള ഒരു തീരുമാനം എടുത്തിട്ടുണ്ട്. അതാണ് പെട്ടെന്നുള്ള ഈ പ്രൊവോക്കേഷന് കാരണമെന്ന് ഞാൻ മനസ്സിലാക്കുകയാണ്. എന്നാലും അവരുടെ വിഷയം അനുഭാവപൂർവ്വം പരിഗണിക്കും.

**വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നതുമൂലമുണ്ടാകുന്ന ആശങ്കകൾ**

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ ഈ വിഷയത്തെക്കുറിച്ച് സഭയിൽ രണ്ടാമത്തെ തവണയാണ് ഉന്നയിക്കുന്നത്. ഇന്നുരാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയോടുകൂടി കേരളത്തിലെ വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുകയാണ്. സ്ഥാവര ജംഗമ സ്വത്തുക്കളെല്ലാം കമ്പനിയുടെ അവകാശത്തിലേക്ക് വന്നിരിക്കുകയാണ്. കേരളത്തിലെ വൈദ്യുതി മേഖലയിലെ ഏറ്റവും ശക്തമായ ഒരു ഗവൺമെന്റ് കമ്പനിയായി തീർന്നു. കമ്പനിവൽക്കരണത്തെക്കുറിച്ചുണ്ടായിരുന്ന ഒരുപാട് വിവാദങ്ങളൊക്കെയുണ്ട്. അതിനെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. കേരളത്തിൽ രണ്ടുതവണ തൊഴിൽ വകുപ്പ് കൈകാര്യം ചെയ്ത

ഉദാരമതിയായ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് കമ്പനിവൽക്കരണത്തോടുകൂടി 31,000-ൽപരം വരുന്ന ജീവനക്കാരുടെയും അത്രയും സംഖ്യ വരുന്ന പെൻഷൻകാരുടെയും ബാധ്യത ആരാണ് ഏറ്റെടുക്കുന്നത്? ഈ പുതിയ കമ്പനിയിൽ അങ്ങനെയുള്ള വ്യക്തമായ ഒരു നിയമമില്ല. സ്വത്തുവകകളെല്ലാം ഏറ്റെടുക്കുകയും ജീവനക്കാരുടെ പെൻഷൻ അവതാളത്തിലാകുകയും അവരുടെ സർവ്വീസ് കണ്ടീഷനിൽ യാതൊരു ഉറപ്പുമില്ലാതിരിക്കുകയാണ്. സമാനമായ കമ്പനിവത്ക്കരണം നടന്ന ഝാർഖണ്ഡിലും ബീഹാറിലും തമിഴ്നാട്ടിലുമെല്ലാം വ്യക്തമായ നിയമങ്ങളുണ്ട്. ഇപ്പോൾ അവർ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന കാലത്തുള്ള എല്ലാ ആനുകൂല്യങ്ങളും പെൻഷനടക്കമുള്ളത് ഗ്യാരന്റി ചെയ്യണം. ഇത് ജീവനക്കാർക്കിടിയിലുള്ള വലിയ ഒരു അപ്രിഹെൻഷനാണ്. വലിയ ഒരു ആശങ്കയാണ് ഇതുമൂലം ഉണ്ടായിരിക്കുന്നത്. ഇതിന് ഗവൺമെന്റ് വ്യക്തമായ ഒരു നിലപാട് സ്വീകരിക്കണം. കഴിഞ്ഞകാലത്ത് ഉള്ളതുപോലെ ക്യാഷ്-ഫ്ളോവഴി അവരുടെ പെൻഷൻ ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പെൻഷൻ ഫണ്ട് മൂന്നാമതൊരു കക്ഷിയെ ഏൽപ്പിക്കാൻ പാടില്ലെന്നുള്ള നിലയിൽ ഒരു നിലപാട് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം വളരെയധികം ചർച്ചകൾ നടത്തിയതിനുശേഷമാണ് ഗവൺമെന്റ് അവസാനമായി ഒരു തിരുമാനമെടുത്തത്. മുൻ ഗവൺമെന്റ് എടുത്ത തീരുമാനം തുടർന്ന് നടത്തുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. മുൻ ഗവൺമെന്റിന്റെ കാലത്ത് 2008-ൽ അങ്ങ് കൂടി മന്ത്രിയായി

രുന്ന കാലത്തെടുത്ത തീരുമാനം അതിന്റെ ഒന്നാം ട്രാൻസ്ഫർ സ്കീമനുസരിച്ച് നടന്നു. അങ്ങനെയാണ് 2008–ൽ കെ.എസ്.ഇ.ബി. എന്നത് പിരിച്ചു വിടുകയും ആസ്തി ബാധ്യതകൾ സർക്കാർ ഏറ്റെടുക്കുകയും ചെയ്തത്. കേന്ദ്രം പറഞ്ഞിട്ടുതന്നെയാണ് ഏറ്റെടുത്തത്. വേറെ മാർഗ്ഗമില്ലായിരുന്നു എന്നുള്ള കാര്യവും ഞാൻ സമ്മതിക്കുന്നു. ഞാൻ കുറ്റപ്പെടുത്തുന്നതല്ല. 2003–ലെ ആക്ടനുസരിച്ച് ചെയ്തത് ശരിയായിരുന്നു വേറെ യാതൊരു മാർഗ്ഗവുമില്ലായിരുന്നു. അതനുസരിച്ച് 2008–ൽ ആസ്തി ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കുകയും ഒരു കമ്മിറ്റിയെ വയ്ക്കുകയും എന്നുമാത്രമല്ല സ്പെഷ്യൽ ഓഫീസറെയും കമ്മിറ്റിയിൽ നിയമിച്ചു. 2003–ലെ ആക്ടനുസരിച്ച് ഒരു കമ്പനി രജിസ്റ്റർ ചെയ്താൽ ആസ്തി ബാധ്യതകൾ കമ്പനിക്ക് റീവെസ്റ്റ് ചെയ്യണമെന്നുള്ളതാണ് നിയമം. വെസ്റ്റിംഗ് ആദ്യം നടത്തിയിരുന്നു. റീവെസ്റ്റിംഗ് മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. ക്യാബിനറ്റ് തീരുമാനമനുസരിച്ച് 2011 ജനുവരി മാസത്തിൽ അന്നത്തെ ഗവൺമെന്റ് ഒരു കമ്പനി രജിസ്റ്റർ ചെയ്തു. കമ്പനി രജിസ്റ്റർ ചെയ്തതിനുശേഷം 2500 കോടി ഉറുപ്പികയുടെ പെൻഷൻ ഫണ്ടുണ്ടാക്കാൻ തീരുമാനിച്ചു. കമ്പനി രജിസ്റ്റർ ചെയ്യുകയും റീവെസ്റ്റിംഗ് നടത്തുകയും ചെയ്തു. അവരുടെ പെൻഷനും ബാക്കിയുള്ള എല്ലാ കാര്യങ്ങളും 2013–ലെ രണ്ടാമത്തെ ട്രാൻസ്ഫർ സ്കീമിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 7,584 കോടി രൂപയുടെ ഒരു ഫണ്ട് അതിനു വേണ്ടി മാറ്റിവക്കുകയും ചെയ്തു. ആ ഫണ്ടുപയോഗിച്ച് ഇവരുടെ പെൻഷൻ നൽകാൻ കഴിയില്ലെങ്കിൽ ക്യാഷ് ഫ്ളോയിൽനിന്ന് എടുക്കുന്നതാണ്. അതുകൊണ്ട് മെമ്പർ ചൂണ്ടിക്കാണിച്ചതുപോലുള്ള യാതൊരു

പ്രയാസവും ഉണ്ടാകുകയില്ല. മാത്രമല്ല യൂണിയൻകാരുമായി പല തവണ ചർച്ച ചെയ്തതാണ്. എന്നുമാത്രമല്ല ഇതിനുവേണ്ടി അവരുമായി ഒരു എഗ്രിമെന്റ് വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആശങ്ക ഇതിലുണ്ടാവുകയില്ല.

## ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ പ്രതിസന്ധി

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസെന്ന സ്ഥാപനം വ്യാവസായികാവശ്യത്തിനുവേണ്ടിയിട്ടുള്ള കെമിക്കൽസുകളായ കാസ്റ്റിക് സോഡ, ക്ലോറിൻ, ഹൈഡ്രോക്ലോറിക് ആസിഡ് എന്നിവയൊക്കെ ഉൽപ്പാദിപ്പിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഈ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഡിസംബറോടെ 7 കോടിയോളം രൂപ നഷ്ടം രേഖപ്പെടുത്തിയിട്ടുള്ള ഒരു സ്ഥാപനമാണ്. 2001-ൽ 54 കോടി രൂപ നഷ്ടത്തിലേക്ക് വന്ന ഈ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ശ്രീ. എ. കെ. ആന്റണി മുൻകൈ എടുക്കുകയും ക്യാബിനറ്റിന്റെ സബ്കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ആ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ടുകൊണ്ടുള്ള താരിഫ് റേറ്റ് 2 രൂപ 42 പൈസ ആക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് 2003-ൽ പുറപ്പെടുവിക്കുകയുണ്ടായി. അതിനുശേഷം ഇന്നുവരെ അതുപ്രകാരം കുടിശ്ശികകൾ കൂടാതെ കമ്പനി പണം അടച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് 93 കോടി രൂപ മുതലും 263 കോടി

രൂപ പലിശയും ചേർത്തുകൊണ്ട് 356 കോടി രൂപ അടയ്ക്കാൻ വേണ്ടിയിട്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ തുക അടയ്ക്കുകയാണെങ്കിൽ ഈ കമ്പനി പൂട്ടിപ്പോകുന്ന സ്ഥിതിയാണ്. ഇതിനകത്ത് ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് ബി.എസ്.ഇ.എസ്. എന്നുപറയുന്ന ഒരു കമ്പനിക്ക് 20 ഏക്കർ സ്ഥലം ടി.സി.സി. പാട്ടത്തിന് കൊടുത്തതാണ്. പാട്ടക്കാലവധി 31–03–2012–ൽ അവസാനിച്ചു. 2012–ൽ അവസാനിച്ചിട്ടും ആ പാട്ടക്കാലാവധി പൂർത്തീകരിച്ചതിനുശേഷവും കരാർ പുതുക്കാൻവേണ്ടി ഇതുവരെ ബോർഡ് തയ്യറായിട്ടില്ല. കരാർ പുതുക്കിയിട്ടില്ല എന്നുമാത്രമല്ല ഇപ്പോൾ ബോർഡ് പറയുന്ന വിചിത്രമായ കാര്യങ്ങൾ 20 ഏക്കർ ഭൂമി നിങ്ങൾ അഡ്വാൻസായി 200 കോടി രൂപ വിലമതിക്കുന്ന രീതിയിൽ അഡ്വാൻസായി അവർക്ക് കൊടുക്കണമെന്നാണ് പറയുന്നത്. ബി.എസ്.ഇ.എസ്. ഇപ്പോൾ റിലയൻസിന്റെ കയ്യിലാണെന്ന കാര്യം ശ്രീ. ആര്യാടൻ മുഹമ്മദിന് അറിയാവുന്നതാണ്. ഇൻഡയറക്ടായി ഇലക്ട്രിസിറ്റി ബോർഡ് റിലയൻസിനുവേണ്ടി ഭൂമി കൊടുക്കാൻവേണ്ടി ഏർപ്പാട് നടത്തരുത്. അവർ പറയുന്ന ഒരു കാര്യം മൊത്തം പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വൈദ്യുതി കുടിശ്ശികയ്ക്കും ടി.സി.സി.–യുടെ ഭൂമി വാങ്ങാനാണ് പറയുന്നത്. ബി.എസ്.ഇ.എസ്.–മായിട്ടുള്ള കരാറിനെക്കുറിച്ച് അങ്ങേയ്ക്കറിയാം. ഏറ്റവും കൂടുതൽ പവർ പർച്ചേസിന്റെ പേരിൽ 3,000–ൽ പരം കോടി രൂപ അവർ കൊടുത്തുകഴിഞ്ഞു. ഒരു കരാർ ഉണ്ടാക്കിയതാണ്. ആ വിഷയത്തിലേക്ക് പോകുന്നില്ല. ടി.സി.സി. ആവശ്യപ്പെടുന്ന ഒരു കാര്യം അനധികൃതമായി ഉണ്ടാക്കിയിരിക്കുന്ന കുടിശ്ശിക, 2003–ലെ താരിഫ് റേറ്റ് ഫ്രീസ് ചെയ്ത ഉത്തരവ് കെ.എസ്.ഇ.ബി.–ക്ക് ബാധകമാണ്. റഗുലേറ്ററി കമ്മിറ്റി അതോറിറ്റി വരു

ന്നതിനു മുമ്പുള്ള ഉത്തരവാണ്. അത് ബാധകമാക്കിക്കൊണ്ട് അതുപ്രകാരം കുടിശ്ശിക വരികയില്ല. മാത്രമല്ല ഓപ്പൺ ആക്സസിൽനിന്ന് വൈദ്യുതി എടുക്കുന്നതിനെ സംബന്ധിച്ച് ഇവിടെ എൻ.ഒ.സി. കൊടുക്കുന്നില്ല. ബിനാനി സിങ്കിന് എൻ.ഒ.സി. കൊടുത്തു. 43,23,52,462 രൂപ അവർക്ക് കുടിശ്ശികയുണ്ട്. അവർ കേസിനുപോകുകയും അവർക്ക് അനുകൂലമായ വിധി വരികയും ചെയ്തു. ടി.സി.സി.-ക്ക് കേസിനുപോകാൻ സാധിക്കില്ല. അതൊരു പൊതു മേഖലാ സ്ഥാപനമാണ്. സർക്കാരിന്റെ അനുവാദമില്ലാതെ കേസിന് പോകാൻ സാധിക്കില്ല. അതുകൊണ്ട് ഈ പൊതുമേഖലാ സ്ഥാപനത്തിന് ഓപ്പൺ ആക്സസിൽ വൈദ്യുതി വാങ്ങാനുള്ള എൻ.ഒ.സി. കൊടുക്കണം. അനധികൃതമായി ഉണ്ടാക്കിയിരിക്കുന്ന കരാർ നിങ്ങൾ അവസാനിപ്പിക്കണം. ടി.സി. സി.യുമായുള്ള കരാർ പുതുക്കി പുതിയ താരിഫ് റേറ്റുണ്ടാക്കി, പാട്ടക്കുടിശ്ശിക കൊടുക്കാനുള്ളത് കൊടുത്തുകൊണ്ട് ആ പ്രശ്നം പരിഹരിക്കാൻ അങ്ങ് മുൻകൈ എടുക്കണം. അങ്ങ് ട്രേഡ് യൂണിയൻ നേതാവുകൂടിയാണ്. 100 കണക്കിന് തൊഴിലാളികൾ ജോലി എടുത്തുകൊണ്ടിരിക്കുന്ന ടി.സി.സി. എന്നുപറയുന്ന സ്ഥാപനത്തെ അടച്ചുപൂട്ടുന്ന സ്ഥിതിയിലേക്ക് വൈദ്യുതി ബോർഡ് ഒരു ബാർഗെയ്നിംഗ് നടത്തരുത്. അങ്ങ് ഇതിനെക്കുറിച്ച് നന്നായി അറിഞ്ഞുകൊണ്ട് കാര്യം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു പരിഗണന വച്ചുകൊണ്ട് ഓപ്പൺ ആക്സസിൽ എൻ.ഒ.സി. കൊടുക്കാനായി അങ്ങ് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഓപ്പൺ ആക്സസ് അനുവദിക്കുന്നതിന് യാതൊരു വിരോധവുമില്ല. ഓപ്പൺ

ആക്സസിന്റെ കാര്യത്തിൽ 2013 സെപ്റ്റംബർ മാസത്തിൽ റെഗുലേറ്ററി കമ്മീഷൻ ഒരു ഓർഡർ ഇറക്കിയിട്ടുണ്ട്. 2013 ജൂലൈയിലും ആഗസ്റ്റിലും ഓപ്പൺ ആക്സസ്സിൽ ഇവർ പവർ എടുത്തിട്ടുണ്ട്. 2013 സെപ്റ്റംബറിൽ റെഗുലേറ്ററി കമ്മീഷൻ ഇറക്കിയ ഓർഡറിൽ കുടിശ്ശികയുള്ളവർക്കൊന്നും ഇത് ബാധകമാക്കാൻ പാടില്ല എന്നുപറഞ്ഞിട്ടുണ്ട്. ബിനാനിസിങ്കിന്റെ കുടി ശ്ശിക മുൻഗവൺമെന്റിന്റെ കാലത്ത് 36 ഗഡുക്കളാക്കി മുഴുവൻ അടച്ചു തീർന്നു. പിന്നെ ഒരു കേസ്സ് നിലവിലുള്ളത് 92 താരിഫിന്റെ കേസ്സാണ്. ആ കേസ്സ് സുപ്രീംകോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അപ്പോൾ അത് ബാധക മാകുന്നില്ല. അതാണ് പൊസിഷൻ. അപ്പോളോ ടയേഴ്സ്, ടി.സി.സി, ബിനാ നിസിങ്ക് എന്നീ മൂന്നു കമ്പനികളാണ് ഓപ്പൺ ആക്സസ്സിൽ പവർ എടുത്തത്. റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ച കണ്ടീഷനനുസരിച്ച് ഇത് ചെയ്യാവുന്നതാണ്. പക്ഷെ അല്ലാതെതന്നെ ഇത് ചെയ്യാൻ കഴിയുമോ എന്ന് ഗവൺമെന്റ് ................. പ്ലീസ് ഒന്നുപറഞ്ഞോട്ടെ...... അവർ ഒരുപെറ്റീഷൻ തന്നു. ആ പെറ്റീഷൻ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ടി.സി.സി.-യെ യാതൊരു കാരണവശാലും ശല്യപ്പെടുത്തില്ല എന്നുമാത്രമല്ല അതിനുവേണ്ട സഹായം ചെയ്യും. പക്ഷേ ഒരു കാര്യം, അദ്ദേഹം പറഞ്ഞ ഫിഗറെല്ലാം വളരെ കറക്ടാണ്. 92 കോടിയിൽപ്പരമാണ് അതിന്റെ പ്രിൻസിപ്പൽ എമൗണ്ട്. ഇതിൽ അവരുടെ വാദം അദ്ദേഹം പറഞ്ഞ വാദമല്ല. അവരുടെ വാദം ഇത് ഗവൺമെന്റാണ് നൽകേണ്ടത് എന്നാണ്. ഗവൺമെന്റാണെങ്കിൽ വ്യവസായ വകുപ്പാണ് നൽകേണ്ടത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ളതാണ്. ഇത് ഞങ്ങൾ തരുമെന്നുകാണിച്ചുകൊണ്ടുള്ള ഒരൊറ്റ ലെറ്റർ വ്യവസായ വകുപ്പ് തന്നാൽ മതി. അവിടെവച്ച് ഇതവസാനിപ്പിക്കാം എന്നുമാത്രമല്ല അവർക്ക്

ഇഷ്ടമില്ലെങ്കിൽ ഞങ്ങൾക്ക് ആ ഭൂമി വേണ്ട. സെന്റിന് 30,000 രൂപ കണക്കാക്കിയ ഭൂമിക്ക് ഇപ്പോൾ 10 ലക്ഷമാണ് പറയുന്നത്. അതും പബ്ലിക് സെക്ടറാണ്, ഇതും പബ്ലിക് സെക്ടറാണ്. അവിടെ 1500 തൊഴിലാളികളാണുള്ളതെങ്കിൽ ഇവിടെ 31,000 തൊഴിലാളികളാണുള്ളത്. രണ്ടായിരത്തിൽചില്വാനം കോടി രൂപയാണ് കഴിഞ്ഞ വർഷത്തെ നഷ്ടം. പവറില്ല. ഗ്യാസുപയോഗിച്ചാൽ നമുക്ക് കുറെക്കൂടി ലഭിക്കും. ഇത് ബി.എസ്.ഇ.എസ്–ന് അല്ല ബോർഡിനുവേണ്ടിയാണ് എടുക്കുന്നത്. ബോർഡിന്റെ കസ്റ്റഡിയിലാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ടി.സി.സി.–ക്ക് ഞങ്ങൾ ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യാം. അവർക്ക് നഷ്ടം വരുത്താൻ ഉദ്ദേശിക്കുന്നില്ല. അത് പബ്ലിക് സെക്ടറാണ്. അതുപോലെ കെ.എസ്.ഇ.ബി.–യെ നഷ്ടപ്പെടുത്താൻ ശ്രമിക്കാതിരുന്നാൽ മാത്രം മതി.

## ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ജോലി സുരക്ഷ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ദുരിതപൂർണ്ണമായ സാഹചര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് 350 ഓളം ഏകാദ്ധ്യാപക വിദ്യാലയങ്ങളുണ്ട്. ആദിവാസി–പിന്നോക്ക മേഖലകളിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇതിൽ 27 എണ്ണം എന്റെ നിയോജകമണ്ഡലത്തിലാണ്. അതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ പ്രത്യേകമായി ഇവിടെ കൊണ്ടുവരുന്നത്. 2003–ൽ പ്രഖ്യാപിച്ച 3000 രൂപയാണ് ഇവിടത്തെ അദ്ധ്യാപകരുടെ ശമ്പളം. ഇതു

തന്നെ 2013 സെപ്റ്റംബർ മാസം വരെയുള്ള ശമ്പളമേ ലഭിച്ചിട്ടുള്ളൂ. അതിനുശേഷമുള്ള ശമ്പളം കിട്ടിയിട്ടില്ല. ഈ സംഖ്യ അടിയന്തരമായി ഉയർത്തേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി എം.ജി. എൽ.സി. എന്നാണ് ഈ ഏകാദ്ധ്യാപക വിദ്യാലയങ്ങൾക്ക് പറയുന്നത്. ഇതിനെ എൽ.പി. സ്കൂളുകളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ കഴിഞ്ഞ 10, 12 വർഷമായി ഇവിടെ ജോലി ചെയ്തു കൊണ്ടിരിക്കുന്ന 40 വയസ്സിനുമുകളിൽ പ്രായമായ ഇവരുടെ ജോലി സുരക്ഷയുടെ ഒരു പ്രശ്നം കൂടിയുണ്ട്. അതുകൊണ്ട് ഈ സബ്മിഷനി ലൂടെ എനിക്ക് ചുരുക്കി പറയാനുള്ളത് ഇവരുടെ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അതുപോലെതന്നെ നിലവിൽ ഇവർക്കുള്ള വേതനം വർദ്ധിപ്പിക്കുന്നതിനും മറ്റ് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും, എൽ.പി. സ്കൂളാക്കി മാറ്റുമ്പോൾ ടി.ടി.സി. പോലുള്ള നിബന്ധനകളിൽ ഇവർക്ക് ഇളവുനൽകുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാനു മൊക്കെ സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന കാര്യം സഭയുടെ ശ്രദ്ധ യിൽ കൊണ്ടുവരികയാണ്. 3000 രൂപ എന്നുള്ളത് അടിയന്തരമായി വർദ്ധിപ്പിക്കണം. തൂപ്പുജോലിക്കാർക്കുപോലും ഇപ്പോൾ ഇത്ര കുറഞ്ഞ വേതനമില്ല. അതുകൊണ്ട് ഈ പറഞ്ഞ കാര്യത്തിൽ മനുഷ്യത്വപൂർണ്ണമായ സമീപനം സർക്കാർ സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നതും യാത്രാസൗകര്യമില്ലാ ത്തതും തീർത്തും ഒറ്റപ്പെട്ട തീരപ്രദേശങ്ങളിലും വനമേഖലയിലും വസിക്കു

ന്നവരുമായ ജനസമൂഹത്തെ രാജ്യത്തിന്റെ വികസനത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് രൂപീകൃതമായ ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി എന്ന ഡി.പി.ഇ.പി.– 1997–ൽ ആവിഷ്ക്കരിച്ച നൂതനാശയമാണ് ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അഥവാ ബദൽ സ്കൂളുകൾ. സംസ്ഥാനത്തെ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളൊഴികെ മറ്റ് 12 ജില്ലകളിലായി 354 ബദൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. 1997 മുതൽ ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയും തുടർന്ന് സർവ്വശിക്ഷാ അഭിയാൻ അഥവാ എസ്.എസ്.എ.–യുമാണ് ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുകയും ചെയ്തുവന്നിരുന്നത്. 2011–12 അദ്ധ്യയന വർഷത്തിലാണ് സർക്കാർ ഈ പദ്ധതിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തത്. 1997 മുതൽ 2011 മാർച്ചുവരെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഏജൻസികളായ ഡി.പി.ഇ.പി.–യും എസ്.എസ്.എ.–യുമാണ് നിയമിക്കുകയും ശമ്പളം കൊടുക്കുകയും ചെയ്തത്. 2011–12 അദ്ധ്യയന വർഷം മുതൽ സർക്കാർ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട വിദ്യാഭ്യാസ വകുപ്പുഡയറക്ടർമാർ വഴി ഏകാദ്ധ്യാപക ബദൽ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളം, ഏൺട് ലീവ് സറണ്ടർ, മെയിന്റനൻസ് ഗ്രാന്റ്, കണ്ടിൻജൻസി ചാർജ്, നൂൺമീൽ ചെലവുകൾ, കളിക്കോപ്പുകൾക്കുളള ഗ്രാന്റ്, ഫർണിച്ചർ ഗ്രാന്റ്, പാത്രങ്ങൾ വാങ്ങാനുള്ള ഗ്രാന്റ് എന്നീ ഇനങ്ങളിൽ നൽകിവരികയും ചെയ്യുന്നു. 2013–14 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ 12 ജില്ലകളിലെ 354 ഏകാദ്ധ്യാപക ബദൽ വിദ്യാലയങ്ങളിലായി 412 അദ്ധ്യാപകരും 8487

വിദ്യാർത്ഥികളുമുണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ 275 ലക്ഷം രൂപ യാണ് ഈ വിദ്യാലയങ്ങളുടെ നടത്തിപ്പിനും ശമ്പളാവശ്യങ്ങൾക്കുമായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. 31–12–2013–വരെ രണ്ടുകോടി അറുപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി നാനൂറ്റി ഇരുപത് രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്. ഒരു വിദ്യാലയത്തിലെ അദ്ധ്യാപകന് പ്രതിമാസം 3000 രൂപയാണ് പ്രതിഫലം. ഇപ്പോൾ യാതൊരുവിധ തൊഴിൽ സുരക്ഷയും അവർക്കില്ല. 2011–12 അദ്ധ്യയന വർഷംവരെ കരാറടിസ്ഥാന ത്തിൽ ഡി.പി.ഇ.പി.–യിലും എസ്.എസ്.എ.–യിലും നിയമിക്കപ്പെട്ടിരുന്ന അദ്ധ്യാപകർ അന്നത്തെ കരാറിന്റെ ബലത്തിൽ ഇന്നും ജോലിയിൽ തുടരുക യാണ് ചെയ്യുന്നത്. നിലവിൽ സ്ഥലവും കെട്ടിടവും സ്വന്തമായുള്ള 111 ഏകാദ്ധ്യാപക ബദൽ വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. അതിന്മേൽ മന്ത്രിസഭായോഗത്തിന്റെ അംഗീകാരം തേടി പ്രസ്തുത സ്കൂളുകൾ എൽ.പി. സ്കൂളുകളായി ഉയർത്തുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയി ട്ടുണ്ട്. ബദൽ വിദ്യാലയങ്ങൾ എൽ.പി. സ്കൂളുകളായി ഉയർത്തപ്പെടു മ്പോൾ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത യുണ്ടോ എന്നുള്ള കാര്യവും പരിശോധിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഭൂരിപക്ഷം അദ്ധ്യാപകരും പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ യോഗ്യതയായ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് കഴിയാത്തവരാണ്. ഇങ്ങനെ വരുമ്പോൾ യോഗ്യതയുള്ളവരെ അദ്ധ്യാപകരായി നിയമിക്കുകയും അല്ലാത്തവരെ അർഹമായ തസ്തികകളിൽ നിയമിക്കുകയും ചെയ്യേണ്ടതുണ്ട്. ഒരു എൽ.പി.

സ്കൂളിൽ രണ്ട് അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. ഇക്കാര്യം പ്രത്യേക മായി പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഏകാ ദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മനുഷ്യനും വന്യജീവികൾക്കും ഉപകാരപ്രദമാകുന്നതിന് വനത്തിൽ പാരിസ്ഥിതിക തടസ്സമില്ലാതെ തടയണ കൾ കെട്ടി വെള്ളം സംഭരിച്ചുനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഭൂമിയിലെ ജലം അത്യന്തം ഗുരുതരമായ അവസ്ഥയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു എന്നാണ് സയന്റി സ്റ്റുകൾ പറയുന്നത്. ജലക്ഷാമം ഓരോ വർഷവും വർദ്ധിച്ചുവരികയാണ്. ഇതിന് പരിഹാരം കാണണമെന്നുണ്ടെങ്കിൽ കാട് മുതൽ കടൽ വരെയുള്ള പ്രദേശങ്ങളിൽ ജലം സംഭരിച്ചുനിർത്താനുള്ള പുതിയ സംവിധാനങ്ങളുണ്ടാ ക്കിയാൽ മാത്രമേ കഴിയൂ എന്നാണ് മനസ്സിലാക്കേണ്ടത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കാടുകളിൽ തടയണകൾ കെട്ടി വെള്ളം നിർത്തുകയെന്ന താണ്. ശ്രീ കെ. ബി. ഗണേഷ് കുമാർ വനം വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഫോറസ്റ്റ് ഏരിയയിൽ തടയണ കെട്ടുന്നതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കുകയും കുറെ തടയണകൾ നിർമ്മിക്കുകയും ചെയ്തു. ഫോറസ്റ്റിൽ കൂടുതൽ തടയണകൾ കെട്ടേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചു വരികയാണ്. വന്യജീവികൾ ഭൂരിപക്ഷവും നാട്ടിൻപ്രദേശങ്ങളിലേയ്ക്കും ജനവാസകേന്ദ്രങ്ങളിലേയ്ക്കും ഇറങ്ങിവരുന്നത് അവയ്ക്ക് കുടിവെള്ളവും ഭക്ഷണവും കിട്ടാത്തതുകൊണ്ടാണ്. മനുഷ്യനും മൃഗങ്ങൾക്കും ജലം അത്യന്താപേക്ഷിതമാണ്. അതായത് വനങ്ങൾ നമ്മുടെ റിസർവ്വോയറുകളാ

യിരുന്നു. ഇപ്പോൾ വെള്ളം അൽപ്പവും നമ്മുടെ ഫോറസ്റ്റിൽ നിൽക്കാത്ത സ്ഥിയാണുള്ളത്. മഴ പെയ്ത് 24 മണിക്കൂറിനുള്ളിൽത്തന്നെ വെള്ളം സമുദ്രത്തിൽപോയി ചേരുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ടുതന്നെയാണ് തടയണകൾ കെട്ടണമെന്നുള്ള ഡിമാന്റുകൾ ഉയർന്നുവന്നത്. പക്ഷെ കഴിഞ്ഞ വർഷം 200 കോടി രൂപ തടയണ കെട്ടുന്നതിനായി ജലസേചന വകുപ്പ് മാറ്റിവച്ചെങ്കിലും ഭൂരിഭാഗവും ചെലവഴിച്ചിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇക്കാര്യത്തിലിടപെട്ടുകൊണ്ട് വനത്തിനുള്ളിൽ വ്യാപകമായി തടയണകെട്ടി വെള്ളം സംഭരിച്ചുനിർത്തി വന്യജീവികളെ സംരക്ഷിക്കണം. അതോടൊപ്പംതന്നെ മനുഷ്യരേയും സംരക്ഷിക്കുന്നതിനുള്ള നടപടികളുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഒരിക്കൽക്കൂടി ഞാൻ അഭ്യർത്ഥിക്കുന്നത്. അതിന് വനം വകുപ്പ്, കൃഷി വകുപ്പ്, ജലസേചന വകുപ്പ് , മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പുമെല്ലാം കൂടിച്ചേർന്നുകൊണ്ടൊരു പദ്ധതി ആവിഷ്ക്കരിക്കണം. അവിടത്തെ കാര്യങ്ങൾ ചെയ്യാൻ അനുവദിച്ച ഫണ്ട് മാത്രം പോരാ, കുറച്ചു കൂടി അനുവദിക്കണം. തടയണ കെട്ടുന്നതുമായി ബന്ധപ്പെട്ട ജോലികൾ കൂടി തൊഴിലുറപ്പ് പദ്ധതിയിൽ കൂട്ടിച്ചേർക്കാൻ തയ്യാറാകുകയാണെങ്കിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വെള്ളം സംഭരിച്ചുനിർത്താൻ കഴിയും. അതിനുള്ള സംവിധാനം എത്രയുംവേഗം ഉണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട

മെമ്പർ കെ. രാധാകൃഷ്ണൻ പറഞ്ഞ കൺസെപ്റ്റ് വളരെ കറക്ടാണ്. നേരത്തെ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കാലത്ത് ഗവൺമെന്റ് അതിനെ അംഗീകരിച്ചതുകൊണ്ടാണ് 106 തടയണകൾ വനത്തിൽ നിർമ്മിച്ചിട്ടുള്ളത്. വാട്ടർ കൺസർവേഷനാണ് ഇതിലെ പ്രധാനപ്രശ്നം. ഭൂമിയുടെ പ്രതലത്തിൽ വീഴുന്ന വെള്ളം ഒഴുകി നേരെ കടലിലേയ്ക്കാണ് പോകുന്നത്. ആ ഡ്രെയിനിംഗ് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. അതിൽ വാട്ടർ കൺസർവേഷൻ ഉണ്ടാകണം. വാട്ടർ കൺസർവേഷൻ ഉണ്ടാകണമെങ്കിൽ വനത്തിൽ വെള്ളം തടഞ്ഞുനിർത്തത്തക്ക വിധത്തിലുള്ള നടപടിക്രമമുണ്ടാകണം. അതുകൊണ്ട് രണ്ട് പ്രയോജനമുണ്ട്. ഒന്ന്, വെള്ളത്തിന്റെ കുത്തൊഴുക്ക് വരുമ്പോൾ വെള്ളമില്ലാത്ത ഒരവസ്ഥ ആറ് മാസക്കാലം വരികയാണ്. രണ്ട്, വനം തന്നെ നല്ല പുഷ്ടിപ്പെട്ട് വരികയാണ്. മൂന്ന്, ഏറ്റവും വലിയ പ്രയോജനം– വന്യ മൃഗങ്ങൾ വെള്ളം കുടിക്കുന്നതിനുവേണ്ടി മനുഷ്യന്റെ ആവാസകേന്ദ്രങ്ങളിൽ വന്ന് അവിടെ വിഷമങ്ങളുണ്ടാക്കുകയാണ്. വാട്ടർ കൺസർവേഷൻ വരുന്നതിനുവേണ്ടിയുള്ള ഒരു നല്ല വിപുലമായ പദ്ധതി ആവശ്യമാണ്. നേത്തെ ചില പദ്ധതികൾ ആവിഷ്ക്കരിച്ചുവെന്ന് പറഞ്ഞിരുന്നു. ഞാൻ അതിനെ നല്ലതായി കാണുകയാണ്. ഇനി അതിനെ വിപുലപ്പെടുത്തുന്നതിനെക്കുറിച്ചുള്ള മാർഗ്ഗം ഗവൺമെന്റിന് ആലോചിക്കേണ്ടതുണ്ട്. വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച് വേറൊരു പ്രധാനകാര്യവും കൂടിയുണ്ട്. അതിന് ഭക്ഷണസാധനങ്ങളായി വരുന്ന വൃക്ഷങ്ങൾ അതിന്റെ ചുറ്റുവട്ടത്തിൽ നിൽക്കും. അപ്പോൾ ഈ മൃഗങ്ങൾ വൃക്ഷങ്ങളുടെ കായ്കനികൾ ഭക്ഷിക്കുന്നതിനുവേണ്ടി അവിടെ വരും. ഇത് രണ്ടുംകൂടി വന്നങ്കിൽ മാത്രമേ വന്യമൃഗങ്ങൾ കാട്ടിൽനിന്ന് പുറത്ത് വരേണ്ട സാഹചര്യമില്ലാതെ

പോകും. ഏതായാലും അങ്ങ് പറഞ്ഞ നിർദ്ദേശം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് ആലോചിക്കുന്നതാണ്. അതിൽ ആവശ്യമായ എല്ലാനടപടികളും സ്വീകരിക്കുന്നതാണ്. മറ്റ് ചില വകുപ്പുകളുമായി ചേർന്ന് ഒരു സംയുക്ത സംരംഭം ആവശ്യമാണെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറിന്റെ നിർദ്ദേശം. ആ നിർദ്ദേശത്തെ പരിഗണിക്കുകയും ഗവൺമെന്റ് പരിശോധിക്കുകയും ചെയ്യുന്നതാണ്.

**മാനദണ്ഡങ്ങൾ പുതുക്കി നഗരസഭകളുടെ ഗ്രേഡ് ഉയർത്തൽ**

ശ്രീ. ബെന്നി ബെഹനാൻ: സർ, നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നഗരസഭകളുടെ ഗ്രേഡ് ഉയർത്തേണ്ട ആവശ്യകതയിലേയ്ക്കാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. മുനിസിപ്പാലിറ്റികളുടെ ഗ്രേഡ് അവസാനമായി ഉയർത്തിയത് 1993-ലാണ്. നമ്മുടെ 1974-ാം ഭരണഘടനാ ഭേദഗതി നടപ്പാക്കിയതോടുകൂടി കേരളത്തിലെ നഗരസഭകൾക്ക് വളരെ യധികം അധികാരങ്ങളും ഉത്തരവാദിത്തങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് നിലവിൽ വന്നതിനുശേഷം ഒന്നാം ഗ്രേഡ് ആയിരുന്ന തൃശ്ശൂർ, കൊല്ലം മുനിസിപ്പാലിറ്റികൾ കോർപ്പറേഷനാക്കുകയും അതുപോലെ മൂന്നാം ഗ്രേഡ് നഗരസഭയായിരുന്ന ഗുരുവായൂർ-നെ പ്രത്യേക പരിഗണന നൽകി ഒന്നാം ഗ്രേഡ് ആക്കിയതൊഴിച്ചാൽ നഗരസഭകളുടെ ഗ്രേഡുകളിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. 1999-ന് ശേഷം നഗരസ്വഭാവമാർജ്ജിച്ച പല പഞ്ചായത്തുകളേയും പഞ്ചായത്ത് പ്രദേശങ്ങളേയും നഗരസഭകളായി കൂട്ടിചേർത്തിട്ടുണ്ട്. ഇത് നഗരസഭകളുടെ ഇന്നത്തെ

ഉത്തരവാദിത്തവും അധിക ജോലിഭാരവുമൊക്കെ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതുകൊണ്ട് ഗവൺമെന്റിന് നഷ്ടമുണ്ടാകുന്നില്ല. ശമ്പളം കൊടുക്കുന്നതൊക്കെ നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നാണ്. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കര നഗരസഭ യാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വാർഷിക വരുമാനമുള്ളതും അതു പോലെ തന്നെ ഏറ്റവും കൂടുതൽ ജില്ലാ ആസ്ഥാനവും കൂടിയാണ്. അതിനെ പോലും ഇന്ന് ഗ്രേഡ് ഉയർത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി പുതിയ മാനദണ്ഡങ്ങളുണ്ടാക്കി മുനിസിപ്പാലിറ്റി മാത്രമല്ല കേരളത്തിലെ നിരവധി മുനിസിപ്പാലിറ്റികൾ ഗ്രേഡ് ഉയർത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കണമെന്നും അതിനു വേണ്ടിയുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാ ക്കുന്നത്. അത് അടിയന്തരമായി നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട നഗരകാര്യവകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സംസ്ഥാനത്തെ നഗരസഭകളുടെ ഗ്രേഡ് കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് സർക്കാർ കരുതുന്നുണ്ട്. 1980-ലെ സർക്കാർ ഉത്തരവ് പ്രകാരം അൻപതിലായിരത്തിലധികം ജനസംഖ്യയും 20 ലക്ഷം രൂപയിലധികം വാർഷിക വരുമാനമുള്ള നഗരസഭകളെ ഒന്നാം ഗ്രേഡ് നഗരസഭകളായും 20,000 ജനസംഖ്യയും വാർഷിക വരുമാനം 10 ലക്ഷ ത്തിനും 20 ലക്ഷത്തിനും ഇടയിലുള്ളതുമായ നഗരസഭകളെ രണ്ടാം ഗ്രേഡ്

നഗരസഭകളായും മറ്റെല്ലാ നഗരസഭകളെയും മൂന്നാം ഗ്രേഡ് നഗരസഭകളുമായാണ് തരം തിരിച്ചിരുന്നത്. 1993-ൽ മറ്റൊരു ഉത്തരവിലൂടെ ജനസംഖ്യാ പരിധിയിൽ മാറ്റം വരുത്താതെ വാർഷിക വരുമാനം 70 ലക്ഷത്തിനുമുകളിലുള്ളവയെ ഒന്നാം ഗ്രേഡായും 40 ലക്ഷത്തിനും 70 ലക്ഷത്തിനുമിടയിലുള്ള നഗരസഭകളെ രണ്ടാം ഗ്രേഡായും ശേഷിക്കുന്നവയെ മൂന്നാം ഗ്രേഡായും കണക്കാക്കി. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് നിലവിൽ വന്നതിനുശേഷം ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളായിരുന്ന കൊല്ലം, തൃശ്ശൂർ എന്നിവയെ മുനിസിപ്പൽ കോർപ്പറേഷനുകളാക്കി മാറ്റി. തീർത്ഥാടന കേന്ദ്രമെന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് മൂന്നാം ഗ്രേഡ് നഗരസഭയായിരുന്ന ഗുരുവായൂരിനെ 2013-ൽ സർക്കാർ ഉത്തരവിലൂടെ ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തുകയും ചെയ്തു. 1999-ന് ശേഷം നഗരസ്വഭാവമാർജ്ജിച്ച പല പഞ്ചായത്തുകളെയും നഗരസഭകളോട് കൂട്ടിചേർക്കുകയും അതിലൂടെ ജനസംഖ്യയും വരുമാനവും വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ നിയമമനുസരിച്ച് ഇത്തരം നഗരസഭകളുടെ ഗ്രേഡ് ഉയർത്തേണ്ടതാണെങ്കിലും ഇവയെല്ലാം ഇപ്പോഴും പഴയപടി തുടരുകയാണ്. 74-ാം ഭരണഘടനാഭേദഗതി പ്രാബല്യത്തിലായപ്പോൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും ലഭിച്ചു. അതിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ചുമതലകളും നഗരസഭകളുടെ ജോലിഭാരം ഗണ്യമായി വർദ്ധിപ്പിച്ചു. നഗരസഭകളുടെ അധികാരങ്ങൾ സമൂഹനന്മയ്ക്കും നാടിന്റെ വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തണമെങ്കിൽ നഗരസഭകളുടെ ഗ്രേഡ് ഉയർത്തുകയും ആനുപാതികമായി ജീവനക്കാരെ

നിയമിക്കുകയും ചെയ്യേണ്ടതുണ്ട്. നഗരസഭകളുടെ അപ്ഗ്രേഡേഷൻ അനിവാര്യമായ സാഹചര്യത്തിൽ 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ വാർഷിക വരുമാനവും ജനസംഖ്യകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ സർക്കാർ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. നഗരസഭകളുടെ ഈ മൂന്ന് വർഷത്തെ ശരാശരി വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ ഗ്രേഡിംഗ് പരിഷ്ക്കരിക്കുന്നതിനുള്ള നഗരകാര്യ ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ സജീവപരിഗണനയിലാണ്. ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലമായ തൃക്കാക്കര, മുനിസിപ്പാലിറ്റിയടക്കം ഗ്രേഡ് ഉയർത്താനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

## കൊച്ചിനഗരത്തിലെ കൊതുകുശല്യം

ശ്രീ. ഹൈബി ഈഡൻ: സർ, മുമ്പെങ്ങുമില്ലാത്ത വിധത്തിൽ അതിരൂക്ഷമായ കൊതുകു ശല്യമാണ് ഇന്ന് കൊച്ചി നഗരം നേരിടുന്നത്. ഇത് കൊച്ചി നഗരത്തിലെ കാര്യം മാത്രമല്ല, കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം നഗരത്തിലെ പ്രാന്തപ്രദേശങ്ങളിലെല്ലം തന്നെ വളരെ വ്യാപകമായ രീതിയിൽ കൊതുക് ശല്യം ഏറ്റവും കൂടുതൽ കൊച്ചിക്കാർ നേരിടുകയാണ്. മുമ്പില്ലാതെ പോയ മന്ത് രോഗം അടക്കമുള്ള പല മാരകമായ രോഗങ്ങളും ഇപ്പോൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. പോണ്ടിച്ചേരി കേന്ദ്രമാക്കി യിട്ടുള്ള വെക്ടർ കൺട്രോൾ റിസർച്ച് സെന്റർ, കൊതുകിനെക്കുറിച്ച് 2001-ലെ ഒരു ശാസ്ത്രീയ പഠന രീതി കൊച്ചിയിൽ നടത്തിയിരുന്നു. എന്നാൽ ഇതൊന്നും ഈ റിപ്പോർട്ടിനെ ആസ്പദമാക്കി ഒരു കാര്യത്തിലും

ഫോളോ അപ്പ് ഉണ്ടായിട്ടില്ല. അതിനെക്കുറിച്ച് യാതൊരു ആക്ഷൻ ടേക്കൺ റിപ്പോർട്ടുമുണ്ടായില്ല. ഞാൻ ഇവിടെ ആവശ്യപ്പെടുന്നൊരു കാര്യം അതിൽ പല പഠനങ്ങൾ നടത്തിയിട്ടും ഒരു ആക്ഷനും ഉണ്ടാകുന്നില്ല. നഗരസഭയ്ക്ക് കാര്യക്ഷമമായി ഇതിലിടപെടാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യ മാണ്. നഗരസഭയുടെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഒരു മൈക്രോ ബയോളജിസ്റ്റിന്റെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. എന്നാൽ ഒരു ഹെൽത്ത് ഓഫീസറിന്റെ തസ്തിക ഒഴിഞ്ഞുകിടക്കാൻ തുടങ്ങിയിട്ടും നാൾ ഏറെയായി. അവിടെ ഒരു സെക്രട്ടറിയുടെ പോസ്റ്റും നിലവിലില്ല. എന്നാൽ ആ പോസ്റ്റിന് ചാർജ് കൊടുക്കാത്ത ഒരു സാഹചര്യമാണ് ഇന്ന് നിലവി ലുള്ളത്. അതുപോലെ നഗരത്തിലെ 80 ശതമാനം സെപ്റ്റിക് വേസ്റ്റുകൾ ഡ്രെയിനേജുകളിലും തോടുകളിലും ഡയറക്ടായി കണക്ട് ചെയ്തിരിക്കുക യാണ്. ഒരു യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തരമായി അതിന് നെറ്റ് അടിക്കാനുള്ള ഒരു സാഹചര്യമുണ്ടായാൽ ഒരു വലിയ പരിധിവരെ ഇതിനെ ഒഴിവാക്കാൻ, കുറയ്ക്കാൻ സാധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മലയാള മനോരമ പത്രത്തിൽ നിരന്തരമായിട്ടുള്ള ഒരു ലേഖനം ഇതിനെ സംബന്ധിച്ചുണ്ടായിരുന്നു. പണമില്ലാത്തതുകൊണ്ട് പ്രതിരോധ പ്രവർത്ത നങ്ങൾ നടത്താൻ കഴിയില്ല എന്നുള്ളതായിരുന്നു പ്രധാന തലക്കെട്ട്. ഇതിനാ വശ്യമായ സാമ്പത്തിക സഹായം സംസ്ഥാന ഗവൺമെന്റ് കൊടുക്കാൻ തയ്യാറാകണമെന്നാണ് എന്റെ ഒരു പ്രധാന ആവശ്യം. അവിടെ ഒഴിഞ്ഞുകിട ക്കുന്ന പോസ്റ്റുകൾ നികത്താൻ നടപടിയുണ്ടാകണം. അതുപോലെ മറ്റൊരു വാർത്ത എന്ന് പറയുന്നത്, ടൂറിസം ഡിപ്പാർട്ടുമെന്റിലെ ടൂറിസത്തെ അതി രൂക്ഷമായി ബാധിക്കുന്ന തരത്തിൽ, വിദേശ ടൂറിസ്റ്റുകൾ വരുമ്പോൾ

ബ്രിട്ടണിൽ നിന്നും വന്ന ഒരു യുവതി കേരളത്തിന്റെ സ്ഥിതി മനസ്സിലാക്കി കൊതുകിന്റെ നെറ്റുമായിട്ടാണ് അവർ വന്നത്. അതിന്റെ ചിത്രമടക്കം പത്രങ്ങളിൽ വാർത്ത വന്നതാണ്. അതുപോലെ സെൻട്രലൈസ്ഡ് ഫോഗിംഗ് നിർബന്ധമായും നടത്തിയാൽ ഒരു പരിധിവരെ നമുക്ക് കൊതുകളുടെ ശല്യം അവസാനിപ്പിക്കാൻ സാധിക്കും. കൊച്ചിയിൽ ഒരു രാത്രി കഴിഞ്ഞിട്ടുള്ള എല്ലാ നിയമസഭാ സാമാജികർക്കും ഇതിന്റെ രൂക്ഷത എത്രത്തോളം അറിയാമെന്നുള്ളത് ഞാൻ സഭയുടെ മുമ്പാകെ പറയുകയാണ്. അതുകൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാനും ആക്ഷനെടുക്കാൻ നഗരസഭയ്ക്ക് നിർദ്ദേശം കൊടുക്കാനും നഗരസഭയുടെ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ക്രിയാത്മകമായി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട നഗരകാര്യ വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് നടത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബഹുമാനപ്പെട്ട ഹൈബി ഈഡൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കൊച്ചിയിൽ കൊതുകുശല്യം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമുദ്രനിരപ്പിൽനിന്നും താഴ്ന്ന ഭൂപ്രദേശമായതിനാൽ നഗരസഭാ പ്രദേശത്തുള്ള തോടുകളിൽനിന്നും മറ്റും വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സാഹചര്യമില്ല. നഗരസഭയുടെ സമീപപ്രദേശങ്ങളിൽ ചതുപ്പുനിലങ്ങളുള്ളതിനാൽ കൊതുകുകൾ പെറ്റുപെരുകി നഗരസഭാ പ്രദേശങ്ങളിലേയ്ക്ക് എത്തുന്നതായാണ് കണക്കാക്കപ്പെടുന്നത്. കൊതുകുകളെ നശിപ്പിക്കുന്നതിനാവശ്യമായ എല്ലാ പ്രതിരോധ നടപടികളും നഗരസഭ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി മാത്രം എണ്ണൂറിലധികം തൊഴിലാളികളെ നിയോഗിക്കു

കയും മേൽനോട്ടത്തിനായി ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. പവർ സ്പ്രേയർ, ഹാൻഡ് സ്പ്രേയർ എന്നിവ ഉപയോഗിച്ച് തെമോഫോസ് എന്ന മരുന്ന് തളിക്കുകയും pyrethrum ഉപയോഗിച്ച് ഫോഗിംഗ് നടത്തുകയും ചെയ്തു. പ്രധാന കാനകളെല്ലാം വൃത്തിയാക്കുകയും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കല്ലുപ്പ് വിതറുകയും ചെയ്തിട്ടുണ്ട്. മാലിന്യം കുമിഞ്ഞുകൂടി കിടക്കുന്നതിന്റെ ഫലമായി കൊതുകുശല്യം ഉണ്ടാകാതിരിക്കുന്നതിന് അതാത് ദിവസത്തെ മാലിന്യങ്ങൾ തൊട്ടടുത്ത ദിവസം തന്നെ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചിയുടെ കിഴക്ക് പടിഞ്ഞാറൻ മേഖലകളിൽ 10 വാഹനങ്ങളിലായി പകൽ സമയങ്ങളിൽ കൊതുകുകളുടെ ലാർവകളെ നശിപ്പിക്കുന്നതിന് പവർ സ്പ്രേയർ ഉപയോഗിക്കുകയും ഈ വാഹനങ്ങളിൽ ഫോഗിംഗ് മെഷീൻ സ്ഥാപിച്ച് വൈകുന്നേരങ്ങളിൽ ഫോഗിംഗ് ഫലപ്രദമായി നടത്തുകയും ചെയ്യുന്നുണ്ട്. നഗരസഭയുടെ 21 ഹെൽത്ത് സർക്കിൾ ഓഫീസുകളുടെ പരിധിയിലുള്ള റസിഡൻസ് അസോസിയേഷൻ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുകയും കൊതുക് നിവാരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ശുചീകരണ പ്രവൃത്തികൾ, മാലിന്യം നീക്കം ചെയ്യൽ, വെള്ളക്കെട്ട് ഒഴിവാക്കൽ എന്നിവയ്ക്ക് അടിയന്തര പ്രാധാന്യം നൽകി സമ്പൂർണ്ണ കൊതുക് നശീകരണം നടപ്പാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും നഗരസഭ ചെയ്തുവരുന്നുണ്ട്. ഇക്കാര്യത്തിൽ നഗരസഭ ആവശ്യപ്പെടുന്ന എല്ലാ സഹായങ്ങളും സർക്കാർ ചെയ്യുന്നതാണ്. അങ്ങിവിടെ ആവശ്യപ്പെട്ടതുപോലെ പറ്റുന്ന സാമ്പത്തിക സഹായം നൽകാൻ ഇന്നുതന്നെ ശുചിത്വ മിഷനോട് ആവശ്യപ്പെടുന്നതാണ്. അതു

പോലെ ഹെൽത്ത് ഓഫീസറുടെയും മൈക്രോബയോളജിസ്റ്റിന്റെയും ഒഴിവുകൾ ഉടൻതന്നെ നികത്താനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്.

**കോവിലൻ സ്മാരകം നിർമ്മാണം**

ശ്രീ. പി. എ. മാധവൻ: സർ, കേരളം കണ്ട അതിപ്രശസ്തനായ ഒരു സാഹിത്യകാരനാണ് കോവിലൻ. വട്ടപ്പറമ്പിൽ അയ്യപ്പൻകുട്ടി ചേട്ടൻ എന്ന് ആ പ്രദേശത്തുകാരൊക്ക വിളിക്കുന്ന കോവിലന്റെ രചനകൾ വേറിട്ട രചനകളായിരുന്നു. യശ:ശരീരനായ കോവിലന് ഒരു സ്മാരകമുണ്ടാക്കണമെന്നത് ആ പ്രദേശത്തുകാരുടെ മാത്രമല്ല നമ്മുടെ സംസ്ഥാനത്തിന്റെ തന്നെ ഒരാവശ്യമാണ്. കണ്ടാണിശ്ശേരി പ്രദേശം കുന്നംകുളം എം.എൽ.എ യുടെ പരിധിയിലായിരുന്നപ്പോൾ ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി സാംസ്കാരിക വകുപ്പിനോട് ഇത് സംബന്ധിച്ച് ആവശ്യപ്പെട്ടിരുന്നത് ഞാൻ ഓർക്കുന്നു. പക്ഷേ കഴിഞ്ഞ കാലങ്ങളിലുള്ള എല്ലാ ശ്രമങ്ങളും ഇതുവരെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കണ്ടാണിശ്ശേരി ഇപ്പോൾ മണലൂർ അസംബ്ലി നിയോജകമണ്ഡലത്തിന്റെ ഭാഗമാണ്. ആ പ്രദേശത്ത് സാഹിത്യകാരൻ എന്ന നിലയിൽ മാത്രമല്ല ജില്ലയിൽ എവിടെയായാലും കോവിലൻ എന്നുപറയുമ്പോഴുണ്ടാകുന്ന ഒരു ആത്മബന്ധമുണ്ട്. അതുകൊണ്ട് കോവിലനെപ്പോലെയുള്ള അതിപ്രശസ്തനായ ഒരു സാഹിത്യകാരന് ഒരു സ്മാരകം ഇല്ലാതിരിക്കുന്നത് നമുക്ക് ഓർക്കാൻ കഴിയാത്ത കാര്യമാണ്. ശ്രീ. കോവിലന്റെ വീട് പുരാവസ്തു വകുപ്പിന്റെ നിയന്ത്രണം ഉൾക്കൊള്ളുന്ന ഒരു മേഖലയിലാണ്. ആ പ്രദേശത്തെ കോവിലൻ ട്രസ്റ്റ് സ്മാരകത്തിനാവശ്യമുള്ള

ഭൂമി വിട്ടുതരാൻ തയ്യാറാണ്. പക്ഷേ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണം ഒരു വലിയ ഘടകമാണ്. അതും അങ്ങയുടെ വകുപ്പിൽതന്നെയാണ്. കോവിലനെപ്പോലെ അതിപ്രശസ്തനായ ഒരു സാഹിത്യകാരന് സംസ്ഥാന സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരവും കേന്ദ്ര സാഹിത്യ അക്കാദമിയുടെ പുരസ്കാരവുമുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയ കോവിലനെ അനുസ്മരിക്കുന്നതിനുതകുന്ന ഒരു സ്മാരകം പണിയാൻ കേരളത്തിന്റെ സാംസ്കാരിക വകുപ്പ് മുന്നിട്ടിറങ്ങുകയും നേതൃത്വപരമായ പങ്ക് വഹിക്കുകയും അത് സാക്ഷാത്കരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട പി.എ. മാധവൻ പറഞ്ഞ കാര്യങ്ങളോടെല്ലാം ഗവൺമെന്റിന് യോജിപ്പാണ്. നേരത്തെ ശ്രീ. ബാബു. എം. പാലിശ്ശേരിയും കോവിലൻ ട്രസ്റ്റും ഇക്കാര്യം ഉന്നയിച്ചിരുന്നു. അന്ന് എന്റെ മുൻഗാമി ബഹുമാന്യനായ എം. എ. ബേബി ഇതിന് തുടക്കം കുറിച്ചെങ്കിലും ഇത് മുടങ്ങിപ്പോയത് സ്മാരകം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ടാണ്. കണ്ടാണിശ്ശേരിയിൽ സ്ഥലമില്ലാത്തതുകൊണ്ട് കുന്നംകുളത്ത് ഗവൺമെന്റ് ഹൈസ്കൂളിന്റെ കോമ്പൗണ്ടിൽ സ്ഥലം കൊടുക്കാൻവേണ്ടിയാണ് പ്രൊപ്പോസൽ തന്നിരിക്കുന്നതായി ഫയലിൽ കാണുന്നത്. കണ്ടാണിശ്ശേരിയിൽ സ്ഥലം ലഭ്യമാക്കുമെങ്കിൽ അവിടെ സ്മാരകം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. ആർക്കിയോളജി വകുപ്പിന്റെ തടസമുണ്ടെങ്കിൽ അവരുമായി സംസാരിച്ച് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം.

**പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുന്ന റോഡുകളുടെ റീ-ടെണ്ടർ നടപടി**

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ ഭൂരിഭാഗം മണ്ഡലങ്ങളിലും വികസനത്തെ ബാധിക്കുന്ന ഒരു പ്രധാനവിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. റോഡുകൾ നന്നായിരുന്നാൽ ആ നാടിന്റെ പ്രധാനമായ വികസനമായിത്തന്നെ അതിനെ കാണാൻ സാധിക്കും. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പ്രകാരം കേരളത്തിലെ റോഡുകൾക്ക് നല്ലൊരു തുക പല മണ്ഡലങ്ങളിലും അനുവദിച്ചിട്ടുണ്ട്. പക്ഷേ റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായെങ്കിലും ടെണ്ടർ എടുക്കാൻ കേരളത്തിലെ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. ഇതൊരു പ്രധാന പ്രശ്നമാണ്. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പ്രകാരം ഏറ്റവും നല്ലരീതിയിൽ റോഡുകൾ നിർമ്മിക്കാനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. എന്നാൽ കോൺട്രാക്ടർമാർ ടെണ്ടർ എടുക്കാത്തതുമൂലം റോഡുകളുടെ പണി അനിശ്ചിതത്വത്തിലാണ്. എറണാകുളം ജില്ലയിലെ റോഡുകൾ ടെണ്ടർ ചെയ്താൽ കരാറുകാർ ഏറ്റെടുക്കുന്നില്ല, പ്രത്യേകിച്ച് എന്റെ മണ്ഡലത്തിൽ ആലുവയിൽ പുതിയേടം-തെക്കുംഭാഗം റോഡ് ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ഏറ്റെടുത്തിട്ടില്ല. ഇതുമൂലം പി.എം.ജി.എസ്.വൈ പ്രകാരമുള്ള റോഡുകളുടെ പണി തടസപ്പെടുകയാണ്. ആയതിനാൽ ഒന്നുകിൽ കോൺട്രാക്ടർമാർ ഉന്നയിക്കുന്ന ആവശ്യങ്ങൾ പരിഹരിക്കുകയോ അല്ലെങ്കിൽ ക്വട്ടേഷൻ വഴി ഇത് നടപ്പാക്കാനുള്ള സാഹചര്യമുണ്ടാക്കി റോഡുപണികൾ എത്രയും വേഗം തുടങ്ങാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 140 മണ്ഡലങ്ങളുടെ പ്രശ്ന മാണ് ശ്രീ. അൻവർ സാദത്ത് ഉന്നയിച്ചത്. 2013–14 സാമ്പത്തിക വർഷം എട്ടാമത്തെ ഫേസിൽ ഉൾപ്പെടുത്തി 745.94 കിലോമീറ്റർ ദൈർഘ്യം വരുന്ന 320 റോഡുകൾക്കായി 457 കോടി രൂപയുടെ അനുവാദമാണ് ലഭിച്ചത്. ഇത് പല പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും കോൺട്രാക്ടേഴ്സ് ടെണ്ടർ എടുക്കാ ത്തതുകൊണ്ട് 20 ശതമാനം സംസ്ഥാന ഫണ്ടിൽനിന്നും എക്സസ് കൊടുക്കാൻ തീരുമാനിച്ചു. 320 റോഡുകളിൽ ടെണ്ടർ പോയത് 98 റോഡു കൾക്കുമാത്രമാണ്. മെമ്പർ ചൂണ്ടിക്കാണിച്ച അങ്കമാലി ബ്ലോക്കിലെ പുതിയേടം–തെക്കുംഭാഗം ഉൾപ്പെടെയുള്ള റോഡുകൾ നാല് പ്രാവശ്യം ടെണ്ടർ ചെയ്തു. നാലാമത് ടെണ്ടർ വിളിച്ചപ്പോൾ 20 ശതമാനം എക്സസും ഓഫർ ചെയ്തു. ഇപ്പോഴും ടെണ്ടർ പോകുന്നില്ല. തീർച്ചയായും എന്തെങ്കിലും മാർഗ്ഗം കണ്ടെത്തി ടെണ്ടർ പോകാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. ഇത്തവണ സംസ്ഥാന ബഡ്ജറ്റിൽ ആദ്യമായി ധനകാര്യ വകുപ്പുമന്ത്രി ടെണ്ടർ എക്സസിനുവേണ്ടി തുക മാറ്റിവച്ചിട്ടുണ്ട്. പുതിയേടം–തെക്കുംഭാഗമുൾപ്പെടെയുള്ള റോഡുകൾ ടെണ്ടർ വിളിച്ച് നടപടി സ്വീകരിക്കാം. എറണാകുളം ജില്ലയിൽ 28.5 കിലോമീറ്റർ ദൈർഘ്യം വരുന്ന 8 റോഡുകൾ 16–01–2014 –ലെ ടെണ്ടറിൽ കരാറെടുത്തിട്ടുണ്ട്. പക്ഷേ പുതിയേടം–തെക്കുംഭാഗം റോഡ് അതിൽ ഉൾപ്പെടുന്നില്ല. അതുൾപ്പെടെ യുള്ള റോഡുകൾ എന്തെങ്കിലും മാർഗ്ഗം കണ്ടെത്തി, അധികമായ തുക മാറ്റി

വച്ചാണെങ്കിലും, ക്വട്ടേഷനാണെങ്കിലും എത്രയും വേഗം നടപടി സ്വീകരിക്കാൻ ആലോചിക്കാം.

**വിശ്വകർമ്മ സമുദായത്തിലെ പരമ്പരാഗത തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും പദ്ധതി**

ശ്രീ. സി.എഫ്. തോമസ് : സർ, വിശ്വകർമ്മ സമുദായത്തിൽപ്പെട്ട, പരമ്പരാഗത ജോലികൾ ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമനിധിയും പെൻഷനും നൽകുന്നതിന് ഈ ഗവൺമെന്റിനോടും മുൻ ഗവൺമെന്റുകളോടും പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആഭരണ നിർമ്മാണത്തൊഴിലാളികൾക്ക് വേണ്ടി പ്രത്യേക ക്ഷേമനിധിയും പെൻഷൻ പദ്ധതിയും അനുവദിക്കാമെന്ന് ഉറപ്പുനൽകി, നടപടികൾ പുരോഗമിക്കുന്നുണ്ട്. അത് എത്രയുംവേഗം പ്രാവർത്തികമാക്കണം. അതുപോലെ പ്രധാനപ്പെട്ടതാണ് വിശ്വകർമ്മ സമൂഹത്തിൽ സ്വർണ്ണപ്പണി കൂടാതെ മരപ്പണി, ലോഹപ്പണി, കൽപ്പണി പോലുള്ള വിവിധ വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമപദ്ധതിയില്ലെന്നുള്ളത്. അതുകൊണ്ട് വിശ്വകർമ്മ സമുദായത്തിൽപ്പെട്ട ഇത്തരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേണ്ടി പ്രത്യേക ക്ഷേമപദ്ധതിയും പെൻഷൻ പദ്ധതിയും എത്രയും വേഗം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി–പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച, വിശ്വകർമ്മ സമുദായത്തിപ്പെട്ട പരമ്പരാഗത ജോലികൾ ചെയ്തു

വരുന്നവരുടെ കാര്യത്തിൽ ഗവൺമെന്റ് വളരെ അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിച്ചതിനെത്തുടർന്ന് പരമ്പരാഗത വിശ്വകർമ്മ സമുദായത്തിലെ വ്യക്തികൾക്ക് അർഹമായ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സജീവമായി പരിഗണിച്ചുവരികയാണ്. അതിന്റെ ഭാഗമായി പിന്നോക്ക സമുദായ വികസന വകുപ്പ് 29-8-2013-ൽ പുറപ്പെടുവിച്ച 79/2013 നമ്പർ ഉത്തരവ് പ്രകാരം 60 വയസ് കഴിഞ്ഞ പരമ്പരാഗത വിശ്വകർമ്മ സമുദായത്തിലെ മറ്റ് ക്ഷേമപെൻഷനുകൾ ഒന്നും ലഭിക്കാത്ത മരം, ഇരുമ്പ്, കല്ലാശാരി, സ്വർണ്ണപ്പണിക്കാർ, മൂശാരികൾ മുതലായ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രതിമാസം 500 രൂപ പെൻഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 1991-ലെ കൈത്തൊഴിലാളി/വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലാണ് വിശ്വകർമ്മ സമുദായത്തിലെ പാരമ്പര്യ ജോലിക്കാർ ഉൾപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന, കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള പ്രസ്തുത ക്ഷേമപദ്ധതി, വിശ്വകർമ്മ സമുദായത്തിലെ പാരമ്പര്യ ജോലിക്കാർക്കുകൂടി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ രൂപീകരിച്ചിട്ടുള്ളതാണ്. പിന്നോക്ക സമുദായ വികസന വകുപ്പിന്റെ 29-08-2013 -ലെ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ അർഹരായ പരമ്പരാഗത വിശ്വകർമ്മജർക്ക് ഉടൻതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>പട്ടികജാതി വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കൽ</u>**

<u>ശ്രീ. വി.പി. സജീന്ദ്രൻ</u> : സർ, പട്ടികജാതിയിൽപ്പെട്ടവർക്ക് നൽകി വരുന്ന ആനുകൂല്യം വളരെ കുറവായതിനാൽ അത് അടിയന്തരമയി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അങ്ങ് മന്ത്രിയായതിനുശേഷം എല്ലാ ആനുകൂല്യങ്ങളും ഇരട്ടിയായി വർദ്ധിപ്പിച്ചത് അറിയാമെങ്കിലും ഇപ്പോഴുള്ള തുകകൾ പര്യാപ്തമല്ല. ഭൂമി വാങ്ങുന്നതിന് ഇപ്പോൾ പഞ്ചായത്തിൽ നിന്നും കൊടുക്കുന്ന തുക 1,50,000 രൂപയാണ്. മൂന്ന് സെന്റ് ഭൂമി 1,50,000 രൂപയ്ക്ക് വാങ്ങാൻ കഴിയില്ലെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഭൂമി വാങ്ങുന്നതിനുള്ള തുക 3 ലക്ഷം രൂപയായെങ്കിലും ഉയർത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ വീട് വയ്ക്കുന്നതിനുള്ള ധനസഹായം ഇപ്പോൾ കൊടുക്കുന്നത് 2 ലക്ഷം രൂപയാണ്. സാധനങ്ങളുടെ വിലയും പണിക്കൂലിയും വർദ്ധിച്ചതുകൊണ്ട് ഈ തുകയ്ക്ക് ഒരു വീടിന്റെ പകുതിപോലും നിർമ്മിക്കാൻ കഴിയില്ല. 2 ലക്ഷം രൂപയെന്നുള്ളത് 4 ലക്ഷം രൂപയെങ്കിലും ആക്കി ഉയർത്തണമെന്ന് ആവശ്യപ്പെടുന്നു. ചികിത്സാ സഹായം ഇപ്പോൾ 1 ലക്ഷം രൂപയാണ് കൊടുക്കുന്നത്. ഇത് 2 ലക്ഷം രൂപയായി ഉയർത്തണമെന്നും ആവശ്യപ്പെടുകയാണ്. ചികിത്സാ സഹായം കിട്ടുന്നതിനുള്ള വരുമാന പരിധി 50,000 രൂപയാണ്. അങ്ങ് മന്ത്രിയായതിനുശേഷം 22500 രൂപ എന്നുള്ളത് 50,000 രൂപയായി ഉയർത്തി. മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം ലഭിക്കുന്നതിന് ഒരു ലക്ഷം രൂപയാണ് വരുമാന പരിധി. മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം കിട്ടുന്നതിന് ജനറൽ കാറ്റഗറിയിൽപ്പെട്ടവർക്ക്

ഒരു ലക്ഷം രൂപ വരുമാനപരിധി ഉള്ളപ്പോൾ പട്ടികജാതിക്കാർക്ക് 50,000 രൂപ വരുമാനപരിധിയെന്നുള്ളത് ന്യായമല്ല, അതുകൊണ്ട് വരുമാനപരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു. എസ്.സി. പ്രൊമോട്ടർമാർ ഫുൾടൈം ജോലി ചെയ്യുകയാണ്. അവർക്ക് ഇപ്പോൾ കൊടുക്കുന്ന ഓണറേറിയം 4000 രൂപയെന്നുള്ളത് 10000 രൂപയായി ഉയർത്തണം. ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ആളുകൾക്ക് കൊടുക്കുന്ന തുകയും വർദ്ധിപ്പിക്കണം. വിവാഹ ധനസഹായമായി കൊടുക്കുന്ന 50,000 രൂപ 1 ലക്ഷം രൂപയായി ഉയർത്തണെമന്നും സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പട്ടികജാതി–പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) : സർ, പട്ടികജാതി ക്ഷേമ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചാണ് ശ്രീ. വി.പി. സജീന്ദ്രൻ പൊതുവായി ഉന്നയിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും പുറമെ മറ്റെല്ലാ ആനുകൂല്യങ്ങളിലും 100 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെ മറ്റ് കാര്യങ്ങളിലും ആനുപാതികമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വീട് വയ്ക്കുന്നതിന് കൂടുതൽ പണം നൽകണമെന്നുള്ള കാര്യം ഗവൺമെന്റ് ആലോചിച്ച് വരികയാണ്. അടുത്ത വർഷം അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കും. അതുപോലെ, അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. കാരണം ജനറൽ വിഭാഗത്തില ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി 1 ലക്ഷം രൂപയാണ്. പട്ടികജാതിക്കാർക്ക് 22500 രൂപയായിരു

ന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 50,000 രൂപയാക്കി വർദ്ധിപ്പിച്ചു. അക്കാര്യത്തിൽ ജനറൽ വിഭാഗത്തോടൊപ്പം, 50,000 രൂപ എന്നുള്ളത് 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് എടുക്കുമെന്ന് സൂചിപ്പിക്കുകയാണ്. കൂടാതെ, എസ്.സി. പ്രൊമോട്ടർമാരുടെ വേതനം 2500 രൂപയായിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം 4000 രൂപയാക്കി വർദ്ധിപ്പിച്ചു. അത് അടുത്ത സാമ്പത്തിക വർഷം മുതൽ 7000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിക്കു മെന്ന് സൂചിപ്പിക്കുകയാണ്.

**ചക്കാല നായർ സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തൽ**

ശ്രീ. എ.റ്റി. ജോർജ്: സർ, ചക്കാല സമുദായത്തെ ഒ.ഇ.സി.യിൽ ഉൾപ്പെ ടുത്തി സംവരാണാനുകൂല്യങ്ങൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയെക്കു റിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നൂറ്റാണ്ടുകളായി വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക മേഖലകളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന, പരമ്പരാഗതമായി എണ്ണയാട്ട് കുലത്തൊഴിലാക്കിയ ഒരു സമുദാ യമാണ് ചക്കാല സമുദായം. യന്ത്രവത്കൃത ചെക്കുകളുടെ വരവോടെ പരമ്പ രാഗത എണ്ണയാട്ട് തൊഴിലാളികളും പ്രതിസന്ധിയിലായി. നാളികേരം ന്യായ വിലയ്ക്കെടുത്ത് കർഷകരിൽ നിന്നും നേരിട്ട് വാങ്ങി ഉച്ചവെയിലിൽ കൊപ്രകളങ്ങളിൽ കൊപ്രയുണക്കി വൈകുന്നേരം കൽച്ചെക്കിൽ കാളയും മനുഷ്യനും മാറി മാറി വലിച്ച് എണ്ണ ഉൽപ്പാദിപ്പിക്കുന്ന ഈ വിഭാഗം തൊഴി ലാളികളാണ് കൂടുതൽ പ്രതിസന്ധിയിലായിരിക്കുന്നത്. ഈമേഖലയിൽ ജോലി ചെയ്തിരുന്ന പതിനായിക്കണക്കിന് തൊഴിലാളി കുടുംബങ്ങൾ

മറ്റൊരു തൊഴിലുംതേടി പോകാതെ ഉത്കണ്ഠാകുലരായി കഴിയുകയാണ്. ഇവർ അസംഘടിതരായതിനാൽ മറ്റ് പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകുന്ന പരിഗണനയും ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഈ വിഭാഗം തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡോ കോർപ്പറേഷനുകളോ രൂപീകരിച്ചിട്ടില്ല. എന്നാൽ നാളികേര വികസനത്തിനായി രൂപീകരിച്ചിട്ടുള്ള കേരഫെഡ്, നാളീകേര വികസന കോർപ്പറേഷൻ എന്നിവയിൽ എണ്ണയാട്ടു തൊഴിലാളികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുകയോ അവരുടെ സഹകരണ സ്ഥാപനമായ പരമ്പരാഗത എണ്ണയാട്ടു തൊഴിലാളി സഹകരണ സംഘം ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണയോ മറ്റ് നാളികേര ഉൽപ്പന്നങ്ങൾക്കോ യാതൊരുവിധ റിബേറ്റോ സബ്സിഡിയോ നൽകുന്നില്ല. വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന പരമ്പരാഗത വ്യവസായ മേഖലയ്ക്ക് നൽകിയിരിക്കുന്ന പരിഗണനയും ആനുകൂല്യങ്ങളും പരമ്പരാഗത എണ്ണയാട്ട് മേഖലയ്ക്കും നൽകുകയും പരമ്പരാഗതമായി എണ്ണയാട്ട് കുലത്തൊഴിലാക്കിയ ചക്കാല സമുദായത്തെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പട്ടികജാതി–പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) : സർ, അസംഘടിത മേഖലയിൽ പണിയെടുക്കുന്ന മറ്റ് ക്ഷേമ പദ്ധതികളിൽ അംഗമാകാൻ സാധിക്കാത്ത 18 മുതൽ 50 വയസ് വരെ പ്രായമുള്ള എണ്ണയാട്ടുതൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി/വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകാൻ കഴിയുന്ന

താണ്. ഈ പദ്ധതിയിൽ നിന്നും 60 വയസ് പൂർത്തിയാക്കി റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റുന്ന അംഗങ്ങളിൽ 10 വർഷത്തെ അംഗത്വ കാലാവധി ഉള്ളവർക്ക് കേരള അൺ-ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം 2008-ൽ ഉൾപ്പെടുത്തി തൊഴിൽ വകുപ്പുമുഖേന സർക്കാർ പെൻഷൻ നൽകുന്നുണ്ട്. ചക്കാല നായർ ഉൾപ്പെടെയുള്ള വിവിധ സമുദായങ്ങളെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റുമുള്ള കാര്യങ്ങൾ ഒ.ബി.സി. വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനായി നിയമിച്ച പി.പി. ഗോപി കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോൾ ചക്കാല, ചക്കാലനായർ സമുദായങ്ങൾ വിദ്യാഭ്യാസ സംവരണത്തിന് അർഹതയുള്ള എസ്.സി.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ട്. കൂടാതെ ചക്കാല സമുദായം ഒ.ബി.സി. ലിസ്റ്റിലും ഉൾപ്പെടുന്നുണ്ട്. പി.പി.ഗോപി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച്, അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ച്, നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മൂവാറ്റുപ്പുഴയാർ സംരക്ഷണം

ശ്രീ. ജോസഫ് വാഴക്കൻ: സർ, മൂവാറ്റുപ്പുഴ റിവൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കണമെന്നുള്ള ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. വർഷം മുഴുവൻ ജലസമൃദ്ധമായ മദ്ധ്യകേരളത്തിലെ

പ്രധാന നദിയാണ് മൂവാറ്റുപ്പുഴയാർ. ഏകദേശം 121 കിലോമീറ്റർ നീളവും 1554 ചതുരശ്ര കിലോമീറ്റർ ക്യാച്ച്മെന്റ് ഏരിയയുമുള്ളതുമാണ് ഈ പുഴ. പശ്ചിമഘട്ടത്തിന്റെ തെക്കുഭാഗത്തുനിന്ന് ഉത്ഭവിക്കുന്ന തൊടുപുഴയാർ, കാളിയാർ, കോതയാർ എന്നീ മൂന്ന് പോഷക നദികൾ മൂവാറ്റുപ്പുഴ ത്രിവേണി സംഗമത്തിൽവച്ച് കൂടിച്ചേർന്ന് മൂവാറ്റുപ്പുഴയാർ രൂപപ്പെടുന്നു. ഇടുക്കി, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലൂടെ ഒഴുകിയെത്തുന്ന മൂവാറ്റുപ്പുഴയാർ പടിഞ്ഞാറോട്ടൊഴുകി പിറവം വഴി വട്ടിക്കാട്ടുമുക്കിൽനിന്ന് ഇത്തിപ്പുഴയെന്നും മുറിഞ്ഞപ്പുഴയെന്നും രണ്ടായി പിരിഞ്ഞ് വൈക്കത്തെ വടക്കേമുറിയിലും ചെമ്പിലും വച്ച് വേമ്പനാട്ട് കായലിൽ ചെന്നുചേരുന്നു. വടക്ക് പെരിയാർ നദീതടത്താലും തെക്ക് മീനച്ചിൽ നദീതടത്താലും ചുറ്റപ്പെട്ടതാണ് മൂവാറ്റുപ്പുഴ നദീതടം. മൂവാറ്റുപ്പുഴയാറും ഇതിന്റെ പോഷക നദികളുമാണ് ഇടുക്കി, എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ പ്രധാന കുടിവെള്ള ജലസേചന സ്രോതസ്സായി ഏതാണ്ട് 40 ലക്ഷത്തോളം ആളുകളുടെ നിലനിൽപ്പിനാധാരമായി നേരിട്ട് നിലകൊള്ളുന്നതാണ്. 1976–ൽ ഇടുക്കി ജലവൈദ്യുത പദ്ധതി നിലവിൽ വന്നതോടുകൂടി മൂവാറ്റുപ്പുഴയാറിന്റെ സ്വഭാവഘടനയിൽ വൻമാറ്റമാണ് സംഭവിച്ചത്. ജലവൈദ്യുത നിലയത്തിൽ നിന്നും വരുന്ന ജലം മൂലമറ്റത്തുനിന്നും തൊടുപുഴയാർ വഴി മൂവാറ്റുപ്പുഴയാറിലേയ്ക്ക് തിരിച്ചുവിടുന്നതുമൂലം ഈ പുഴ വർഷംമുഴുവൻ ജലസമൃദ്ധമായി നിലകൊള്ളുന്നു. മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ടും ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയും എറണാകുളം പട്ടണത്തിൽ നടപ്പിലാക്കുന്ന ജൻറം കുടിവെള്ള പദ്ധതിയുമുൾപ്പടെ ചെറുതും വലുതുമായ അനേകം കുടിവെള്ള പദ്ധതികളുടെ പ്രധാന സ്രോതസ്സായി മൂവാറ്റുപ്പുഴയാർ നിലകൊള്ളുക

യാണ്. നിർഭാഗ്യവശാൽ, അശാസ്ത്രീയമായ മത്സ്യബന്ധനവും മണൽ ഖനനവും മണ്ണൊലിപ്പും ജലം ശേഖരിക്കലുംമൂലവും, ഖരമാലിന്യങ്ങൾ വൻതോതിൽ നിക്ഷേപിക്കുന്നതുവഴിയും വ്യവസായ ആശുപത്രി മാലിന്യങ്ങൾ നേരിട്ട് പുഴയിലേയ്ക്ക് തള്ളുന്നതുമൂലവും ജലം ഉപയോഗ ശൂന്യമായി മാറിക്കൊണ്ടിരിക്കുന്നു. മൂവാറ്റുപ്പുഴയാർ ദിനംപ്രതി മാലിന്യങ്ങൾ നിറഞ്ഞ് മരിച്ചുകൊണ്ടിരിക്കുന്നു. മദ്ധ്യകേരളത്തിലെ ഈ സുപ്രധാന ജലസ്രോതസ്സിനെ സംരക്ഷിക്കേണ്ടത് ഒരു നാടിന്റെ നിലനിൽപ്പിന്റെ പ്രശ്നമായി മാറിയിരിക്കുന്നു. ഇതൊരു അടിയന്തര പ്രാധാന്യമർഹിക്കുന്ന വിഷയമായി സർക്കാർ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഇതിനെക്കുറിച്ചൊരു സമഗ്ര പഠനം നടത്തി പ്രശ്നങ്ങൾ മനസ്സിലാക്കി അതിനുള്ള പരിഹാരം കണ്ടെത്തി മൂവാറ്റുപ്പുഴയാറിനെയും അതിന്റെ പോഷക നദികളെയും സംരക്ഷിക്കുന്നതിനും മൂവാറ്റുപ്പുഴയാറിനെ സജീവമായി നിലനിർത്തുന്നതിനും കുടിവെള്ളം ശുദ്ധമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് മൂവാറ്റുപ്പുഴ റിവർ ആക്ഷൻ പ്ലാൻ നടപ്പിലാക്കണമെന്ന അടിയന്തരാവശ്യത്തിലേയ്ക്ക് സർക്കാറിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരളത്തിലെ പടിഞ്ഞാറോട്ടൊഴുകുന്ന നദികളിൽ പ്രധാനപ്പെട്ട ഒന്നാണ് മുവാറ്റുപ്പുഴ നദി. ധാരാളം തോടുകളും നീർച്ചാലുകളും നീരുറവകളും ഈ നദിയിൽ വന്നുചേരുന്നു. തൊടുപുഴ, വൈക്കം, കുന്നത്തുനാട്, കണയന്നൂർ എന്നീ പ്രദേശങ്ങളിലൂടെ ഒഴുകി വേമ്പനാട്ട് കായലിൽ എത്തിച്ചേരുന്ന ഈ നദിയുടെ നീർത്തട പ്രദേശം 1593.142 ചതുരശ്ര കിലോമീറ്ററാണ്. എല്ലാ നദി

കളിലും കണ്ടുവരുന്ന മണൽ വാരൽ, ജലചൂക്ഷണം എന്നിവയെല്ലാം ഈ നദിയിലുമുണ്ട്. ജലഗുണനിർണ്ണയ സ്റ്റേഷനുകൾ മൂവാറ്റുപ്പുഴയിലെ രാമമംഗലം, കാളിയാറിലെ കാലാമ്പൂർ എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു. മാലിന്യ നിക്ഷേപതോത് വർദ്ധിക്കുകയും നിലവിലെ നീരൊഴുക്ക് കുറയുകയും ചെയ്താൽ മൂവാറ്റുപ്പുഴയാറിലെ ഗുണനിലവാരം താഴുന്നതിന് സാദ്ധ്യതയുണ്ട്. ഇത് പരിഹരിച്ച് മൂവാറ്റുപ്പുഴയാറിലെ നീരൊഴുക്ക് നിലനിർത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിന് നദീതടത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയുള്ള ശാസ്ത്രീയ സമീപനമാവശ്യമാണ്. ഇക്കാര്യം വിശദമായി പഠിക്കേണ്ടതുമുണ്ട്. ഇത് പൂർത്തിയാക്കിയാൽ മാത്രമെ മൂവാറ്റുപ്പുഴയാർ സംരക്ഷണത്തിനുള്ള സമഗ്ര നദീതട സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. ഈ പഠനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

({

**ഭാരതപ്പുഴയിൽ തടയണ നിർമ്മാണം പുനരാരംഭിക്കൽ**

ശ്രീമതി കെ. എസ്. സലീഖ): സർ, വരാൻ പോകുന്ന നാളുകൾ കടുത്ത വേനലിന്റെയും അതുപോലെത്തന്നെ വലിയ കുടിവെള്ള ക്ഷാമത്തിന്റെയും ദിനങ്ങളാകുമെന്നുള്ള റിപ്പോർട്ടുകൾ വിവിധ മേഖലകളിൽ നിന്ന് വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി എന്റെ മണ്ഡലത്തിൽ ഷൊർണ്ണൂർ മുൻസിപ്പാലിറ്റി കുടിവെള്ള ക്ഷാമത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന ഒരു പ്രദേശമാണ്. അവിടെ ആ പ്രതിസന്ധിക്ക് പരിഹാരമെന്ന നിലയിൽ കൊച്ചി പാലത്തിനു സമീപം ഒരു തടയണ നിർമ്മിക്കുന്നതി

നുവേണ്ടി നേരത്തെ തീരുമാനമെടുത്തിരുന്നു. 360 മീറ്റർ നീളംവരുന്ന തടയണയുടെ 160 മീറ്റർ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടു. നിർഭാഗ്യവശാൽ ആ പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെട്ട ഒരു സാഹചര്യമുണ്ടായി. അത്തരമൊരു ഘട്ടത്തിൽ ആ പ്രവൃത്തി അവിടെ അനിശ്ചിതത്വത്തിലായി. ഇപ്പോൾ അത് നിർത്തിവച്ച ഒരു സാഹചര്യമാണ് നിലവിലുള്ളത്. ആ തടയണയുടെ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയുടെയും തൊട്ടടുത്ത പഞ്ചായത്തായ വാണിയംകുളം പഞ്ചായത്തിന്റെയും ശാശ്വതമായ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. പക്ഷെ, മൂന്നരക്കോടിയോളം രൂപ ചെലവഴിച്ചുകഴിഞ്ഞ ഒരു പദ്ധതിയെന്ന നിലയ്ക്ക് അത് നടപ്പിലാക്കാതിരുന്നാൽ സാമൂഹികമായും സാമ്പത്തികമായിട്ടുമുള്ള നഷ്ടമാണ് സംഭവിക്കുന്നത്. അതുമാത്രമല്ല ഈ മൂന്നരക്കോടി രൂപ ജലത്തിൽ കലക്കിയ രൂപത്തിൽ കലാശിക്കുന്ന ഒരു സാഹചര്യമുണ്ടാകും. അതൊഴിവാക്കുകയും അതോടൊപ്പംതന്നെ ആ പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിച്ചുകൊണ്ട് എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയുടെയും വാണിയംകുളം പഞ്ചായത്തിന്റെയും കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി തുടർന്ന് ആ പദ്ധതി ഏറ്റെടുക്കുകയും അതിന് ഭരണാനുമതി നൽകുകയും ഗവൺമെന്റ് അതിനാവശ്യമായ പണം നീക്കിവയ്ക്കുകയും ചെയ്തുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

**<u>ഭാരതപ്പുഴയിൽ തടയണ നിർമ്മാണം പുനരാരംഭിക്കൽ</u>**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി പാലത്തിന് താഴെ ഭാഗത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി നടപ്പാക്കിവരവെ കരാറുകാരൻ മരണപ്പെടുകയും പണി തടസ്സപ്പെടുകയും ചെയ്തു. ബാക്കി പണികളുടെ എസ്റ്റിമേറ്റ് 2012-ലെ നിരക്കുപ്രകാരം 12.2 കോടി രൂപയ്ക്ക് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കുവേണ്ടി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. 25-06-2013-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി തീരുമാന പ്രകാരം 50 ലക്ഷം രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുകവരുന്ന തടയണ നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**<u>പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം</u>**

<u>ശ്രീ. എം. ഹംസ</u>: സർ, പാലക്കാട് ജില്ലയിൽ വല്ലാത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. മഴ കുറയുകയും ചൂട് കൂടുകയും ചെയ്യുകയാണ്. 42 ഡിഗ്രി സെൽഷ്യസിലധികം ചൂട് രേഖപ്പെടുത്തിയ

കേരളത്തിലെ 4 ജില്ലകളിലൊന്ന് പാലക്കാട് ജില്ലയാണ്. ഇങ്ങനെ കുടിവെ ള്ളത്തിന്റെ പ്രശ്നവും കൃഷി നാശവും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടലുകൾ ആവശ്യമാണ്. കഴിഞ്ഞ വർഷം പാലക്കാട് ജില്ലയിലെ ദുരിതം അങ്ങുതന്നെ രണ്ടുതവണ വന്ന് നേരിട്ട് അനുഭവിച്ചതും അങ്ങ് ഇടപെട്ടതുമാണ്. രണ്ട് കുളങ്ങൾ ഓരോ പഞ്ചായത്തിലും തരാമെന്ന് പ്രഖ്യാപിച്ചത് അവിടത്തെ വരൾച്ചയുടെ കെടുതി മനസ്സിലാക്കിയിട്ടാണ്. പക്ഷെ രണ്ട് കുളങ്ങളുടെയും എ.എസ്. ഇന്നുവരെ കിട്ടിയിട്ടില്ല. അതുപോലെതന്നെ തടയണകൾക്ക് മുൻഗണന കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഭാരതപ്പുഴയിലും കരിമ്പുഴയിലുമുൾപ്പെടെ നിരവധി തടയ ണകൾ നിർമ്മിച്ചുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ കുടിവെള്ള പ്രശ്ന ത്തിന് പരിഹാരം കാണാനും നാം ശ്രമിക്കേണ്ടതുണ്ട്. അങ്ങനെ തടയണകൾ നിർമ്മിച്ചും ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയും ഇപ്പോൾ നേരിടാൻ പോകുന്ന വലിയതരത്തിലുള്ള കുടിവെള്ള ക്ഷാമം പരി ഹരിക്കാൻ ലോറികളിലുൾപ്പെടെ വെള്ളം കൊടുക്കാനാവശ്യമായ സംവിധാ നങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വളരെപെട്ടെന്ന് ഗവൺമെന്റ് ഇടപെടണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പാലക്കാട് ജില്ലയിലെ അതിരൂക്ഷമായ വരൾച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനകംതന്നെ, 3 സമഗ്ര കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒറ്റശ്ശേരി, കാരക്കുറിശ്ശി, തച്ചമ്പാറ, പട്ടാമ്പി കുടിവെള്ള പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഈ പദ്ധതികൾ മുഖേന 26240 ജനങ്ങൾക്ക്

പ്രയോജനം ലഭിക്കുന്നതാണ്. ഇതുകൂടാതെ കൊടുമ്പ്, പൊൽപ്പുള്ളി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി ഈ വേനൽകാലത്ത് ഭാഗികമായി കമ്മീഷൻ ചെയ്യുന്നതാണ്. മിനി കുടിവെള്ള പദ്ധതികൾ, കാലപ്പഴക്കംചെന്ന പമ്പുകൾ മാറ്റുക, പൈപ്പ് ലൈനുകൾ നീട്ടുക, തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികളുടെയും പ്രോജക്ടുകൾ തയ്യാറാക്കി വരികയാണ്. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻകീഴിൽ കുഴൽകിണർ ഉപയോഗിച്ചുള്ള 11 ചെറുകിട കുടിവെള്ള പദ്ധതികൾക്കായി 47.83 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിനകം 6 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. നിലവിലുള്ള കുഴൽക്കിണറുകളിലെ ഹാൻഡ് പമ്പുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും പുതിയ കുഴൽകിണർ കുഴിച്ച് കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കാൻ ഭൂജലവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വരൾച്ചാ ദുരിതാശ്വാസ നടപടികൾ

ശ്രീ. രാജു എബ്രഹാം: സർ, കേരളം വരൾച്ചയുടെ പിടിയിലാണ്. ജനുവരി മാസം മുതൽ മലയോര മേഖലകളിൽ ഒരു ലോഡ് വെള്ളം മൂവായിരം രൂപ മുതൽ അയ്യായിരം രൂപവരെ കൊടുത്താണ് ആളുകൾ വീടുകളിലേയ്ക്ക് കൊണ്ടുവരുന്നത്. മലയോര മേഖലകളിൽ മാത്രമല്ല, അല്ലാത്ത പ്രദേശങ്ങളിലും ജനുവരി മാസം ഈ സ്ഥിതി ആരംഭിച്ചതാണ്. സാധാരണ ഗതിയിൽ ഫെബ്രുവരി മാസമാകുമ്പോൾ ജില്ലാ കളക്ടർമാർക്ക് വരൾച്ച നേരിടുന്നതിനുവേണ്ടി 50 കോടി രൂപയും 100 കോടി രൂപയുമൊക്കെ

നൽകുന്ന ഒരു പതിവുണ്ടായിരുന്നു. ഈ വർഷം ഇന്ന് തീയതി 6 ആയിട്ടും ഒരു നയാപൈസ ഈ ഗവൺമെന്റ് ജില്ലാ കളക്ടർമാർക്ക് കൊടുത്തിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മറുപടി പറയുന്നുണ്ട്. അദ്ദേഹം മാത്രമല്ല, റവന്യൂ വകുപ്പുമന്ത്രിയാണ് ജില്ലയിൽ ജില്ലാ കളക്ടർമാർക്ക് പണം നൽകേണ്ടത്. അദ്ദേഹം സ്ഥലത്തില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാബിനറ്റ് കൂടി, ഈ വിഷയം ഗൗരവ്വമായി പരിഗണിക്കേണ്ടതല്ലേ, ഇതേപ്പറ്റി ഒരു അജണ്ടപ്പോലും വച്ചിട്ടില്ലായെന്നാണ്........... ക്യാബിനറ്റ് കൂടിയിട്ടില്ല. ഇതാണോ കേരളത്തിലെ ജനങ്ങളോട് കാണിക്കുന്ന ഉത്തരവാദിത്വം? കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന അതിഗുരുതരമായ ഒരു പ്രശ്നം വരുമ്പോൾ ആ പ്രശ്നം കണ്ടില്ലായെന്ന് നടിക്കുന്ന ഗവൺമെന്റിന്റെ ഈ സമീപനം ശരിയല്ല. ഇവിടെ എന്തായാലും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, കഴിഞ്ഞ തവണ പൈപ്പ് ലൈൻ നീട്ടുന്നതിന് കുറച്ച് ഫണ്ട് അനുവദിച്ചതാണ്. നല്ല കാര്യങ്ങൾ നല്ല കാര്യങ്ങളാണെന്നു തന്നെ പറയും. പക്ഷെ ഈ വർഷം പൈപ്പ് ലൈൻ നീട്ടാനുള്ള ഒരു നയാപൈസപോലും ഇതുവരെ അനുവദിച്ചിട്ടില്ല. അതെങ്കിലും അനുവദിക്കണം. ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം ആരംഭിക്കുന്നില്ലെങ്കിൽ സ്വകാര്യ കുടിവെള്ള ടാങ്കർ ലോറികൾ ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളെ ദുരിതത്തിലാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് കേരളത്തിൽ വളർന്നുവരുന്ന ഏറ്റവും വലിയ വ്യവസായമാണ് ഈ കുടിവെള്ള വിതരണമെന്ന് അങ്ങേയ്ക്കും അറിയാമല്ലോ. ഈ ഗുരുതരമായ സാഹചര്യത്തിൽ അടിയന്തരമായി ജില്ലകൾക്ക് ആദ്യഘട്ടമായി 100 കോടി രൂപ അനുവദിച്ചുകൊണ്ട് ടാങ്കർ ലോറിയിൽ കുടിവെള്ളം കൊടുത്തുകൊണ്ട്, പൈപ്പ് ലൈനു

കൾ നീട്ടികൊണ്ടുമുള്ള അടിയന്തര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വരൾച്ച നേരിടുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയും ഭൂജല വകുപ്പും ഒട്ടനവധി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്. റവന്യൂ വകുപ്പുമായി ആലോചിച്ച് ശുദ്ധജലപ്രശ്നം നേരിടുന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ നടപടി റവന്യൂ വകുപ്പിൽ നിന്നാണ് സ്വീകരിക്കാറുള്ളത്. കഴിഞ്ഞ വർഷം ഫെബ്രുവരി മാസം ആദ്യം ടാങ്കർ ലോറികളിൽ വെള്ളം വിതരണം ആരംഭിച്ചിരുന്നില്ല. കഴിഞ്ഞ വരൾച്ചക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നതിനായി 57 കോടി രൂപ വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരുന്നു. ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം, അധികസമയ പമ്പിംഗ് വാൽവ് നിയന്ത്രിക്കൽ, ലീക്കുകൾ ശരിയാക്കുക, ചെറുകിട പദ്ധതികൾ എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. കൂടാതെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പമ്പ് സെറ്റുകളും മോട്ടറുകളും വാങ്ങുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കേടുവന്ന കുഴൽക്കിണറുകൾ നന്നാക്കുന്നതിനും നിലവിലുള്ള കുഴൽക്കിണറുകളുടെ ജലവിതരണ പദ്ധതികൾ നടപ്പിലാക്കാനും ഭൂജല വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി കേടായതും കാലപ്പഴക്കം ചെന്നതുമായ പമ്പ്സെറ്റുകളും മോട്ടറുകളും മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## നരിക്കുനിയിലെ ബൈപ്പാസ് റോഡിന് സ്ഥലം ഏറ്റെടുക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട നരിക്കുനി ടൗണിൽ ഗതാഗതക്കുരുക്ക് നിത്യ സംഭവമാണ്. മണിക്കൂറുകളോളം ടൗണിൽ കുരുങ്ങിക്കിടക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്നതും കോഴിക്കോട് ജില്ലയിൽത്തന്നെ പ്രധാനപ്പെട്ട ടൗണുകളിൽ ഒന്നുമാണ് നരിക്കുനി. കാപ്പാട് തുഷാരഗിരി ടൂറിസ്റ്റ് സ്റ്റേറ്റ് ഹൈവേയും പൂനുര് കുമാരസ്വാമി മേജർ റോഡും പടനിലം നൻമണ്ട മേജർ റോഡും ഈ ടൗണിൽ സന്ധിക്കുന്നുണ്ട്. 2010–ൽ ഇതുസംബന്ധമായ സബ്മിഷൻ ഈ സഭയിൽ ഞാൻ ഉന്നയിച്ചിരുന്നു. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് ഇവിടെ ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് 9.5 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുള്ളത്. കഴിഞ്ഞ ബഡ്ജറ്റിലും ഇത് ആവർത്തിക്കപ്പെടുകയുണ്ടായി. എന്നാൽ ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി മന്ദഗതിയിലാണ് നീങ്ങുന്നത്. സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി സ്ഥലം മാർക്ക് ചെയ്ത് എൽ.എ.യ്ക്ക് കൈമാറിയിട്ടുണ്ടെന്നാണ് അറിയുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കുകയും നടപടി ത്വരിതപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നുവെങ്കിൽതന്നെയും ഇതുവരെ കാര്യമായ ഒരു പുരോഗതിയുമുണ്ടായിട്ടില്ല. എത്രയും വേഗം സ്ഥലം ഏറ്റെടുത്ത് ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ടൗണിലെ ഗതാഗത തടസ്സം പരിഹരിക്കുന്നതിലേയ്ക്കായി ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി 14-07-2009-ന് 9,50,00,000/- (ഒൻപത് കോടി അമ്പത് ലക്ഷം) രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയുണ്ടായി. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്ത് ഊരാളിങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തു. 19-07-2011-ന് 2.260 കി.മീ. ദൈർഘ്യമുള്ള ബൈപ്പാസ് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി അലൈൻമെന്റ് അംഗീകരിക്കുകയുണ്ടായി. അതിൻപ്രകാരം 1.2 കി.മീ. ദൂരം സർവ്വേ ചെയ്ത് കല്ല് സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയായിട്ടുണ്ട്. എന്നാൽ 1.2 കി. മീ. മുതൽ 2.26 കി.മീ. വരെയുള്ള ബാക്കിഭാഗത്തെ സർവ്വേ നടപടികൾ സ്ഥലമുടമകളുടെ എതിർപ്പു മൂലം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം നിമിത്തം ഊരാളിങ്കൽ ലേബർ സൊസൈറ്റി നിരന്തരമായി അഭ്യർത്ഥിച്ചതനുസരിച്ച് ബാക്കി ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയിൽ നിന്ന് അവരെ ഒഴിവാക്കിയിട്ടുണ്ട്. സർവ്വേ പൂർത്തിയായ ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. ബാക്കി ഭാഗത്തെ സർവ്വേ നടപടികൾ പൂർത്തിയായതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**തലശ്ശേരി - മാഹി ബൈപ്പാസിന്റെ നിർമ്മാണപ്രവർത്തനം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവിക്കുന്ന ഒരു സ്ഥലം തലശ്ശേരിയാണ്. ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെ ആ ഭാഗത്തുകൂടി യാത്രചെയ്യുമ്പോൾ അത് അനുഭവപ്പെട്ടിട്ടുണ്ടാകും. മാഹി പാലം കഴിഞ്ഞ് ധർമ്മടംവരെ എത്തണമെങ്കിൽ മണിക്കൂറുകൾ വേണ്ടിവരുന്ന ഒരു സ്ഥിതിയാണിപ്പോഴുള്ളത്. അതിന് പരിഹാരമെന്നുപറയുന്നത് തലശ്ശേരി-മാഹി ബൈപ്പാസ് ഉടനെ കൊണ്ടുവരികമാത്രമാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി ഇത് ഉൾപ്പെടുത്തിയതിന്റെ ഫലമായി വളപട്ടണം മുതൽ വെങ്ങളം വരെയുള്ള ഒരു റീച്ചായി കണക്കാക്കി 80 ശതമാനം ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ മാത്രമേ ടെണ്ടർ ചെയ്യാൻ പാടുള്ളൂ എന്ന നിബന്ധന വച്ചതോടുകൂടി ഈ ബൈപ്പാസിന്റെ പ്രവൃത്തി എപ്പോൾ നടക്കുമെന്നതിനെക്കുറിച്ച് യാതൊരു വ്യക്തതയുമില്ലാത്ത ഒരവസ്ഥയാണുള്ളത്. മുഴപ്പിലങ്ങാട് മുതൽ മാഹിവരെയുള്ള സ്ഥലത്തെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ പ്രത്യേക റീച്ചായി മുഴപ്പിലങ്ങാട് മുതൽ കുഞ്ഞിപ്പള്ളിവരെയുള്ള ഭാഗം വടകര, ധർമ്മടം തുടങ്ങിയ മൂന്ന് മണ്ഡലങ്ങളിലുൾപ്പെടുന്ന തലശ്ശേരി പ്രദേശമാണ് ഇതിനകത്ത് ഉൾക്കൊള്ളുന്നത്. രണ്ട് പാർമെന്ററി മെമ്പർമാരുടെ മണ്ഡലത്തിൽപ്പെട്ട ഒരു സ്ഥലമാണിത്. അതുകൊണ്ട് ഇത് പ്രത്യേക റീച്ചായി മുഴപ്പിലങ്ങാട് മുതൽ കുഞ്ഞിപ്പള്ളി വരെയുള്ള ഭാഗം മാറ്റി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങി പെട്ടന്നുതന്നെ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ നമ്മുടെയൊന്നും ജീവിതകാലത്ത് നടപ്പാക്കാനിടയില്ലാത്ത വിധത്തിൽ ഇഴഞ്ഞു നിങ്ങുന്ന ഒരവസ്ഥയാണുള്ളത്. അതുകൊണ്ട് ഈ

പ്രശ്നത്തിന് അടിയന്തര പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് ഞാൻ പ്രത്യേകം ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആ ഭാഗത്തുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. പക്ഷേ അവിടെ രണ്ട് സംസ്ഥാനങ്ങൾ വരുന്നു, അതുപോലെ തന്നെ ദേശീയപാതയുടെ ഭാഗമാണ് തുടങ്ങിയ കാര്യങ്ങളാണ് ഏറ്റവും പ്രധാനപ്പെട്ടത്. തലശ്ശേരി-മാഹി ബൈപ്പാസ് അദ്ദേഹം സൂചിപ്പിച്ച ആ ഭാഗം ഒരു സ്റ്റാന്റ് എലോൺ പ്രോജക്ടായി എടുത്ത്........ കേന്ദ്രഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എന്റയർ ലെങ്ത് കിട്ടിയാൽ മാത്രമേ അവർ പണി നടത്താൻ തയാറുള്ളൂ. പക്ഷേ സംസ്ഥാന ഗവൺമെന്റ് അത് സ്റ്റാന്റ് എലോൺ പ്രോജക്ടാക്കി മാറ്റണമെന്നുള്ള അപേക്ഷ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുമുമ്പ് ഒരുപക്ഷേ അതിനുള്ള അനുവാദം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ അനുവാദം കിട്ടിയാൽ തീർച്ചയായും ഇത് സ്പീഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നടത്തേണ്ട പ്രധാനപ്പെട്ട 23 പദ്ധതികളിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെവന്നാൽ ആദ്യഘട്ടമെന്ന നിലയിൽ മുഴപ്പിലങ്ങാട് മുതൽ തലശ്ശേരി കൂർഗ് റോഡിലെ എരഞ്ഞോളി വരെയുള്ള രണ്ടുവരി പാത നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കികൊണ്ടിരിക്കുകയാണ്.

**ചാലക്കുടി റെയിൽവേ അണ്ടർബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണം**

ശ്രീ. ബി. ഡി. ദേവസ്സി : സർ, ചാലക്കുടി റെയിൽവേ അണ്ടർബ്രിഡ്ജിന്റെ റെയിൽവേയുടെ ഭാഗത്തുനിന്നുള്ള നിർമ്മാണം 2012 ഡിസംബറിൽ പൂർത്തീകരിച്ചതാണ്. ഇതിന്റെ അപ്രോച്ച് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണം വ്യവസ്ഥയനുസരിച്ച് പൊതുമരാമത്ത് വകുപ്പാണ് ചെയ്യേണ്ടത്. എന്നാൽ പാലം നിർമ്മാണം പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് സതേൺ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൺസ്ട്രക്ഷൻ വിഭാഗം, എറണാകുളം, കത്ത് നമ്പർ W/352/CN/1/ERS/ROBS 30-1-2014–ആയി ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. അണ്ടർ ബ്രിഡ്ജിലെ വെള്ളക്കെട്ടുമൂലം വിദ്യാർത്ഥികൾ അടക്കമുള്ള യാത്രക്കാർക്ക് അപകടസാധ്യതയും ജീവന് ഭീഷണിയും നിലനിൽക്കുന്നുണ്ട്. നിർമ്മാണത്തിനുമുമ്പ് ഇവിടെയുണ്ടായിരുന്ന ഗതാഗത സൗകര്യവും തകരാറിലായിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ.................... സഭ പിരിഞ്ഞിട്ടില്ല. സഭ നടക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇങ്ങനെ എഴുന്നേറ്റുനിന്നാൽ എന്താണ് ചെയ്യുക? ബഹുമാനപ്പെട്ട ദേവസ്സി, ഒരു മിനിട്ട്. ഇത് എന്താണ് എല്ലാവരും ഇങ്ങനെ എഴുന്നേറ്റുനിൽക്കുന്നത്? നിയമസഭ

നടക്കുകയല്ലേ? ആരും ശ്രദ്ധിക്കുന്നതേയില്ല. ബഹുമാനപ്പെട്ട ഇൻഡസ്ട്രീസ് മിനിസ്റ്റർ, അങ്ങയുടെ മുമ്പിൽ ആളുകൾ കൂടിനിൽക്കുകയാണ്. ഈ സഭ നടക്കണ്ടേ? യെസ്, ദേവസ്സി, പ്ലീസ്.

ശ്രീ. ബി. ഡി. ദേവസ്സി: ആയതുകൊണ്ട് യാത്രക്കാർക്ക് വളരെ സൗകര്യപ്രദവും ചാലക്കുടിയുടെ വികസനത്തിന് പ്രധാന പങ്കുവഹിക്കേണ്ട തുമായ ചാലക്കുടി റെയിൽവേ അണ്ടർബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനും നിർമ്മാണം ഉടനെ ആരംഭിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ചാലക്കുടി - കറുകുറ്റി സ്റ്റേഷനുകൾക്കിടയിൽ 50-ാം നമ്പർ ലെവൽ ക്രോസിന് പകരം റെയിൽവേ അണ്ടർ ബ്രിഡ്ജ് 2012 ഡിസംബറിൽ പൂർത്തി യാക്കുകയുണ്ടായി. ഈ അണ്ടർബ്രിഡ്ജിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന തിനുള്ള ഡ്രെയിനേജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി മണ്ണുപരിശോധന റിപ്പോർട്ട്, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ എസ്റ്റീം ഡെവലപ്പേഴ്സ് ലിമിറ്റഡ് എന്ന കമ്പനി തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് ഉൾപ്പെടെ 700 ലക്ഷം രൂപയുടെ എസ്റ്റി മേറ്റ് അംഗീകാരത്തിനായി 17.1.2014-ൽ ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ സ്ഥലം കൈവശപ്പെടുത്താൻ ശ്രമിക്കൽ**

ഡോ. ടി. എം. തോമസ് ഐസക്ക് : സർ, ആലപ്പുഴയിലെ സ്റ്റേഡിയത്തിന്റെ ഭൂമി വ്യാജതണ്ടപ്പേർ സൃഷ്ടിച്ച് ഒരു ഭാഗം ആളുകൾ ചിലർക്ക് മറിച്ചുവിറ്റിരിക്കുകയാണ്. ഇതുസംബന്ധിച്ച കാര്യങ്ങളൊക്കെ അങ്ങേയ്ക്ക് അറിവുള്ളതാണ്. ഞാൻ അതുകൊണ്ട് ഒന്നും പറയുന്നില്ല. എന്റെ ആവശ്യം രണ്ടാണ്. ഒന്ന്, പോക്കുവരവ് റദ്ദു ചെയ്യണം. രണ്ട്, ഇക്കാര്യത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണം. ഇതിന് അനുകൂലമായി അഭിപ്രായം പറയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ആലപ്പുഴ നഗരസഭ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ ഭാഗമായ വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 53-ൽ റീസർവ്വേ 81-ൽപ്പെട്ട വസ്തുവിനുമേൽ അധികാര അവകാശങ്ങളില്ലാത്ത ചിലർ ചേർന്ന് വ്യാജപ്രമാണങ്ങൾ ചമച്ച് വസ്തു തട്ടിയെടുക്കാൻ ശ്രമിക്കുന്നുവെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട അമ്പലപ്പുഴ എം.എൽ.എ. ജി. സുധാകരൻ, ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ, ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറി തുടങ്ങിയവർ എനിക്ക് പരാതി നൽകിയിരുന്നു. ഇതിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും മേൽപ്പടി വിഷയത്തിൽ സമഗ്രമായ അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് അന്വേഷണത്തിന് റവന്യൂ വകുപ്പ് ശുപാർശ ചെയ്യുകയും ആയത് വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാ

നത്തിൽ ഇതുസംബന്ധിച്ച ഫയൽ വിജിലൻസ് വകുപ്പിന് കൈമാറിയിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ പോക്കുവരവ് റദ്ദു ചെയ്യുന്നതിനുവേണ്ട നിർദ്ദേശം ഉടൻതന്നെ കൊടുക്കുന്നതാണ്. സ്റ്റേഡിയത്തെക്കുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഇന്നലെവരെയും അവിടെ കയർ കേരളയുടെ പരിപാടിയുണ്ടായിരുന്നു. ഇതേക്കുറിച്ച് നന്നായി അറിയാമെന്നതുകൊണ്ട് ഞാൻ തന്നെ ഇടപെട്ടുകൊണ്ടാണ് ജില്ലാ കളക്ടറോട് അന്വേഷണം നടത്താൻ നിർദ്ദേശം കൊടുത്തത്. ആ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഈ നടപടികൾ സ്വീകരിക്കുന്നത്.

## പുതിയ റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. സി .മമ്മൂട്ടി : സർ, തിരൂരിലെ ചമ്രവട്ടം പാലം ഉത്ഘാടനം ചെയ്തതിനുശേഷം ഗതാഗതക്കുരുക്ക് അനുസ്യൂതമായി വർദ്ധിക്കുകയാണ്. അതിന് പരിഹാരമായി തിരൂരിലെ ബൈപ്പാസ് റോഡിൽ പുതുതായി നിർമ്മിക്കാൻ പോകുന്ന മേൽപ്പാലത്തിന്റെ പണി ആരംഭിക്കണം. നേരത്തെ അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തിട്ടുണ്ട്. അതിന്റെ പണം പി.ഡബ്ല്യൂ.ഡി. റെയിൽവേയ്ക്ക് കെട്ടിവയ്ക്കുകയും ചെയ്തു. പക്ഷേ ആറേഴ് മാസമായി യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അത് എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യാനുള്ള നടപടിയും നിർമ്മാണം ആരംഭിക്കാനുള്ള അടിയന്തരനടപടിയും സ്വീകരിക്കണം. അതോടൊപ്പം നിലവിലുള്ള ഓവർബ്രിഡ്ജിന്റെ വീതി കൂട്ടുന്നതിനും പണം അടച്ചിട്ടുണ്ട്. അത് രണ്ടും ഒരുമിച്ച് ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, തിരൂർ ടൗണിലെ നിലവിലുള്ള ആർ.ഒ.ബി വീതികൂട്ടുന്ന പ്രവൃത്തിയും തിരൂർ – പൊൻമുണ്ടം ബൈപ്പാസിൽ മുത്തൂരിൽ പുതിയ ആർ.ഒ.ബി. നിർമ്മിക്കുന്ന പ്രവൃത്തിയും ഡെപ്പോസിറ്റ് വർക്കായി റെയിൽവേയാണ് നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ തുക 11,26,69,000 രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. റെയിൽവേ അയച്ചുതന്ന മേൽപ്പറഞ്ഞ രണ്ട് ആർ.ഒ.ബി–കളുടെയും ജി.എ.ഡി.–കൾ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച് മടക്കി നൽകിയെങ്കിലും തിരൂർ–പൊൻമുണ്ടം ബൈപ്പാസിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ ആർ.ഒ.ബി.–യുടെ ഡിസൈൻ റെയിൽവേ വീണ്ടും മാറ്റം വരുത്തുകയുണ്ടായി. ആയത് പരിശോധിച്ച് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

**പുരയിടഭൂമി റവന്യൂ ഭൂമിയായി രേഖപ്പെടുത്തിയതുമൂലമുള്ള ബുദ്ധിമുട്ട്**

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, അനേകനാളുകളായി പുരയിടമായി നിലനിൽക്കുന്ന ഭൂമി റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നതുമൂലം വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം വീട് നിർമ്മിക്കുന്നതിന് സാധിക്കുന്നില്ല. വീട് നിർമ്മിച്ചാൽ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നമ്പർ ഇട്ടുകൊടുക്കുന്നില്ല. അതുപോലെ വൈദ്യുതി കണക്ഷനോ വാട്ടർ സപ്ലൈ കണക്ഷനോ റേഷൻ കാർഡോ ഒന്നും തന്നെ കിട്ടാത്ത ഒരു സാഹചര്യമാണുള്ളത്. ബാങ്കുവായ്പകളും കിട്ടുന്നില്ല. ഇത്തരത്തിലുള്ള ഭൂമിയിൽ പൊതുസ്ഥാപനങ്ങൾ വരുന്നതിനോ വ്യവ

സായങ്ങൾ സ്ഥാപിക്കുന്നതിനോ ഒന്നും കഴിയാത്ത അവസ്ഥയാണ് നില നിൽക്കുന്നത്. രേഖകളിൽ മാറ്റം വരുത്താത്തതുകൊണ്ട് വികസനപ്രവർത്തന ങ്ങളെയൊക്കെ പ്രതികൂലമായി ബാധിക്കുന്നു. ഡാറ്റാ ബാങ്കിലൂടെ പരിഹരി ക്കുവാൻ ശ്രമിച്ചെങ്കിലും അങ്ങനെയും കഴിഞ്ഞിട്ടില്ല. റീസർവ്വെയിലൂടെ പരിഹരിക്കാൻ കഴിയുമെന്നുള്ള നിലയിൽ നീങ്ങിയെങ്കിലും ആ നിലയ്ക്കുള്ള പരിഹാരവും നടക്കുന്നില്ല. നെൽവയൽ സംരക്ഷണ നിയമ ത്തിന്റെ പേരിലാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യാത്തതെന്നാണ് ഗവൺമെന്റ് ഭാഗത്തുനിന്നും കിട്ടുന്ന ഉത്തരം. ബഹുമാനപ്പെട്ട ഹൈക്കോ ടതിയിൽ ഇതുസംബന്ധിച്ച് ജലജ Vs. സ്റ്റേറ്റ് ഓഫ് കേരള എന്ന ഒരു കേസ് വന്നിരുന്നു. ഭൂമിയുടെ തൽസ്ഥിതിക്ക് അനുസരിച്ച് ആവശ്യമായിട്ടുള്ള ഭേദഗതി റവന്യൂ രേഖയിൽ വരുത്തണമെന്നുള്ളതായിരുന്നു സിംഗിൾ ബെഞ്ചിന്റെ വിധി. ഗവൺമെന്റ് അതിൽ അപ്പീൽ പോകുകയുണ്ടായി. അപ്പീൽ പോയെങ്കിലും റിട്ട് അപ്പീൽ നമ്പർ 412/2013-ൽ ജലജയ്ക്ക് അനുകൂ ലമായിട്ടാണ് വിധിയുണ്ടായിട്ടുള്ളത്. ആ വിധിയിൽ ഭൂമിയുടെ തൽസ്ഥിതിയനുസരിച്ച് സർക്കാർ നടപടി സ്വീകരിക്കണമെന്നുതന്നെയാണ് വന്നിട്ടുള്ളത്. അതുകൊണ്ട് അനേകനാളുകളായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഈയൊരു വിഷയം അടിയന്തരമായി പരിഹരിക്കേണ്ടത് ആവശ്യമാണ്. ഇത് പരിഹരിക്കാത്തതുനിമിത്തം നിരവധിയായിട്ടുള്ള പ്രശ്ന ങ്ങൾക്ക് അത് ഇടയാക്കുകയാണ്. അതുകൊണ്ട് റവന്യൂ രേഖകളിൽ നിലമായി കിടക്കുന്ന വസ്തുവിന്റെ തൽസ്ഥിതി മനസ്സിലാക്കി പുരയിടമായി കിടക്കുന്ന വസ്തുക്കളെ റവന്യൂ രേഖകളിൽ പുരയിടമാക്കി മാറ്റിക്കൊടുക്കു ന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂമിയുടെ അടിസ്ഥാനരേഖയിൽ മാറ്റം വരുത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുവദിക്കുന്നില്ല. വളരെ വർഷങ്ങൾക്കു മുൻപുതന്നെ നികത്തപ്പെട്ടതും നെൽകൃഷിക്ക് ഉപയുക്തമല്ലാത്തതും പുരയിടമായിക്കിടക്കുന്നതുമായ ഭൂമികൾ പോലും ബേസിക് ടാക്സ് രജിസ്റ്ററിൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ലെ പ്രസ്തുത നിയമത്തിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം സമർപ്പിക്കുവാൻ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി 04-02-2013-ൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 03-10-2013-ലെ ഉത്തരവു പ്രകാരം കൃഷി വകുപ്പുമന്ത്രി കൺവീനറായും റവന്യൂ, വ്യവസായം, ധനകാര്യം, ഊർജ്ജം എന്നീ വകുപ്പുമന്ത്രിമാർ അംഗങ്ങളുമായി നിയമത്തിന് ഇളവു വരുത്തേണ്ടതിനെ സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതിയേയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാകുന്നതിനുവേണ്ടി...... കേരളത്തിലുടനീളം വ്യാപകമായ പരാതികൾ ഇതിനെ സംബന്ധിച്ച് ഇന്ന് നിലനിൽക്കുന്നുണ്ട്. വർഷങ്ങളായി വീടുവച്ച് താമസിക്കുന്നവരുടെപോലും ഭൂമി ബി.ടി.ആർ പരിശോധിച്ചാൽ അതിനെ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് സാങ്കേതികമായി പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട് എന്നുള്ളത് വളരെ വ്യക്തമാണ്. അത് പരിഹരിക്കാൻ ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടയം നൽകൽ

പ്രൊഫ. സി രവീന്ദ്രനാഥ്: സർ, തൃശ്ശൂർ ജില്ലയിലെ വിവിധ തരത്തിലുള്ള പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകണം എന്നുള്ളതാണ് എന്റെ സബ്മിഷന്റെ ആവശ്യം. പ്രത്യേകിച്ച് എന്റെ മണ്ഡലത്തിലെ വളരെ പിന്നോക്ക പ്രദേശമായ എച്ചിപ്പാറ, ചൊക്കന, നായാട്ടുകുണ്ട് എന്നീ പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷനൊക്കെ നേരത്തെ തന്നെ കഴിഞ്ഞിട്ടുള്ളതാണ്. ഇവർക്ക് ഉടൻതന്നെ പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയമസഭാ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മുകുന്ദപുരം താലൂക്ക് പരിധിയിൽ വരുന്ന വരന്തരപ്പിള്ളി വില്ലേജ് പരിധിയിലുള്ള എച്ചിപ്പാറ പ്രദേശനിവാസികളടക്കമുള്ള 157 കുടുംബങ്ങളുടെ കൈവശമുള്ള വനഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടി വില്ലേജുകളുൾപ്പെടുന്ന മൊത്തം 311 പേരുടെയും വെള്ളിക്കുളങ്ങര വില്ലേജിന്റെ പരിധിയിൽവരുന്ന ചൊക്കന, നായാട്ടുകുണ്ട് പ്രദേശത്തുള്ള പട്ടികജാതി പട്ടികവർഗ്ഗ നിവാസികൾ അടക്കമുള്ള കുടുംബങ്ങളുടെ കൈവശമുള്ള വനഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മേപ്പടി വില്ലേജിൽ ഉൾപ്പെടുന്ന മൊത്തം 215 പേരുടെയും വിവരങ്ങളടങ്ങുന്ന റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞ് ലിസ്റ്റ് തയ്യാറാ

ക്കിയിട്ടുണ്ട്. ആയത് ചാലക്കുടി ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് കേന്ദ്ര അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾക്കായി കൈമാറിയിരിക്കുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**റീ സർവ്വേ നടപടികളിലെ അപാകതകൾ**

ശ്രീ. വർക്കല കഹാർ: സർ, വിവിധ താലൂക്കുകളിൽ റീ സർവ്വേ നടപടികൾ പൂർത്തിയാക്കി സർവ്വേ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള റവന്യൂ റിക്കോർഡുകളിൽ ധാരാളം പിശകുകളും അപാകതകളും കടന്നു കൂടിയിട്ടുണ്ട്. ഇവ പരിഹരിക്കാൻ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർമാർക്ക് അധികാരം നൽകിയിട്ടുണ്ടെങ്കിലും മിക്ക താലൂക്കുകളിലും ആവശ്യത്തിന് സർവ്വേ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടില്ല. നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരു താലൂക്കിൽ രണ്ട് താലൂക്ക് സർവ്വേയർമാരെയെങ്കിലും നിയമിക്കേണ്ടതുണ്ട്. എന്നാൽ പുതുതായി രൂപീകരിച്ചിട്ടുള്ള താലൂക്കുകളിൽ ഒരുതാലൂക്ക് സർവ്വേയറുടെ തസ്തികപോലും സൃഷ്ടിച്ചിട്ടില്ല. 1974-ൽ ആരംഭിച്ച് 40 വർഷം കഴിഞ്ഞിട്ടും റീ സർവ്വേയുടെ പ്രവർത്തനങ്ങൾ എവിടെയുമെത്തിയിട്ടില്ലെന്നുള്ളത് വളരെ സങ്കടകരമാണ്. ജനങ്ങൾക്ക് വലിയ പരാതിയാണ് ഇക്കാര്യത്തിലുള്ളത്. ഓരോ പ്രദേശത്തു ചെല്ലുമ്പോഴും ഇതൊരു വലിയ കുടുംബ പ്രശ്നമായി മാറിയിട്ടുണ്ട്. ആളുകൾക്ക് പ്രമാണങ്ങളെഴുതാൻ കഴിയുന്നില്ല, അത് കാരണം വിവാഹങ്ങൾ പലതും നടക്കുന്നില്ല. അത്തരത്തിലുള്ള പ്രശ്നങ്ങളാണ് ഇത് സൃഷ്ടിക്കുന്നത്. നമ്മുടെ ശ്രീ. കോവൂർ കുഞ്ഞുമോന്റെ കാര്യവും നടക്കണം. മറ്റു

സംസ്ഥാനങ്ങളിൽ റീ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയായി എന്നാണ് മന സ്സിലാക്കാൻ സാധിക്കുന്നത്. ഈ ഗവൺമെന്റിന് ജനങ്ങളോട് ഒരുത്തരവാദി ത്വമില്ലേ; ജനങ്ങളോട് ബാധ്യതയില്ലേ? ഔട്ട്സോഴ്സിംഗ് എങ്കിലും നടത്തി ഈ റീ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള യുദ്ധകാല നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ? അതുപോലെ ത്തന്നെ പുതുതായി അനുവദിച്ചിട്ടുള്ള താലൂക്കുകളിൽ ഇതിന്റെ തസ്തിക പോലും സൃഷ്ടിക്കാതിരുന്നത് വളരെ ഖേദകരമായിപ്പോയി. കാരണം പഴയ താലൂക്കുകളിൽ നിന്നും ഫയലുകളും ജനങ്ങളുമാകെ അവിടെയെത്തു മ്പോൾ ഇങ്ങനെയൊരു പോസ്റ്റുപോലുമില്ല എന്നുള്ള സ്ഥിതിയാണുള്ളത്. അടിയന്തര പ്രാധാന്യമുള്ള ഒരു പ്രശ്നമെന്ന നിലയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയും ഇക്കാര്യം ശ്രദ്ധിക്കണമെന്നും നടപടി സ്വീകരിക്ക ണമെന്നും ഞാനഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, റീസർവ്വേ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയി ട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിന്മേലും മേൽ നടപടികൾ സ്വീകരിക്കേണ്ട ചുമതലയും ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർക്ക് **31-05-2013**-ൽ നൽകി ഉത്തരവായി. ഇതിന്റെ അടിസ്ഥാന ത്തിൽ സർവ്വേ വകുപ്പിൽ 2010 മെയ് മാസം വരെ തീർപ്പാക്കാൻ ശേഷിച്ചി രുന്ന **91,533** പരാതികൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിലേയ്ക്ക് കൈമാ റിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 250-ൽ താഴെ

അപേക്ഷകൾ ശേഷിക്കുന്ന താലൂക്കുകളിൽ രണ്ട് സർവ്വേയർമാരും ഒരു ഡ്രാഫ്റ്റ്സ്മാൻ വീതവും, 500 വരെ അപേക്ഷകൾ ശേഷിക്കുന്ന താലൂക്കുകളിൽ നാല് സർവ്വേയർമാരും രണ്ട് ഡ്രാഫ്റ്റ്സ്മാൻമാർ വീതവും, 1000 വരെ അപേക്ഷകൾ ശേഷിക്കുന്ന താലൂക്കുകളിൽ ആറ് സർവ്വേയർമാരും മൂന്ന് ഡ്രാഫ്റ്റ്സ്മാൻമാർ വീതവും, 2000 വരെ അപേക്ഷകൾ ശേഷിക്കുന്ന താലൂക്കുകളിൽ എട്ട് സർവ്വേയർമാരും നാല് ഡ്രാഫ്റ്റ്സ്മാൻമാർ വീതവും, 3000 വരെ അപേക്ഷകൾ ശേഷിക്കുന്ന താലൂക്കുകളിൽ 10 സർവ്വേയർമാരും 5 ഡ്രാഫ്റ്റ്സ്മാൻമാർ വീതവും, മൂവായിരത്തിലധികം അപേക്ഷകൾ ശേഷിക്കുന്ന താലൂക്കുകളിൽ 14 സർവ്വേയർമാരും 5 ഡ്രാഫ്റ്റ്സ്മാൻമാർ വീതവും ജീവനക്കാരെ നിയോഗിച്ചു. നിലവിൽ 1,07,724 അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. അഡീഷണൽ തഹസിൽദാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അപേക്ഷകളുടെ എണ്ണത്തിനനുസരിച്ച് ഒരോ താലൂക്കുകളിലും ജീവനക്കാരെ നിയോഗിക്കുന്നുണ്ട്. ഇതനുസരിച്ച് ഓരോ താലൂക്കിലെയും പരാതികൾ പരിഹരിച്ചു വരുന്നു. എന്നാൽ റീ സർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ പുതിയതായി ധാരാളം പരാതികൾ ലഭിക്കുന്നതിനാൽ പരാതി പൂർണ്ണമായും തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്. ബഹുമാനപ്പെട്ട വർക്കല കഹാർ ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി സൂചിപ്പിച്ചു. റീ സർവ്വേ പ്രവർത്തനം കേരളത്തിൽ ആരംഭം കുറിച്ചിട്ട് വളരെ പഴക്കമുണ്ട്. 1974 മുതൽ റീ സർവ്വേ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പകുതി വില്ലേജുകളുടെ പോലും നമുക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഒരു മാസക്കാലത്തിനു മുമ്പ് സബ്ജക്റ്റ് കമ്മിറ്റിയുടെ ഒരു യാത്രയുണ്ടായിരുന്നു. റീ

സർവ്വേ നടപ്പാക്കിയതിനെകുറിച്ച് പഠിക്കുന്നതിനുവേണ്ടി ഞങ്ങൾ നാല് സംസ്ഥാനങ്ങളിൽ പോയി, എം.എൽ.എ–മാരും ഉണ്ടായിരുന്നു. അവിടെ യൊക്കെ കണ്ട ഒരു കാഴ്ച, ഓരോ സംസ്ഥാനത്തും വളരെ വേഗത്തിൽ ഇത് ഔട്ട് സോഴ്സ് ചെയ്ത് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുക യാണ്. ഇവിടെയുള്ളൊരു പ്രശ്നം, ഇതിനെ ഔട്ട് സോഴ്സ് ചെയ്യുന്നതി നെക്കുറിച്ച് ആലോചിക്കുമ്പോൾ ജീവനക്കാർക്ക് അവരുടെ തൊഴിൽ നഷ്ട പ്പെടുമോ എന്നുള്ള ആശങ്കയുണ്ട്. ഒരു ജീവനക്കാരനുപോലും തൊഴിൽ നഷ്ടപ്പെടാതെ അവരെ നിലനിർത്തിക്കൊണ്ട് ഔട്ട്സോഴ്സിംഗ് നടത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കാര്യമായി ആലോചിക്കുകയാണ്. ആ തീരുമാനങ്ങൾ എടുക്കുന്നതിന് എല്ലാവരുമായി അഭിപ്രായ സമന്വയത്തിലെത്തുന്നതിനുവേണ്ടി ആലോചന നടക്കുകയാണ്.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ പറഞ്ഞത്, പുതിയ താലൂക്കുകളിൽ സർവ്വേയർമാരുടെ ഒരു തസ്തികപോലും സൃഷ്ടിച്ചിട്ടില്ല. റീ ഡിപ്ലോയ്മെന്റ് വഴി രണ്ട് പോസ്റ്റെങ്കിലും ഈ പുതിയ താലൂക്കുകളിൽ ഉണ്ടാകുമെന്ന് അങ്ങ് ഉറപ്പ് തരണം.

ശ്രീ. അടൂർ പ്രകാശ്: സർ, പുതിയ 12 താലൂക്കുകളിലും ആവശ്യം വേണ്ട സർവ്വേയർമാരെ നിയോഗിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## കർഷകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തൽ

ശ്രീ. സണ്ണി ജോസഫ്: സർ, പതിറ്റാണ്ടുകളായി കൃഷിഭൂമി വില കൊടുത്തു വാങ്ങി രജിസ്റ്റർ ആധാരം വഴി കൈവശം വയ്ക്കുന്ന ആളുകളുണ്ട്. നികുതി അടച്ച് ഭൂമി അഭിവൃദ്ധിപ്പെടുത്തി, കൃഷിചെയ്ത്, വീടുവച്ച് താമസിക്കുന്ന ഇത്തരം ആളുകൾക്ക് ഭൂപരിഷ്ക്കരണ നിയമത്തിലെ ചില വകുപ്പുകളുടെ സാങ്കേതിക കുരുക്കുകൾ മൂലം അവരുടെ ഭൂമി മിച്ചഭൂമിയാണ് എന്നുള്ള തർക്കങ്ങൾ പല ലാന്റ് ബോർഡ് കേസുകളിലും നിലനിൽക്കുകയാണ്. അതുമായി ബന്ധപ്പെട്ട് കർഷകർ സമരത്തിലാണ്. ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി കെ. പി. മോഹനന്റെ നിയോജകമണ്ഡലത്തിൽ വടക്കേക്കളത്തു തന്നെ ഈ പ്രശ്നം ഉയർത്തിക്കൊണ്ട് പതിറ്റാണ്ടുകളായിട്ട് സർവ്വകക്ഷി നേതൃത്വത്തിൽ സമരം നടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലും കൊട്ടിയൂരിലും അതുപോലെത്തന്നെ അമ്പലക്കണ്ടി, അയ്യംകുന്ന് തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഈ വിഷയമുണ്ട്. വളരെ ഗൗരവമേറിയ വിഷയമാണ്. ഇതിനുവേണ്ടി കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് നിയമഭേദഗതി വരുത്തി, അതിന് ഇൻഡ്യൻ പ്രസിഡന്റിന്റെ പോലും അംഗീകാരം നേടിയിരുന്നു. പിന്നീട് അത് നടപ്പിലാക്കാൻ സാധിച്ചില്ല. അതിനുശേഷം ഈ വിഷയം ഉയർന്നു വരുകയും ഈ സഭയിൽത്തന്നെ ഞാനുന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയെ തുടർന്ന് ഭൂപരിഷ്ക്കരണ നിയമത്തിൽ 7-ാം വകുപ്പിൽ ഭേദഗതിവരുത്തിക്കൊണ്ട് ഇത്തരത്തിൽ വില കൊടുത്ത് കൃഷിഭൂമി വാങ്ങി ആധാരം ചെയ്ത് പട്ടയത്തോടുകൂടി കൈവശം വയ്ക്കുന്ന ആളുകളെ ഡീംഡ് ടെനന്റ്സായി കണക്കിലെടുത്തുകൊണ്ട് അവരുടെ ഉടമസ്ഥാവകാശം അംഗീകരിക്കുന്നതിനുള്ള നിയമഭേദഗതി

സംബന്ധിച്ച് മന്ത്രിസഭ മാസങ്ങൾക്കു മുമ്പ് തീരുമാനമെടുത്തു. പക്ഷേ ദൗർഭാഗ്യവശാൽ ആ നിയമഭേദഗതി സഭയിലവതരിപ്പിക്കുന്നതിനും പാസ്സാക്കിയെടുക്കുന്നതിനും സാധിച്ചിട്ടില്ല. ഈ വീഴ്ച തിരുത്തിക്കൊണ്ട് ഗവൺമെന്റ് അടിയന്തിരമായ നിയമഭേദഗതികൾ ബില്ലിലൂടെയോ അല്ലെങ്കിൽ നിയമസഭ പിരിയുന്ന സാഹചര്യത്തിൽ ഓർഡിനൻസിലൂടെയോ ഈ കർഷകരെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് ഇവിടെ പറഞ്ഞത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ജന്മിമാർക്ക് പ്രതിഫലം നൽകി ആർജ്ജിച്ച കൃഷിഭൂമി പിന്നീട് മിച്ചഭൂമിയായി കണ്ട് ഒഴിപ്പിക്കൽ ഭീഷണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി 4 ഹെക്ടർ വരെയുള്ള ഭൂമിക്ക് ഉടമസ്ഥാവകാശം നൽകുന്നതിന് 2005-ൽ ആദ്യ ഭേദഗതി നിയമം കൊണ്ടുവരികയുണ്ടായി. ഈ നിയമംമൂലം ഇത്തരം കൃഷിക്കാരെ കുടിയാനായി കരുതപ്പെടുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഈ അവകാശം ലഭിക്കണമെങ്കിൽ അപ്രകാരം ആർജ്ജിച്ച ഭൂമി പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്ന് 18/10/2006-ൽ കൈവശമുണ്ടായിരിക്കണം. എന്നാൽ നിയമഭേദഗതിക്ക് ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടായിരുന്നില്ല. കേരളത്തിൽ ഭൂരഹിതരായവർക്ക് പതിച്ചു നൽകാനുള്ള ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ 4 ഹെക്ടർ എന്നുള്ളത് 4 ഏക്കർ എന്നാക്കി നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് 30/4/2013-ലെ മന്ത്രിസഭായോഗം തീരുമാനമെടുത്തിരുന്നു.

അതനുസരിച്ച് ബില്ല് നിയമസഭയിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും ഇതുവരെയും പാസ്സാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സഭാ സമ്മേളനത്തിൽ അത് പാസ്സാക്കിയെടുക്കാൻ കഴിയുമെന്നാണ് കരുതിയിരുന്നത്. പക്ഷേ, നിർഭാഗ്യവശാൽ അതിന് അവസരം കിട്ടിയില്ല. എന്തായാലും അവിടെയുള്ള കർഷകരെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇതിന് മറ്റ് നടപടികൾ... ബില്ല് പാസ്സാക്കിയെടുക്കുക എന്നു പറയുന്ന കാര്യം മാത്രമാണ് ചെയ്യുവാൻ കഴിയുന്നത്. ശ്രീ. സണ്ണി ജോസഫ് ഇവിടെ ആവശ്യപ്പെട്ടതുപോലെ മറ്റു നടപടികളിലേയ്ക്ക് പോകാൻ സാങ്കേതികമായ ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. എന്തായാലും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണ്.

**ആലപ്പുഴ ടി. ഡി. മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ**

ശ്രീ. ജി. സുധാകരൻ: സർ, 2006–2010 കാലത്ത് ആലപ്പുഴയിലുണ്ടായിരുന്ന ആലപ്പുഴ ഗവൺമെന്റ് ടി. ഡി. മെഡിക്കൽ കോളേജ് വണ്ടാനത്തുള്ള 60 ഏക്കർ സ്ഥലത്തേയ്ക്ക് മാറ്റിയതിനുശേഷം ധാരാളം വികസന പ്രവർത്തനങ്ങൾ അവിടെ നടന്നുവരികയാണ്. ഇപ്പോഴും നടക്കുകയാണ്. പക്ഷേ, ഈ വികസന പ്രവർത്തനങ്ങൾ പലതും നടന്നുകഴിഞ്ഞാൽ പെട്ടെന്നുതന്നെ അത് കേടായി പോകുന്ന സ്ഥിതി അവിടെ പരക്കെ കാണുകയാണ്. അതിനെക്കുറിച്ച് ഒരു പരിശോധന ആവശ്യമാണ്. അതുപോലെത്തന്നെ അഞ്ചു മണി കഴിഞ്ഞാൽ ഉത്തരവാദിത്തപ്പെട്ട ഒരു പ്രൊഫസറും ആ മെഡിക്കൽ

കോളേജിൽ ഉണ്ടാകാറില്ല. എനിക്ക് നേരിട്ടുള്ള അനുഭവമാണ്. എത്രയോ വർഷമായി ചർച്ച ചെയ്തിട്ടും പരിഹാരമുണ്ടാകുന്നില്ല, ആ ജോലി അവർ ചെയ്യുന്നില്ല. കടുത്ത അനാസ്ഥ കാരണം ഇരുപതിൽപ്പരം മരണങ്ങൾ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ അവിടെയുണ്ടായിട്ടുണ്ട്. അതായത് culpable homicide amounting to murder ആണ്. അതേപറ്റി ഡോക്ടർമാർ അന്വേ ഷിച്ചിട്ട് ഒന്നുമില്ല എന്നു പറഞ്ഞു. ശരിയായ ചികിത്സ കിട്ടാതെ പ്രായമായ വർ, കുറേക്കാലം കൂടി ജീവിച്ചിരിക്കേണ്ടവർ ജീവിച്ചിരിക്കുന്നില്ല. ഇങ്ങനെ യുള്ള ഒരുപാട് കുഴപ്പങ്ങൾ അവിടെ തുടർന്നുവരുന്നു. നല്ല വികസനം കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ട്. അതിൽ അഭിപായ വ്യത്യാസമില്ല. നിർമ്മാണപ്രവർത്തനങ്ങൾ പെട്ടെന്ന് പൊട്ടിത്തകർന്നതിനെയും അലങ്കോല പ്പെട്ടതിനെയുംപറ്റിയും ഡോക്ടർമാർ 5 മണിക്ക് ശേഷം ഉത്തരവാദിത്തം നിർവ്വഹിക്കാത്തതിനെപ്പറ്റിയും കുറ്റകരമായ അനാസ്ഥ കാരണം ആളുകൾ മരണപ്പെട്ടതിനെപ്പറ്റിയും 2010, 2011, 2012, 2013 കാലത്തെ കാര്യങ്ങളിൽ അങ്ങ് ഉചിതമായ അന്വേഷണം നടത്തണമെന്ന് ഞാൻ വീണ്ടും ആവശ്യപ്പെ ടുകയാണ്, അങ്ങനെ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിന് പരി ഹാരമുണ്ടാക്കണം. അത് ആവർത്തിക്കാൻ പാടില്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആലപ്പുഴ ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളേജിൽ നിലവിൽ താൽക്കാലിക ഡോക്ടർമാർ ഉൾപ്പെടെ 280

ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. വിവിധ വിഭാഗങ്ങളിലായി 69 ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്. എന്നാൽ 34 താൽക്കാലിക ഡോക്ടർമാർ പ്രവർത്തിച്ചുവരുന്നതിനാൽ പ്രസ്തുത മെഡിക്കൽ കോളേജിലെ പഠനാവശ്യത്തിനും അനുബന്ധ ആശുപത്രികളുടെ പ്രവർത്തന ത്തിനും ആവശ്യമായ ഡോക്ടർമാർ നിലവിലുണ്ട്. ഒഴിവുള്ള തസ്തികകൾ നികത്തുന്നതിലേയ്ക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻട്രി കേഡർ തസ്തികകളിലെ ഒഴിവുകളെല്ലാംതന്നെ ഇതിനോടകം പി.എസ്.സി. –ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും റൊട്ടേഷൻ പ്രകാരം വേണ്ട വിഭാഗത്തിലുള്ളവർ ഇല്ലാതിരിക്കുകയോ റാങ്ക് ലിസ്റ്റുകൾ തന്നെ നിലവില്ലാതിരിക്കുകയോ ചെയ്യുന്ന തസ്തികകളിലാണ് അഡ്വൈസ് ലഭിക്കാൻ കാലതാമസം നേരിടുന്നത്. റൊട്ടേഷൻ പ്രകാരമുള്ള വിഭാഗക്കാർ ലഭ്യമല്ലാത്ത തസ്തികകളിലേയ്ക്ക് ഉടൻതന്നെ വിജ്ഞാപനം പുറപ്പെടുവിക്കുമെന്നാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുള്ളത്. ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിന്റെ വികസനത്തിനായി ഈ ഗവൺമെന്റ് നാളിതുവരെ 116,05,66,762 രൂപ അനുവദിച്ചിട്ടുണ്ട്. അതു പോലെ അവിടെ പേവാർഡ് സൗകര്യമില്ല എന്ന് അദ്ദേഹത്തിന്റെ സബ്മിഷനിൽ ചൂണ്ടിക്കാണിച്ചിരുന്നു. മെഡിക്കൽ കോളേജിൽ പേവാർഡ് സൗകര്യമില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പണി പൂർത്തിയായ പുതിയ ബ്ലോക്കുകളിലേക്ക് സർജറി, മെഡിസിൻ തുടങ്ങിയ അനുബന്ധ സ്പെഷ്യാലിറ്റികൾ മാറുന്ന മുറയ്ക്ക് പേവാർഡ് സൗകര്യം ലഭ്യമാക്കുന്നതാ ണ്. ഇതുകൂടാതെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്–ന്റെ നിയന്ത്രണത്തിൽ നൂറ് റൂമുകളുള്ള പേവാർഡ് ബ്ലോക്ക് നിർമ്മിക്കാൻ ജനറൽ ബോഡി തീരുമാനമെ

ടുത്തിട്ടുണ്ട്. മാസ്റ്റർപ്ലാനിൽ മൂന്ന് ബ്ലോക്ക് പേവാർഡ് നിർമ്മിക്കുന്നതിനു വേണ്ടി സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ആ സ്ഥലത്താണ് നൂറ് റൂമുകളുള്ള പേവാർഡ് ബ്ലോക്ക് നിർമ്മിക്കുന്നത്. പ്രസ്തുത ആശുപത്രിയോടനുബന്ധിച്ച് ട്രോമാകെയർ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ബ്ലോക്കിന്റെ താഴത്തെനില കാഷ്വാലിറ്റി സേവനങ്ങൾക്കുവേണ്ടി മാറ്റിവക്കുന്നതിനും അതിന്റെ ഭാഗമായി ലാബ് സേവനങ്ങൾ സി.റ്റി., എം.ആർ.ഐ സ്കാനുകൾ, എക്സ്റേ എന്നിവ ഒരുക്കുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി ഇതിനോടകംതന്നെ ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാകും. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തിയ രോഗികളെ സംബന്ധിച്ചിടത്തോളം.... 2013-ൽ അവിടെ മരണപ്പെട്ടവരുടെ സംഖ്യ എന്നുപറയുന്നത് 4.6 ശതമാനമാണ്. മരണമടഞ്ഞ രോഗികളിൽ ഭൂരിഭാഗവും അത്യാസന്നനിലയിൽ മറ്റ് ആശുപത്രിയിൽ നിന്നും റഫർ ചെയ്തുവന്നവരും പ്രായക്കൂടുതൽ ഉള്ളവരുമാണ്. അതിനാൽ ആശുപത്രിയുടെ മരണനിരക്കുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട വിശദാംശങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണ് എന്നതാണ് അവിടെ നിന്നും ലഭ്യമായ റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത്. മറ്റു കാര്യങ്ങൾ സൂചിപ്പിച്ചതിൽ അതിനകത്ത് കുറ്റകരമായ അനാസ്ഥയും മറ്റു കാര്യങ്ങളുമുണ്ടെങ്കിൽ അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയായ പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ ആലപ്പുഴ ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളേജിന്റെ 150 കോടി രൂപയുടെ പദ്ധതി

അംഗീകരിച്ചിട്ടുണ്ട്. അതിൽ 120 കോടി രൂപ കേന്ദ്ര വിഹിതവും 30 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, എക്സാമിനേഷൻ ഹാൾ, സെൻട്രൽ ലൈബ്രറി, ലക്ചർ ഹാൾ, ചികിത്സാസംബന്ധമായ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ സൂപ്പർ സ്പെഷ്യാലിറ്റി അടക്കമുള്ള എല്ലാവിധ ആധുനിക ചികിത്സാസൗകര്യങ്ങളും ആലപ്പുഴ ഗവൺമെന്റ് ടി.ഡി. മെഡിക്കൽകോളേജിൽ ലഭ്യമാകുന്നതാണ്.

## ക്യാൻസർ ചികിത്സയ്ക്ക് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

ശ്രീ. പി. റ്റി. എ. റഹീം: സർ, മാവൂരിനടുത്ത് തെങ്ങിലക്കടവ് എന്നു പറയുന്ന സ്ഥലത്ത് 6.3412 ഏക്കർ സ്ഥലവും അതിലെ മൂന്നുനിലക്കെട്ടിടവും ക്യാൻസർ ചികിത്സ ആരംഭിക്കുന്നതിനുവേണ്ടി സൗജന്യമായി സർക്കാരിന് വിട്ടുനൽകിയിരുന്നു. ആ സ്ഥലം 30 വർഷത്തേയ്ക്ക് തലശ്ശേരി ക്യാൻസർ സെന്ററിന് കൈമാറിയതല്ലാതെ ഒരു നടപടിയും എടുത്തിട്ടില്ല. ഈ വിഷയം അടിയന്തിരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലയിലെ പതിമൂന്ന് എം.എൽ.എ.മാർ ഒപ്പിട്ട നിവേദനം നൽകിയിരുന്നു. ഇന്നുവരെ അതിലൊരു നടപടിയും ഉണ്ടായിട്ടില്ല. തലശ്ശേരി ക്യാൻസർ സെന്ററിന് കൊടുത്തിട്ടുള്ള ലീസ് റദ്ദ് ചെയ്ത് ഈ കെട്ടിടവും സ്ഥലവും കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിച്ചാൽ അത് ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പ്രാവർത്തികമാക്കിയെടുക്കാൻ സാധിക്കും. ഈ

കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 27/9/2012-ലെ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ തെങ്ങിലക്കടവിൽ സൗജന്യമായി ലഭിച്ച ആറര യേക്കർ സ്ഥലവും കെട്ടിടവും മലബാർ കാൻസർ സെന്ററിന് 30 വർഷത്തേയ്ക്ക് പാട്ടത്തിനു നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇവിടെ സബ്സെന്റർ സ്ഥാപിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുകളു ണ്ടെന്നാണ് മലബാർ ക്യാൻസർ സെന്റർ അറിയിച്ചിട്ടുള്ളത്. മേൽ സാഹചര്യ ത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിന്റെ ഒരു സെന്റർ ഇവിടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. അക്കാര്യ ത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വരുടെ ഒരു യോഗം ചേർന്ന് താമസിയാതെ തുടർനടപടികൾ കൈക്കൊള്ളു ന്നതാണ്.

## കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി നഴ്സിംഗ് കോളേജ്

ഡോ. എൻ. ജയരാജ് : സർ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി ഏക ദേശം 800-നും 1000-ത്തിനും ഇടയ്ക്ക് ഒ.പി. യുള്ള ഒരു ഹോസ്പ്പിറ്റലാണ്. 14 ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഏഴര ഏക്കർ സ്ഥലത്താണ് ഈ ആശുപത്രി സ്ഥിതിചെയ്യുന്നത്. കോട്ടയം ജില്ലയുടെ കിഴക്കൻ മേഖലയിൽനിന്നും ഇടുക്കി ജില്ലയിൽ നിന്നും സാധാരണക്കാരായ ആളുകൾ

എത്തിച്ചേരുന്ന പ്രധാനപ്പെട്ട ഒരു ഹോസ്പ്പിറ്റലാണ് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി. ഈ ആശുപത്രിയോട് ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്ന താല്പര്യം ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. വളരെ താല്പര്യ പൂർവ്വം കഴിഞ്ഞദിവസം ഒരു ജനറൽ മെഡിസിനിൽ കൺസൾട്ടനിനെയും അനസ്തെറ്റിസ്റ്റിനെയും പുതിയതായി പോസ്റ്റ് ചെയ്തിട്ടുണ്ട്. എന്റെ ആവ ശ്യം 2013–2014–ലെ ബഡ്ജറ്റിൽ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഒരു സർക്കാർ നഴ്സിംഗ് കോളേജ് ആരംഭിക്കുമെന്ന് നിർദ്ദേശമുണ്ടായിരുന്നു. ഈ നഴ്സിംഗ് കോളേജ് ആശുപത്രിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാ നപ്പെട്ട ഒരു കാര്യമാണ്. 2014–ൽ തന്നെ അവിടെ നഴ്സിംഗ് കോളേജ് ആരംഭിക്കാൻ വേണ്ടി ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള താണ് എന്റെ സബ്മിഷൻ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കാഞ്ഞിരപ്പള്ളി ആശുപത്രി ജനറൽ ഹോസ്പ്പിറ്റ ലാക്കി മാറ്റി അവിടെ ആവശ്യമുള്ള സ്റ്റാഫിനെയെല്ലാം നിയോഗിച്ചിട്ടുണ്ട്. ഇവിടെ അദ്ദേഹം ഉന്നയിച്ച പ്രധാനപ്പെട്ട കാര്യം അവിടെ ഒരു നഴ്സിംഗ് കോളേജ് ആരംഭിക്കണമെന്നുള്ളതാണ്. ജനറൽ ആശുപത്രിയോട് ചേർന്ന് അദ്ദേഹം ഉന്നയിച്ചിട്ടുള്ള ആവശ്യം സർക്കാർ പരിശോധിക്കുകയും ഡി.എം. ഇ.യുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ആയതിനാൽ നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിന് ഡി.എം.ഇ. ക്ക് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ഒരു ബി.എസ്.സി. നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള

സൗകര്യങ്ങൾ നിലവിൽ കാഞ്ഞിപ്പള്ളി താലൂക്കാശുപത്രിയിൽ ഇല്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു. മാത്രമല്ല ഗവൺമെന്റ് നഴ്സിംഗ് കോളേജുകൾ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ടുമാത്രമാണ് സ്ഥാപിക്കുന്നത്. ഈ സാഹചര്യത്തിൽ നഴ്സിംഗ് വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള സ്വാശ്രയ സ്ഥാപനമാണ് സി–മെറ്റ്. ഇതിന്റെ കീഴിൽ ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേയ്സിക് നഴ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്ന ആറു കോളേജുകൾ സംസ്ഥാനത്തുണ്ട്. കാഞ്ഞിരപ്പള്ളിയിൽ സി–മെറ്റിന്റെ കീഴിൽ ഒരു നഴ്സിംഗ് കോളേജ് ആരംഭി ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**<u>ഓപ്പറേഷൻ തിയേറ്ററുകൾ പ്രവർത്തനസജ്ജമാക്കൽ</u>**

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, വളരെ അടിയന്തരപ്രാധാന്യമുള്ള ഒരു വിഷയമാണ് ഈ സഭയിൽ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കുന്നം കുളം നഗരസഭയ്ക്ക് കീഴിലുള്ള ഗവൺമെന്റ് താലൂക്കാശുപത്രിയിലെ രണ്ട് ഓപ്പറേഷൻ തിയേറ്ററുകളും വൈദ്യുതി തകരാറുമൂലം റിപ്പയറിംഗിനായി അട ച്ചുപൂട്ടി മാസങ്ങൾ കഴിഞ്ഞു. ഇതുവരെ റിപ്പയർ നടത്തി തുറക്കാൻ നഗരസ ഭയ്ക്കോ ആരോഗ്യവകുപ്പിനോ കഴിഞ്ഞിട്ടില്ല. ദിനംപ്രതി 700–800 രോഗികൾ ഒ.പി.–യിലും 70 –100 ഐ.പി.–യിലും സർജറി സൗകര്യം ഇല്ലാതെ തന്നെ ഇപ്പോൾ ഈ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയിട്ടുണ്ട്. ഇത്രയധികം പാവപ്പെട്ട രോഗികൾ തേടിയെത്തുന്ന ആശുപത്രിയിലെ ഓപ്പറേഷൻ തിയേ റ്റർ റിപ്പയർ ചെയ്യാതെ കിടക്കുന്നത് രോഗികളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നു ണ്ട്. പ്രസവ സംബന്ധമായ വിഭാഗത്തിലാണ് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച്

ഏറ്റവും കൂടുതൽ സർജറി ആവശ്യമായി വരുന്നത്. ഇവരെല്ലാവരും വലിയ തുക ചെലവഴിച്ച് സ്വകാര്യ ആശുപത്രികളെ സമീപിക്കണമെന്ന അവസ്ഥ തികച്ചും പ്രതിഷേധാർഹമാണ്. വൈദ്യുതി തകരാർമൂലം എ.സി. പൊട്ടിത്തെറിച്ച് കഴിഞ്ഞ മെയ് മാസത്തിലാണ് ഫാമിലി ആന്റ് വെൽഫയർ ഓപ്പറേഷൻ തിയേറ്റർ അടച്ചത്. തുടർന്ന് പുതിയ ഓപ്പറേഷൻ തിയേറ്ററിൽ എല്ലാവിധ ശസ്ത്രക്രിയകളും നടത്തിവരുമ്പോഴാണ് തിമിര ശസ്ത്രക്രിയ നടത്തിയ അഞ്ചുപേരുടെ കാഴ്ച അണുബാധമൂലം നഷ്ടപ്പെടാനും നിരവധി പേർക്ക് കണ്ണിൽ അസ്വസ്ഥത ഉണ്ടാകുവാനും ഇടയായത്. അതുകൊണ്ട് ആ ഓപ്പറേഷൻ തിയേറ്ററും അടച്ചുപൂട്ടി. ഇവ രണ്ടും റിപ്പയർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് രോഗികൾക്ക് സർജറി സൗകര്യം കഴിവതും വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കുന്നംകുളം താലൂക്കാശുപത്രിയിൽ കണ്ണിന്റെ ഓപ്പറേഷനുവേണ്ടി ഒരു തിയേറ്ററും ആരോഗ്യകുടുംബക്ഷേമ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് എല്ലാ ഓപ്പറേഷനുകൾക്കുമായി മറ്റൊരു തിയേറ്ററും ഉൾപ്പെടെ രണ്ടു തിയേറ്ററുകളാണ് ഉണ്ടായിരുന്നത്. ഷോർട്ട് സർക്ക്യൂട്ട് നിമിത്തം ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തിയേറ്ററിലെ എ. സി. 17–5–2013–ന് വൈകുന്നേരം ആറര മണിയോടുകൂടി കത്തിനശിക്കുകയുണ്ടായി. മേൽപ്പടി ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനയോഗ്യമല്ലാതായതിനെത്തുടർന്ന് എല്ലാ ഓപ്പറേഷനുകളും കണ്ണിന് മാത്രമായിട്ടുള്ള ഓപ്പറേഷൻ തിയേറ്ററിൽവച്ച് നടത്തുകയുണ്ടായി. കണ്ണിന്റെ ഓപ്പറേഷൻ നടത്തിയ

രോഗിക്ക് കാഴ്ച നഷ്ടപ്പെടുകയുണ്ടായതിനെത്തുടർന്ന് മേൽപ്പറഞ്ഞ തിയേറ്ററും അടച്ചു. കുന്നംകുളം മുൻസിപ്പാലിറ്റിയിൽ നിന്നും അനുവദിച്ച ആറു ലക്ഷം രൂപയും എച്ച്.എം.സി.-യിൽ നിന്നുള്ള ഒരു ലക്ഷം രൂപയും ഉപയോഗിച്ച് ആരോഗ്യ കുടുംബക്ഷേമ ഓപ്പറേഷൻ തിയേറ്ററിന്റെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. മുകളിൽപ്പറഞ്ഞ ഓപ്പറേഷൻ തിയേറ്റർ 2014 മാർച്ച് മാസംമുതൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അണുബാധയെ തുടർന്ന് അടച്ചിട്ട കണ്ണിന്റെ ഓപ്പറേഷൻ തിയേറ്ററിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനും അനുബന്ധ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആശുപത്രി മാനേജുമെന്റ് കമ്മിറ്റിയിൽ നിന്നും 2.7 ലക്ഷം രൂപ (19-11-2013)-ന് പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗം തൃശ്ശൂർ ഡിവിഷന്റെ പേർക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2014 ജനുവരി 15-ന് ഇതിന്റെ ടെന്റർ ക്ഷണിച്ചിരുന്നെങ്കിലും ടെന്റർ കൊള്ളാൻ ആരും എത്താത്തതിനെത്തുടർന്ന് നടപടികൾ 2014 ഫെബ്രുവരി മാസം 24-ാം തീയതിയിലേക്ക് മാറ്റിയിരിക്കുകയാണ്. മേൽപ്പറഞ്ഞ ഓപ്പറേഷൻ തിയേറ്റർ ആധുനിക രീതിയിൽ നവീകരിക്കുന്നതിനുവേണ്ടി 9-2-2014-ന് ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ അധികൃതർ ഓപ്പറേഷൻ തിയേറ്റർ സന്ദർശിക്കുകയും തുടർനടപടികളുമായി മുന്നോട്ടു പോകുകയുമാണ്.

## ഗുരുവായൂരിൽ ഉപേക്ഷിക്കപ്പെട്ട അമ്മമാരെ സംരക്ഷിക്കുന്നതിന് അഭയകേന്ദ്രം ആരംഭിക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഒരു സാമൂഹ്യ പ്രശ്നമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഉപേക്ഷിക്കപ്പെടുന്ന അമ്മമാർ

നാടിന്റെ ആകെ ദു:ഖമാണ്. ജീവിതത്തിന്റെ വസന്തകാലം മുഴുവൻ മക്കൾക്ക് സമർപ്പിച്ച അമ്മമാരോടുള്ള കടപ്പാട് ഒരു ജീവിതംകൊണ്ട് തീർക്കാവുന്നതല്ല. വ്യാപകമാണെന്ന് പറയുന്നില്ലെങ്കിലും ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകുന്നു എന്നത് സങ്കടകരമാണ്. ഗുരുവായൂരിൽ ഇത്തരം ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ശ്രീ. റഫീക്ക് അഹമ്മദ് എഴുതിയ ഒരു കവിതയുടെ ഏതാനും വരികൾ ഇവിടെ ഉദ്ധരിക്കുകയാണ്.

അമ്മയെ തെരുവിൽ ഉപേക്ഷിക്കാൻ കാറിൽ കൊണ്ടുപോകുന്ന മകനും അമ്മയും ഹൃദയസ്പർശിയായ ഒരു കവിതയാണ്.

എങ്ങോട്ട് പോകുന്നുവെന്ന് ചോദിച്ചില്ല
എന്തിനെന്നും പക്ഷേ, കണ്ണുകൾ കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായി
പാടയും പീളയുംമൂടിയ കണ്ണുകൾ
ഏറെ പണിപ്പെട്ട് അടച്ചുതുറന്നവർ
ജില്ലാശുപത്രിക്കരികിൽ ഒരേയൊരു
രാക്കടമാത്രം ഉറക്കച്ചടവുമായി
രണ്ടുമൂന്നാളുകൾ ഉണ്ടെങ്കിലും
പിന്നിലുണ്ട് ഒഴിവുകാത്തൊരുരിളിടം
പക്ഷേ പടികളിൽ എന്തോ തടഞ്ഞുപോയി
പണ്ട് പനിച്ചതും അമ്മയെടുത്തുകൊണ്ട
പ്പടി ഓരോന്ന് കേറികിതച്ചതും അന്നത്തെ
സൂചി പ്രയോഗത്തിൻ നീറ്റൽപോലൊന്ന്
മനസ്സിലൂടപ്പോൾ കടന്നുപോയി.
പിന്നെയും മുന്നോട്ട് വെട്ടമില്ലാളില്ല

കുട്ടിയേകാന്തത കണ്ണുപ്പൊത്തി കളിക്കുന്ന

വിദ്യാലയമുറ്റമുണ്ട് ഒന്നിനും.

പൊട്ടിക്കരഞ്ഞും ശഠിച്ചും കുതറിയും

എത്തിയതും ഉച്ചയാവോളം അമ്മയാ

ചുറ്റുമിരുന്നതും ചങ്കിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ : മൂന്നു മണിയായി, ഇനിയും സബ്മിഷൻ ബാക്കി നിൽക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഇതൊരു ഹൃദയ സ്പർശിയായ ബന്ധം. ഇങ്ങനെ ഉപേക്ഷിക്കപ്പെടുന്നവർ, അതുപോലെ സ്വമേധയാ തീർത്ഥാടനത്തിന്റെ ഭാഗമായി ഗുരുവായൂർ ക്ഷേത്രനടയിൽ എത്തുന്ന അമ്മമാർ, അവരോട് കുറച്ചു കാരുണ്യം കാണിക്കണം. അങ്ങനെയുള്ള അമ്മമാർക്കു വേണ്ടി ഒരു അഭയകേന്ദ്രം ആരംഭിക്കാൻ ദേവസ്വം മുൻകൈ എടുത്ത് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഗുരുവായൂർ ക്ഷേത്ര പരിസരത്ത് കഴിഞ്ഞ കുറെക്കാലമായി നടപ്പുരകളിലും മേൽപ്പത്തൂർ ഓഡിറ്റോറിയത്തിലും വൃദ്ധരായ അഗതികൾ ധാരാളമായി എത്തിച്ചേരുകയും അവിടെത്തന്നെ സ്ഥിര താമസമാക്കുകയും ചെയ്യുന്നുണ്ട്. ഇവരിൽ ബന്ധുക്കളുണ്ടെങ്കിലും അവരാൽ ഉപേക്ഷിക്കപ്പെട്ടവരും മറ്റു ചിലർ വീട്ടിൽ നിന്നും സ്വയം പുറത്തുപ്പോന്നവരും ചിലർ മാറ്റാരാലും സംരക്ഷിക്കാൻ ഇല്ലാത്തവരുമാണ്. ഗുരുവായൂർ നഗരസഭയുടെ കീഴിൽ ഗുരുവായൂരിൽ ഒരു അനാഥമന്ദിരം പ്രവർത്തിക്കുന്നുണ്ട്. ക്ഷേത്രപരിസരത്ത് തങ്ങുന്ന ചിലർ ഈ അനാഥമന്ദിരത്തിലെ അന്തേവാസിക

ളാണ്. അനാഥമന്ദിരത്തിലെ മുഴുവൻ അന്തേവാസികളും ഗുരുവായൂർ ക്ഷേത്രത്തിൽ നിന്നും പ്രതിദിനം രണ്ടുനേരം ഭക്ഷണം നൽകിവരുന്നുണ്ട്. ഇത്തരം ആളുകൾക്ക് അസുഖം വരുമ്പോഴെല്ലാം ദേവസ്വം വകുപ്പിന്റെ കീഴിലുള്ള ആശുപത്രിയിൽ നിന്നും ഇൻപേഷ്യന്റ് സൗകര്യം ഉൾപ്പെടെയുള്ള എല്ലാ ചികിത്സകളും സൗജന്യമായി നൽകിവരാറുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെകീഴിൽ അനാഥമന്ദിരം അല്ലെങ്കിൽ വൃദ്ധമന്ദിരം തുടങ്ങിയവ ആരംഭിക്കുന്നതിന് ഗുരുവായൂർ ദേവസ്വം ആക്ട് 1978-ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. എന്നിരുന്നാലും ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് ഗുരുവായൂരിൽ എത്തുന്ന ഭക്തരായ വൃദ്ധജനങ്ങളുടെ സംരക്ഷണമുറപ്പുവരുത്തുന്നതിന് സംസ്ഥാന സാമൂഹ്യക്ഷേമ നീതി വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചർച്ച നടത്തി സാധ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് ഗുരുവായൂർ ദേവസ്വം ബോർഡിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് തന്നെ അതിന് മുൻകൈ എടുക്കുന്നതാണ്.

## വലപ്പാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ

ശ്രീമതി ഗീതാ ഗോപി : സർ, എന്റെ നിയോജക മണ്ഡലത്തിലെ തീരദേശ മേഖലയായ നാട്ടികയിലെ സാധാരണക്കാരായ ജനങ്ങളുടെ വലിയ ഒരു ആശ്രയമാണ് വലപ്പാട് സർക്കാർ സാമൂഹ്യാരോഗ്യകേന്ദ്രം ഇന്നു വലിയ അവഗണനയാണ് ഈ സ്ഥാപനം നേരിടുന്നത്. ഡോക്ടർമാരുടെ എട്ട് തസ്തികകളാണുള്ളത്. പക്ഷേ, ഇവിടെ മൂന്ന് ഡോക്ടർമാർ മാത്രമാണ് സേവനമനുഷ്ഠിക്കുന്നത്. അനുബന്ധ ജീവനക്കാരും വളരെ കുറവാണ്.

എണ്ണക്കുറവുമൂലം ഡോക്ടർമാരുടെ സേവനം ഭാഗീകമായ സമയമാണ് ഇവിടെ ലഭ്യമാകുന്നത്. ഡോക്ടർമാർക്ക് താമസിക്കുവാൻ കഴിയാത്തവിധം ക്വാർട്ടേഴ്സുകൾ ഉപയോഗശൂന്യമായി നിൽക്കുകയാണ്. ഫാർമസി കെട്ടിടം തകർന്ന് വീഴാറായ നിലയിലാണ്. ദിനംപ്രതി മത്സ്യത്തൊഴിലാളികളും പാവപ്പെട്ടവരുമായ 100 കണക്കിന് രോഗികളാണ് ഈ പ്രദേശത്ത് ഈ ഹോസ്പ്പിറ്റലുമായി ബന്ധപ്പെട്ട് ചികിത്സിയ്ക്ക് എത്തിച്ചേരുന്നത്. വലപ്പാട് സാമൂഹ്യാരോഗ്യകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരേയും ജീവനക്കാരേയും ഉടൻ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുംവേണ്ടിയിട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗവൺമെന്റ് ആശുപത്രി സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തിയത് 2009-ലാണ്. ഒരു സിവിൽ സർജന്റെയും രണ്ട് അസിസ്റ്റന്റ് സർജന്മാരുടെയും തസ്തികകളാണ് നിലവിലുള്ളത്. ഈ തസ്തികകളിൽ ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ കരാറടിസ്ഥാനത്തിൽ രണ്ട് ഡോക്ടർമാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ഈ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി. – 330, ഐ.പി. – 40, ബെഡ് സ്ട്രെങ്ത് – 65 എന്നിങ്ങനെയാണ്. നഴ്സിംഗ് വിഭാഗത്തിൽ ഒരു നഴ്സിംഗ് സൂപ്രണ്ടിന്റെയും 3 ഹെഡ് നഴ്സിന്റെയും 9 സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകൾ നിലവിലുണ്ട്. ഇത് ഹെഡ്നഴ്സിന്റെ രണ്ട് തസ്തികകൾ ഒഴിവുണ്ട്. ഇത് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് പുതുക്കിപ്പണിയുന്നതുൾപ്പെടെ ഈ സി.എച്ച്. സി.-യിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസ്തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)